

-ാം പദ്ധതി

ജനകീയ പദ്ധതി

# വികസന റിപ്പോർട്ട്



## കള്ളിക്കാട് ഗ്രാമപഞ്ചായത്ത്



''ഒരു പിടി ആളുകൾക്ക്
അധികാരം കയ്യാളാൻ അവസരം ലഭിക്കുമ്പോഴല്ല,
ആ അധികാരം തെറ്റായി ഉപയോഗിക്കുന്നതിനെ നേരിടാൻ
ജനങ്ങൾ ശക്തി സംഭരിക്കുമ്പോഴാണ്
യഥാർത്ഥ സ്വരാജ്യം കരഗതമാകുന്നത്.''

*–ഗാന്ധിജി*

*A.K. ശശി*
*പ്രസിഡന്റ്,*
*കള്ളിക്കാട് ഗ്രാമ പഞ്ചായത്ത്*

*നമ്മുടെ*
*പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പ് ശാസ്ത്രീയവൽക്കരിച്ച് ഒരു പ്രസ്ഥാനമായി രൂപപ്പെട്ടതാണ് ജനകീയ ആസൂത്രണം.*

*ജനാധിപത്യത്തിന്റെ അർത്ഥവ്യാപ്തി ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ പൂർണ്ണമായും സാക്ഷാത്കരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.*

*നമ്മുടെ ഗ്രാമത്തിലെ വിവിധ മേഖകളിലെ വിദഗ്ദ്ധരും അവിദഗ്ദ്ധരും നിസ്വാർത്ഥമതികളുമായ അനവധിപേരുടെ ആശയങ്ങളുടേയും ഭാവനകളുടേയും സമന്വയമാണ് കള്ളിക്കാട് പഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന ഈ വികസന രേഖ.*

*നമ്മുടെ പഞ്ചായത്തിലെ ഗ്രമസഭകളിൽ ഉയർന്നുകേട്ട ജനകീയ ആവശ്യങ്ങൾ വിവിധ തട്ടുകളിലെ സഹകരണത്താൽ ഇവിടെ സാക്ഷാത്കരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.*

*വിനയത്തോടെ,*

*എ.കെ. ശശി*



# ആമുഖം

ഇന്ത്യാരാജ്യം ഒമ്പതാം പഞ്ചവത്സരപദ്ധതി നടപ്പാക്കുന്നതിന്റെ പണിപ്പുരയിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധികാരകേന്ദ്രങ്ങളിൽ അതിന്റെ ചർച്ചകളും, ആവിഷ്കാരങ്ങളും ധൃതഗതിയിൽ നടക്കുന്നുണ്ട്. ജനപ്രതിനിധികളുടേയും, ഉദ്യോഗവൃന്ദത്തിന്റേയും മേൽത്തട്ട് ഘടകങ്ങൾ മാത്രമേ ഈ പദ്ധതിചർച്ചയിൽ പങ്കുവഹിക്കുന്നുള്ളൂ.

രാഷ്ട്രീയത്തിനും വികസനത്തിനും എന്നും പരീക്ഷണശാലയായി നിലകൊണ്ടിട്ടുള്ള നമ്മുടെ സംസ്ഥാനം ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിനായി ഒരു നൂതനമാർഗ്ഗം കണ്ടെത്തിയിരിക്കുന്നു. ഉദ്യോഗമേഖലകളിലെ വെള്ളാനകൾമാത്രം കയ്യാളിയിരുന്ന നമ്മുടെ സംസ്ഥാന ആസൂത്രണപ്രക്രിയ പൂർണ്ണമായും ജനകീയവൽക്കരിക്കാനുള്ള സംസ്ഥാനസർക്കാരിന്റെ ശ്രമം പ്രശംസനീയമാണ്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തയ്യാറാക്കുന്ന ഈ പഞ്ചവത്സരപദ്ധതി തികഞ്ഞ പരീക്ഷണംതന്നെ. പ്രബുദ്ധരായ കേരളജനതയിലാണ് ഈ വികസനപരീക്ഷണം നടത്തുന്നതെന്നും എടുത്തുപറയേണ്ടതുണ്ട്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനംചെയ്ത 'ഗ്രാമസ്വരാജ്' അഥവാ അധികാര വികേന്ദ്രീകരണം ഇന്ന് പഞ്ചായത്ത്‌രാജ് സംവിധാനത്തിലൂടെ കേരളത്തിൽ നടപ്പിലായിക്കഴിഞ്ഞു. ഇതിനു തൊട്ടു പിന്നാലെ വരുന്ന ആസൂത്രണ വികേന്ദ്രീകരണവും കൂടെ സംയോജിക്കുമ്പോൾ വികസനത്തിനുള്ള പുതിയ കാലാവസ്ഥ കേരളത്തിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

കേരളത്തിലെ ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണ പ്രസ്ഥാനമായി മുന്നേറുന്ന ഈ സമയത്ത് അതിന്റെ ഉദ്ദേശശുദ്ധിയിലെ എല്ലാ സംശയങ്ങളും, അപസ്വരങ്ങളും ദുരീകരിച്ചുപോകണമെന്നാണ് ഓരോ കേരളീയനും ആഗ്രഹിക്കുന്നത്. നല്ല ആശയങ്ങളും, പ്രത്യയശാസ്ത്രങ്ങളും കൊണ്ടുവരുന്നവരുടെ മുഖംനോക്കാതെ ഉൾക്കൊള്ളുകയും പങ്കാളിയാവുകയും ചെയ്തിട്ടുള്ള കേരളീയന് അങ്ങനെ ആഗ്രഹിക്കുവാനുള്ള അവകാശമുണ്ട്.

ജനകീയാസൂത്രണത്തിന്റെ പരിശീലനത്തിനായി 5 R.P മാരെ ജില്ലാതല പരിശീലനത്തിന് അയക്കുന്നതോടെയാണ് നമ്മുടെ പഞ്ചായത്തിൽ ഈ പ്രസ്ഥാനത്തിന് തുടക്കംകുറിക്കുന്നത്.

14-09-1996-ന് കള്ളിക്കാട് മോഡൽ കോളേജിൽ വച്ച് പഞ്ചായത്തിനുള്ളിൽനിന്നും തിരഞ്ഞെടുത്ത പ്രതിനിധികളെ ഉൾക്കൊള്ളിച്ചുള്ള വികസനസെമിനാർ നടന്നു. സെമിനാറിൽ നടന്ന ചർച്ചകളും, ആവിഷ്കാരങ്ങളും അടുത്ത പരിപാടികൾക്ക് പ്രചോദനം നൽകി. തുടർന്ന് നിശ്ചിത തീയതികളിൽ നടന്ന സ്പെഷ്യൽ ഗ്രാമസഭകൾ വൻ വിജയമായിരുന്നു. എല്ലാ ഗ്രാമസഭകളിലും ലഭിച്ച സ്ത്രീപങ്കാളിത്തം പുത്തൻ പ്രതീക്ഷ ഉണർത്തുന്നതാണ്. ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുന്ന കാര്യത്തിൽ ഈ നാട്ടുകാർ ഒട്ടും പിന്നിലല്ലെന്ന് ഗ്രാമസഭകൾ തെളിയിച്ചു. ഗ്രാമസഭകളിൽനിന്ന് ലഭിച്ച നല്ല നിർദ്ദേശങ്ങളും, പരിഹാരങ്ങളും നമ്മുടെ പഞ്ചായത്തന് ഒരു മുതൽക്കൂട്ടുതന്നെയാണ്.

അതിനു ശേഷം പഞ്ചായത്ത് സമിതിയും വിദഗ്ദ്ധരും ഗ്രാമസഭാ റിപ്പോർട്ട് പരിശോധിച്ച് വിലയിരുത്തി ചിട്ടപ്പെടുത്തുകയുണ്ടായി.

05-11-1996-ന് കള്ളിക്കാട് പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ നടത്തിയ വിപുലമായ സെമിനാറോടെ ഈ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു. പഞ്ചായത്ത് സമിതിയും, വിദഗ്ദ്ധരും മിനുക്കുപണി നടത്തിയ ഗ്രാമസഭാ റിപ്പോർട്ടുകൾ കൂടുതൽ ചർച്ചക്കായി ഈ സെമിനാറിൽ അവതരിപ്പിച്ചു. വികേന്ദ്രീകരിച്ചുള്ള ചർച്ച കൂടുതൽ ഫലപ്രാപ്തി ഉണ്ടാക്കി. തുടർന്ന് സ്ഥിതിവിവര കണക്കുകളുടേയും സ്രോതസ്സുകളുടേയും ശേഖരണത്തിനായി വ്യത്യസ്ത ഗ്രൂപ്പ് സ്കോഡുകൾക്ക് ഈ സെമിനാറിൽ രൂപംനൽകി.

സ്പെഷ്യൽ ഗ്രാമസഭാ നിർദ്ദേശങ്ങളും, വിദഗ്ദ്ധരുടെ ആശയങ്ങളും സ്കോഡുകളുടെ വിവര ശേഖരണങ്ങളും ഒരുമിപ്പിച്ചാണ് ഈ വികസനറിപ്പോർട്ട് തയ്യാറാക്കുന്നത്. നിസ്വാർത്ഥസേവനതല്പരരായ അനവധി വ്യക്തികളുടെ വളരെനാളത്തെ അദ്ധ്വാനവും സഹകരണവും കൊണ്ടാണ് ഈ [illegible]നറിപ്പോർട്ട് തയ്യാറാക്കുവാൻ കഴിഞ്ഞത്.

ഒൻപതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുമ്പോൾ നമ്മുടെ പഞ്ചായത്തും അതിന്റെ ഭാഗമാവുകയാണ്. വരുന്ന അഞ്ചുവർഷക്കാലം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളൊക്കെ ശേഖരിക്കപ്പെട്ടു. ഇനി അവ നടപ്പാക്കിലാക്കുവാനുള്ള സാമ്പത്തിക മാർഗ്ഗമാണ് പ്രശ്നം. ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ജന്മംനൽകിയ നമ്മുടെ സംസ്ഥാനസർക്കാർ അതിനുള്ള പോംവഴി ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കാം.

# വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ട്

| വാർഡ് നമ്പർ | വാർഡിന്റെ പേര് | ഗ്രാമസഭ കൂടിയ കൂടിയ തീയതിയും സ്ഥലവും | പങ്കെടുത്തവർ | പുരുഷൻ | സ്ത്രീ | ഗ്രൂപ്പ് |
|---|---|---|---|---|---|---|
| I | തേവൻകോട് | 5-10-1996 സെന്റ് അന്നാസ് L.P.S. | 216 | 92 | 124 | 9 |
| II | കള്ളിക്കാട് | 3-10-1996 പ്രിയ കോളേജ് കള്ളിക്കാട് | 225 | 141 | 84 | 8 |
| III | പെരുംകുളങ്ങര | 26-9-1996 നെയ്യാർ ഡാം എച്ച്. എസ്. | 318 | 154 | 164 | 9 |
| IV | നെയ്യാർ ഡാം | 29-9-1996 നെയ്യാർ ഡാം എച്ച്. എസ്. | 127 | 78 | 49 | 6 |
| V | നിരപ്പുകാല | 1-10-1996 അങ്കണവാടി ഉലയൻകോണം | 147 | 96 | 51 | 6 |
| VI | മുകുന്ദറ | 27-9-1996 വാവോട് H.S. | 83 | 66 | 17 | 6 |
| VII | ഉലയൻകോണം | 28-9-1996 മൈലക്കര U.P.S. | 103 | 61 | 42 | 8 |
| VIII | മൈലക്കര | 4-10-1996 ശ്യാമവിളപ്പുറം L.P.S. | 286 | 151 | 135 | 9 |

# ഉള്ളടക്കം


I. ചരിത്ര പശ്ചാത്തലം ........ 1-5

II. ഭൂപ്രകൃതിയും വിഭവങ്ങളും ........ 6-11

III. വികസന മേഖലകൾ

1. കൃഷി ........ 12-17
2. ജലസേചനം ........ 18-20
3. മൃഗസംരക്ഷണം ........ 21-28
4. മത്സ്യബന്ധനം ........ 29-30
5. വനം ........ 31-33
6. വ്യവസായം ........ 34-35
7. ഊർജ്ജം ........ 36-38
8. ഗതാഗതം ........ 39-50
9. പാർപ്പിടം ........ 51-52
10. ആരോഗ്യം ........ 53-58
11. കുടിവെള്ളം ........ 59-61
12. വിദ്യാഭ്യാസം ........ 62-70
13. സംസ്കാരം ........ 71-72
14. പട്ടികജാതി-പട്ടികവർഗ്ഗ വികസനം .. 73-75
15. വനിതാക്ഷേമം ........ 76-77
16. സാമൂഹ്യക്ഷേമം ........ 78-80
17. സഹകരണമേഖല ........ 81-85
18. വിഭവസമാഹരണം ........ 86-87
19. ധനകാര്യസ്ഥാപനങ്ങൾ ........ 88-89
20. ടൂറിസം ........ 90-92

# കള്ളിക്കാട് ഗ്രാമപഞ്ചായത്ത്



# ചരിത്രപശ്ചാത്തലം



നെയ്യാറ്റിൻകര താലൂക്കിന്റെ കിഴക്കുഭാഗത്ത് സഹ്യാദ്രിസാനുക്കളുടെ താഴ്‌വാരത്തുള്ള ഒരു മലയോര ഗ്രാമപ്രദേശമാണ് കള്ളിക്കാട് പഞ്ചായത്ത്. തിരുവനന്തപുരം പട്ടണത്തിന്റെ 30 കി.മീ. കിഴക്കും, നെയ്യാറ്റിൻകര പട്ടണത്തിന്റെ 20 കി.മീ. വടക്കുമായി സ്ഥിതിചെയ്യുന്നു. പ്രകൃതിമനോഹാരിത തുളുമ്പുന്ന നിത്യഹരിത വനങ്ങളും, നെയ്യാർ പദ്ധതിയും ഉൾക്കൊള്ളുന്നതുമായ ഭൂപ്രദേശമാണ് ഈ ഗ്രാമപഞ്ചായത്ത്.

നിലവിലുള്ള ഒറ്റശേഖരമംഗലം പഞ്ചായത്ത് വിഭജിച്ച് 1962 ജനുവരി 1-നാണ് കള്ളിക്കാട് പഞ്ചായത്ത് രൂപീകൃതമായത്. 31-12-1964 വരെ ഈ ഭൂപ്രദേശം ഒറ്റശേഖരമംഗലംപഞ്ചായത്തിന്റേയും, ഒറ്റശേഖരമംഗലം വില്ലേജിന്റേയും അധികാരപരിധിയിൽ പെട്ടിരുന്നു. കള്ളിക്കാട് പഞ്ചായത്തിന്റെ രൂപീകരണത്തോട് അനുബന്ധിച്ച് ഒറ്റശേഖരമംഗലം Bവില്ലേജ് കള്ളിക്കാട് വില്ലേജായി മാറി. കള്ളിക്കാട് പഞ്ചായത്ത് രൂപീകൃതമാകുന്നതുവരെയുള്ള കാലഘട്ടത്തിൽ ഈ പ്രദേശത്തെ പ്രതിനിധീകരിച്ചിരുന്നത് സർവ്വശ്രീ. എ. വേലായുധൻപിള്ള (കള്ളിക്കാട് വാർഡ്), കെ.എൻ. കേശവപ്പണിക്കർ (മൈലക്കര വാർഡ്) എന്നിവരായിരുന്നു. ശ്രീ. ആർ. ജനാർദ്ദനൻനായരായിരുന്നു ഒറ്റശേഖരമംഗലം പഞ്ചായത്തിന്റെ പ്രസിഡന്റ്.

കള്ളിക്കാട് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ദിവംഗതനായ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ആയിരുന്നു. അദ്ദേഹം 1978-ലും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

### 1964-ലെ ഭരണസമിതി

1. ആർ. ബാലകൃഷ്ണപിള്ള (പ്രസിഡന്റ്) — കള്ളിക്കാട്
2. പി. സുന്ദരംപിള്ള (മെമ്പർ) — പെരുംകുളങ്ങര
3. പി. ഗംഗൻ (വൈസ് പ്രസിഡന്റ്) — ഉലയൻകോണം
4. കെ. കുഞ്ഞിരാമൻപിള്ള (മെമ്പർ) — മൈലക്കര
5. എൻ. യോവാൻ (മെമ്പർ) — വാവോട്
6. ഇ.എം. മാത്യു (മെമ്പർ) — കുട്ടമല
7. എം. ശങ്കരൻകാണി (മെമ്പർ) — കുട്ടമല (റിസർവേഷൻ)
8. എ. ശിപ്പാറ (നോമിനേറ്റഡ് മെമ്പർ)

കള്ളിക്കാട് പഞ്ചായത്തിലെ കുട്ടമല വാർഡും, വാവോട് വാർഡിന്റെ കുറേ ഭാഗങ്ങളും ചേർത്ത് പുതിയ അമ്പൂരി പഞ്ചായത്ത് രൂപീകൃതമായപ്പോൾ നിലവിലുണ്ടായിരുന്ന ഭരണസമിതിയെ പിരിച്ചുവിടുകയും പകരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് താഴെപ്പറയുന്ന അംഗങ്ങളെ ഭരണസാരഥ്യം ഏൽപ്പിക്കുകയും ചെയ്തു.

1. ആർ. ബാലകൃഷ്ണപിള്ള - പ്രസിഡന്റ്
2. സുബൈർകുഞ്ഞ് മൗലവി - വൈസ് പ്രസിഡന്റ്
3. പി. സുന്ദരംപിള്ള - മെമ്പർ
4. എ. ശിപ്പാറ - മെമ്പർ
5. എൻ. യോവാൻ - മെമ്പർ
6. പി. ഗംഗൻ - മെമ്പർ
7. വി. തങ്കപ്പൻ - മെമ്പർ

### 1978-ലെ ഭരണസമിതി

1. ആർ. ബാലകൃഷ്ണപിള്ള (പ്രസിഡന്റ്) — തേവൻകോട്
2. എൻ. യോവാൻ (വൈസ് പ്രസിഡന്റ്) — മുകുന്ദറ
3. കെ. കുഞ്ഞിരാമൻപിള്ള (മെമ്പർ) — കള്ളിക്കാട്
4. കെ. കമലാസനൻ (മെമ്പർ) — പെരുംകുളങ്ങര
5. വി. തങ്കപ്പൻ (മെമ്പർ) — നെയ്യാർഡാം
6. പി. പ്രഭാകരൻപിള്ള (മെമ്പർ) — നിരപ്പുക്കാല
7. എച്ച്. ആൽബർട്ട് (മെമ്പർ) — ഉലയൻകോണം
8. സി.ഐ. മേരിക്കുട്ടി (മെമ്പർ) — മൈലക്കര

### 1988-ലെ ഭരണസമിതി

1. പി. സുന്ദരംപിള്ള (പ്രസിഡന്റ്) — കള്ളിക്കാട്
2. കെ. കമലാസനൻ (വൈ: പ്രസിഡന്റ്) — പെരുംകുളങ്ങര
3. ഡി. പത്മിനി റോസ് (മെമ്പർ) — തേവൻകോട്
4. ജി. തങ്കേശൻ (മെമ്പർ) — നെയ്യാർഡാം
5. ജെ. അഗസ്റ്റിൻ ജോസഫ് (മെമ്പർ) — നിരപ്പുക്കാല
6. പി. രാജു (മെമ്പർ) — മുകുന്ദറ
7. കെ. കുഞ്ഞിരാമൻപിള്ള (മെമ്പർ) — ഉലയൻകോണം
8. സി.ഐ. മേരിക്കുട്ടി (മെമ്പർ) — മൈലക്കര

സാമ്പത്തികമായും, വിദ്യാഭ്യാസപരമായും പിന്നോ

ക്കം നിന്നിരുന്ന കള്ളിക്കാട് ഗ്രാമം ഒരു കാർഷിക മേഖലയായിരുന്നു. ഈ പ്രദേശത്തിന്റെ ഭൂരിഭാഗവും വനാന്തരങ്ങളായിരുന്നു. ആയുർവ്വേദ ഔഷധസസ്യങ്ങളുടെ പൂങ്കാവനമായിരുന്ന അഗസ്ത്യാർകൂടത്തിൽ ആയുർവ്വേദത്തിന്റേയും, ജ്യോതിഷത്തിന്റേയും ആചാര്യനെന്ന് ചരിത്രം വിശേഷിപ്പിക്കുന്ന അഗസ്ത്യർമുനി തപസ്സ് അനുഷ്ഠിച്ചതായും; അഗസ്ത്യർ യാഗകുണ്ഠത്തിൽ ഒഴിച്ച നെയ്യ് വഴിഞ്ഞൊഴുകിയതാണ് 'നെയ്യാർ' എന്നുമാണ് ഐതീഹ്യം.

അമ്പൂരി പഞ്ചായത്ത് നിലവിൽ വരുന്നതുവരെ അഗസ്ത്യാർകൂടം കള്ളിക്കാട് പഞ്ചായത്തിന്റെ ഭാഗമായിരുന്നു. വള്ളിയാർ, മുല്ലയാർ, കരമനയാർ, കുഴിത്തുറയാർ എന്നീ നദികൾ ഇവിടെനിന്നാണ് ഉത്ഭവിക്കുന്നത്.

അഗസ്ത്യ മലമുകളിൽനിന്നും ഉത്ഭവിച്ച് കിഴ്ക്കാംതൂക്കായി കാനനസങ്കേതങ്ങളിലൂടെ ഒഴുകി കൊമ്പൈ, മീൻമുട്ടി എന്നീ ജലപാദങ്ങളെ തൊട്ടുണർത്തി നെയ്യാർനദി ഗ്രാമീണരുമായി നിത്യസമ്പർക്കത്തിന് തുടക്കംകുറിക്കുന്നത് കള്ളിക്കാട്ഗ്രാമത്തിലാണ്.

കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ പൗരാണിക ചരിത്രം നിലനിൽക്കുന്നതായി കരുതപ്പെടുന്നത് മൈലക്കര മങ്കാരമുട്ടം ശിവക്ഷേത്രമാണ്. ഈ ക്ഷേത്രത്തിന് 500–ലേറെ വർഷത്തിന്റെ പഴക്കമുണ്ട്. മാർത്താണ്ഡവർമ്മ മഹാരാജാവിനേയും, എട്ടുവീട്ടിൽപിള്ളമാരേയും ചുറ്റിപ്പറ്റി ധാരാളം കഥകൾ ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട് പഴമക്കാർ പറയുന്നു. ഈ ക്ഷേത്രത്തോട് അനുബന്ധിച്ചുള്ള കോട്ടയ്ക്കകം നമ്പൂതിരി ഇല്ലമായിരുന്നു. പിന്നീടത് ഒരു പുരാതന നായർകുടുംബത്തിന്റെ വകയായിമാറി. അന്നത്തെ വഴിയമ്പലവും, ചുമടുതാങ്ങിയും, പൊതുകിണറും ഇന്നും നിലനിൽക്കുന്നു. പഴയകോട്ടപ്പുറം, കോട്ടയ്ക്കകം എന്നീ സ്ഥലങ്ങൾക്കും ക്ഷേത്രവുമായി ബന്ധമുണ്ട്. കാളിപാറ, ശാസ്താംപാറ, വില്ലിടുംപാറ, ദ്രവ്യപ്പാറ എന്നീ പാറകൾക്ക് വീരണകാവ് ശാസ്താക്ഷേത്രവുമായി ബന്ധമുള്ളഐതീഹ്യങ്ങൾ നിലനിൽക്കുന്നത് ഈ ഗ്രാമത്തിന്റെ സ്മാരകങ്ങളാണ്.

വനം, ജലാശയം, നെയ്യാർനദി, കിഴക്കാംതൂക്കായ മലഞ്ചരിവുകൾ, സമതലങ്ങൾ എന്നിങ്ങനെയാണ് ഈ ഗ്രാമത്തിന്റെ ഭൂപ്രകൃതി. വാർത്താവിനിമയ ബന്ധങ്ങളോ, യാത്രാസൗകര്യമോ, വിദ്യാഭ്യാസമോ തീരെ ഇല്ലാത്തതും; ജനവാസം തീരെ പരിമിതവുമായ ഒരവികസിത മേഖലയായിരുന്നു കള്ളിക്കാട് ഗ്രാമം. സ്വാതന്ത്ര്യലബ്ദിക്കുമുമ്പ് ദേശീയ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ സജീവ സാന്നിദ്ധ്യമോ പ്രവർത്തനമോ ഈ മേഖലയിൽ ഉണ്ടായിരുന്നതായി കാണുന്നില്ല. സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിനും, കാണിപ്പറ്റ്മേഖലയിലെ കാർഷിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിനും ഈ ഗ്രാമം സാക്ഷ്യംവഹിച്ചു. ഇതേത്തുടർന്ന് ഇന്ത്യൻനാഷണൽ കോൺഗ്രസ്സും, അവിഭക്ത കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും, പ്രജാസോഷ്യലിസ്റ്റ് പാർട്ടിയും ഈ ഗ്രാമത്തിൽ ഉടലെടുത്തു. ജന്മി–കുടിയാൻ ബന്ധവും ജാതിവ്യവസ്ഥയും നിലനിന്നിരുന്ന ഈ പ്രദേശത്ത് കർഷക പ്രസ്ഥാനത്തിന്റെ സമരചരിത്രമാണ് മാറ്റത്തിന് തുടക്കം കുറിച്ചത്.

1957–ലെ ഇ.എം.എസ് ഗവൺമെന്റിൽ ശ്രീമതി ഗൗരിയമ്മ അവതരിപ്പിച്ച ഭൂനയബില്ലും, 1960–ലെ ശ്രീ. പട്ടംതാണുപിള്ളയുടെ കാർഷിക പരിഷ്കരണ ബില്ലും നിലവിൽവന്നതോടെ ഈ പ്രദേശത്ത് ജന്മിത്വം അവസാനിപ്പിക്കുന്നതിന് തുടക്കംകുറിക്കുകയും, 'കൃഷിഭൂമി കർഷകന്' എന്ന സ്വപ്നം സാക്ഷാത്കരിക്കുകയും ചെയ്തു.

ക്രിസ്ത്യൻമിഷണറിമാരുടെ വരവോടെയാണ് നമ്മുടെ ഗ്രാമവാസികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് അവസരമുണ്ടായത്. ഏതാണ്ട് ഒരു നൂറ്റാണ്ടിന് മുൻപ് പ്രവർത്തനം ആരംഭിച്ച ചെറുവാളക്കോണം സെന്റ് അന്നാസ് എൽ.പി.എസും, പിന്നീടുവന്ന മൈലക്കര ലൂഥറൻ എൽ.പി.എസ്സുമാണ് പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഈ ഗ്രാമത്തിന് ഒരു മുതൽക്കൂട്ടായി മാറിയത്. പി. കൃഷ്ണപിള്ളസാറും, സാമുവൽസാറും, ഫേനിസാറും ഈ പ്രദേശത്തെ പഴമക്കാരുടെ ഗുരുനാഥരാണ്. പട്ടികവർഗ്ഗ മേഖലയായ പ്ലാവെട്ടിയിലും, കുട്ടമലയിലും സർക്കാർതലത്തിൽ പിന്നീട് ഓരോ പ്രൈമറി സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു.

നെയ്യാർ ജലസേചന പദ്ധതിയുടെ ആവിർഭാവത്തോടെ ഈ ഗ്രാമത്തിന്റെ സാമൂഹ്യ–സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിലും സർവ്വോപരി ഇതരമേഖലകളിലും പുരോഗതിക്ക് തുടക്കംകുറിച്ചു. നെയ്യാർഡാം പദ്ധതിയുടെ ഉപജ്ഞാതാക്കളായ ഡോ. ജി. രാമചന്ദ്രൻ, മുൻമന്ത്രി ശ്രീ. ജി. ചന്ദ്രശേഖരപിള്ള എന്നിവരെ ഇന്നാട്ടുകാർക്ക് മറക്കാനാകില്ല. 1955–ൽ നെയ്യാർഡാം സൈറ്റിൽ ഒരു ഗവ: എൽ.പി. എസ്. സ്ഥാപിച്ചു. ഇക്കാര്യത്തിൽ അന്നത്തെ ചീഫ് എൻജിനീയറായിരുന്ന ശ്രീ. മംഗളഭാനു വഹിച്ച പങ്ക് പ്രശംസനീയമാണ്.

നെയ്യാർഡാമിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി പഞ്ചായത്തും നാട്ടുകാരും നിരന്തരം നിവേദനം നൽകിയിരുന്നു. ഫലമില്ലാതെവന്നപ്പോൾ നാട്ടുകാർ നിയമനിഷേധത്തിന് തയ്യാറായി. രാഷ്ട്രീയത്തിന് അതീതമായി നടന്ന ഹൈസ്കൂൾ സമരത്തിൽ പങ്കെടുത്ത് 300–ൽപ്പരംപേർ ജയിലിലടയ്ക്കപ്പെട്ടു. ഈ പ്രദേശത്തിന്റെ ചരിത്രസ്മരണയായിമാറിയ ഈ സമരത്തിന് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും, വൈസ്പ്രസിഡന്റായിരുന്ന ശ്രീ. കള്ളിക്കാട് ഗംഗനും നേതൃത്വം നൽകിയിരുന്നു. ഇതേത്തുടർന്ന 1964–ൽ

ആണ് നെയ്യാർഡാം ഹൈസ്കൂൾ യാഥാർത്ഥ്യമായത്. അന്നത്തെ ജലസേചനവകുപ്പുമന്ത്രിയായിരുന്ന അന്തരിച്ച ശ്രീ. റ്റി.കെ. ദിവാകരൻ ഇറിഗേഷന്റെ വകയായിരുന്ന സ്ഥലവും കെട്ടിടവും ഹൈസ്കൂളിന് നൽകുന്നതിന് വേണ്ടി വളരെയധികം സഹായിച്ചിട്ടുണ്ട്.

വളരെ പരിമിതമായ ആളുകൾക്കേ അന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളു. കാട്ടാക്കട ഹൈസ്കൂളാണ് ഉപരിപഠനത്തിനുണ്ടായിരുന്ന ഏക ആശ്രയം. ഈ മലയോരഗ്രാമത്തിലെ ആദ്യത്തെ ബിരുദധാരി ശ്രീ. ആർ. സുകുമാരപിള്ളയാണ്.

യാത്രാസൗകര്യം വളരെ പരിമിതമായിരുന്ന, സ്റ്റേറ്റ് ഹൈവേയായി മാറിയ നെടുമങ്ങാട് ഷൊർളക്കോട് റോഡും; ഒറ്റശേഖരമംഗലം മുകുന്ദറ റോഡും; കാട്ടാക്കട കള്ളിക്കാട് റോഡും മാത്രമാണ് ഇവിടെ ഉണ്ടായിരുന്നത്. വാഹനഗതാഗതം അക്കാലത്ത് തീരെ ഇല്ലായിരുന്നു. കാളവണ്ടിയും, വില്ലുവണ്ടിയുമായിരുന്നു അന്നത്തെ ഗതാഗതമാർഗ്ഗം. ക്രമേണ കാട്ടാക്കടനിന്നും രണ്ട് പ്രൈവറ്റ് ഓപ്പൺബോഡി ബസ്സുകൾ കള്ളിക്കാട് വഴി നെടുമങ്ങാട്ടേയ്ക്ക് സർവ്വീസ് നടത്തിയിരുന്നു. നെയ്യാർഡാമിന്റെ ആവിർഭാവത്തോടെയാണ് ഗതാഗതസൗകര്യം ഉണ്ടായത്.

1964-ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ആർ. ശങ്കർ ഉദ്ഘാടനംചെയ്ത മുകുന്ദറ പാലത്തിന്റെ പൂർത്തീകരണം മലഞ്ചരക്ക് ഉല്പാദനകേന്ദ്രങ്ങളായ മലയോരപ്രദേശത്തെ നഗരവുമായി ബന്ധിപ്പിക്കുന്ന ഒരു സുപ്രധാന കണ്ണിയായി മാറി. ഇതോടെയാണ് അമ്പൂരി, വെള്ളറട, കടുക്കറ, ചെമ്പകപ്പാറ തുടങ്ങിയ പ്രദേശങ്ങളിലേക്ക് ബസ്സർവ്വീസ് ആരംഭിച്ചത്. കുടിയേറ്റക്കാരായ ക്രിസ്ത്യൻ മിഷണറിമാരുടെ സേവനം ഇതിനുപിന്നിൽ ഉണ്ടായിട്ടുണ്ട്. ഈ പ്രദേശങ്ങളെ ഉലയൻകോണം, നിരപ്പുക്കാല, പന്ത എന്നീ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന ആദ്യ ബസ് സർവ്വീസിന്റെ ശില്പിയായിരുന്ന അന്തരിച്ച ശ്രീ. പി.വി. കുര്യന്റെ സേവനം മരണീയമാണ്.

കൊല്ലവർഷം 1099-ൽ പ്രവർത്തനമാരംഭിച്ച മുകുന്ദറ പരസ്പര സഹായ സഹകരണ സംഘമാണ് ഇന്നത്തെ ഏറ്റവും വലിയ ധനകാര്യ സ്ഥാപനമായി മാറിയ കള്ളിക്കാട് 668-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക്. പ്രവർത്തനരഹിതമായിക്കിടന്ന ഈ സംഘത്തെ വളർത്തുന്നതിന് പരിശ്രമിച്ചവർ സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ശ്രീ. വി.പി. കൃഷ്ണപിള്ള, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. കള്ളിക്കാട് ഗംഗൻ, ശ്രീ. എ. വേലായുധൻ പിള്ള എന്നിവരാണ്.

1961-ൽ ശ്രീ. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്താണ് നെട്ടുകാൽത്തേരിയിൽ, വനം വെട്ടിത്തെളിച്ച പ്രദേശത്ത്, രാഷ്ട്രീയത്യാഗം അനുഭവിച്ച അഭ്യസ്തവിദ്യർക്കുവേണ്ടി റബ്ബർ പ്ലാന്റേഷൻ അനുവദിച്ചു. മൂന്നരയേക്കർ സ്ഥലംവീതം 91പേർക്ക് നൽകിയതോടെ ഇവർ തോട്ടമുടമകളായി മാറി. ഇതേത്തുടർന്ന് ഒരു റബ്ബർ പ്ലാന്റേഷൻ സഹകരണസംഘവും രൂപീകൃതമായി. ഇതിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. കെ. എൻ. കലവൂരാണ്. ശ്രീ. കെ.എസ്. തങ്കപ്പൻനായർ, ശ്രീ. പാലോട് കൃഷ്ണൻനായർ, ശ്രീ. അവണാകുഴി കൃഷ്ണൻ എന്നിവരായിരുന്നു ഈ സംഘത്തിന്റെ പ്രധാന പ്രവർത്തകർ.

1962-ൽ കേരളത്തിലെ ആദ്യത്തെ പരീക്ഷണസംരംഭമായ നെട്ടുകാൽത്തേരി തുറന്നജയിലിന് തുടക്കംകുറിച്ചു. ഇന്നിവിടെ കേരളത്തിലെ വിവിധ സെൻട്രൽ ജയിലുകളിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 300-ൽപ്പരം തടവുകാരെ പാർപ്പിക്കുന്നു.

റബ്ബർകൃഷിയാണ് പ്രധാന വ്യവസായം. മറ്റു കാർഷികവിളകളും കൃഷിചെയ്തുവരുന്നു. യാത്രാസൗകര്യം വർദ്ധിച്ചു. വ്യാപാരസ്ഥാപനങ്ങൾ സജീവമായി. ഇപ്പോൾ പഞ്ചായത്തിന്റെ മിക്കവാറും മേഖലകളിൽ വൈദ്യുതി എത്തിയിരിക്കുന്നു (ഒറ്റശേഖരമംഗലം പഞ്ചായത്തിന്റെ ഭാഗമായിരുന്നപ്പോൾത്തന്നെ ഇവിടെ വൈദ്യുതി എത്തിയിരുന്നു). വാർത്താവിനിമയ രംഗത്തും അത്യാവശ്യംവേണ്ട പുരോഗതി കൈവരിച്ചു. പുതിയ ടെലഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായിക്കഴിഞ്ഞു.

1981-ൽ നെയ്യാർഡാം പോലീസ് ഔട്ട്പോസ്റ്റ് ഒരു ചാർജ്ജിങ്ങ് സ്റ്റേഷനായി രൂപാന്തരപ്പെട്ടു. മൈലക്കര, റ്റ്ലാവെട്ടി, മരക്കുന്നം എന്നിവിടങ്ങളിൽ ഫോറസ്റ്റ് കമ്മ്യൂണിറ്റി ഹാളുകൾ, ചീങ്കണ്ണിവളർത്തൽ കേന്ദ്രം, ഫിഷ് സീഡ് ഫാം, സിംഹ സഫാരി പാർക്ക്, മീൻവളർത്തൽ കേന്ദ്രം, നെയ്യാർ ജലാശയത്തിൽ ഉല്ലാസ സവാരി നടത്തുന്നതിനുള്ള ബോട്ട്ക്ലബ്ബ് എന്നിവയും നെയ്യാർ വന്യജീവി സംരക്ഷണകേന്ദ്രത്തിന്റെ ഭാഗമായി ഈ ഗ്രാമപഞ്ചായത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

തേവൻകോട് പട്ടികജാതി കോളനിയും; റ്റ്ലാവെട്ടി,നാരകത്തിൻകുഴി എന്നീ പട്ടികവർഗ്ഗ കോളനികളുമാണ് ആദ്യകാല പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതം. പരിഷ്കാരത്തിന്റെ പ്രകാശനാളങ്ങൾ എത്തപ്പെടാതെ കിടന്നിരുന്ന റ്റ്ലാവെട്ടി ആദിവാസി സങ്കേതം നെയ്യാർഡാമിൽനിന്ന് യാത്രാസൗകര്യം സജ്ജമാക്കിയതോടെ ഒരു നാട്ടിൻപുറമായി മാറി.

നെയ്യാർഡാം-അമ്പൂരി-ആനപ്പാറ റോഡ് നിർമ്മാണത്തിലൂടെ ജനങ്ങളുടെ ചിരകാലസ്വപ്നം സാക്ഷാത്കരിച്ച മുൻ MLA ശ്രീ. ആർ. പരമേശ്വരൻപിള്ളയും; വാവോട്, ഇടവാച്ചൽ, കണ്ടംതിട്ട റോഡ് സഞ്ചാരയോഗ്യമാക്കിമാ

റ്റിയ ശ്രീ. തമ്പാനൂർ രവി MLA യും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

നെയ്യാർ അണക്കെട്ടിന് സമീപം ശ്രീ. പൂണിയിൽ ഗോപാലപിള്ള (പൂണിവൈദ്യൻ) ദാനംചെയ്ത സ്ഥലത്ത് പറക്കും സ്വാമികൾ സ്ഥാപിച്ച അന്തർദേശീയ യോഗ വേദാന്ത സെന്റർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും ധാരാളം വിദേശികൾ യോഗ അഭ്യസിക്കുന്നതിനായി ഇവിടെ എത്തിച്ചേരുന്നുണ്ട്.

തേവൻകോട് പ്രവർത്തിക്കുന്ന അദ്ധ്യാത്മ ചിന്താലയാശ്രമം അനുദിനം പ്രസിദ്ധിയിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു. ഓരോ മലയാളമാസവും 1-ാം തീയതി നടക്കുന്ന സമൂഹസദ്യ പ്രസിദ്ധമാണ്.

1954-ൽ രൂപീകൃതമായ നവജീവൻ ഗ്രന്ഥശാല സാംസ്കാരിക-വിജ്ഞാനരംഗത്ത് ഏറെ മാറ്റങ്ങൾക്ക് വഴി തെളിച്ചിരുന്നു. ഇതിന്റെ വളർച്ചക്ക് നാട്ടുകാരും, കേരള ഗ്രന്ഥശാലാസംഘവും, കള്ളിക്കാട് പഞ്ചായത്ത് കമ്മിറ്റിയും വിലപ്പെട്ട സംഭാവനകൾ നൽകിയിരുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ജനയിതാവ് ശ്രീ. പി.എൻ. പണിക്കർ, ശ്രീ. പി. ഗോവിന്ദപിള്ള (ദേശാഭിമാനി), ശ്രീ ആർ. നാഗപ്പൻനായർ എന്നിവർ ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ വളരെയേറെ സഹായിക്കുകയും, പ്രശസ്തമായ ഒരു ഗ്രന്ഥശാലയായി ഉയരുന്നതിന് വഴിയൊരുക്കുകയും ചെയ്തിരുന്നു. മുൻ പഞ്ചായത്ത്പ്രസിഡന്റ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള സംഭാവനചെയ്ത സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടവും, അതിനുള്ളിലെ വിലപ്പെട്ട ഗ്രന്ഥശേഖരവും വിജ്ഞാനദാഹികളെ വേദനിപ്പിക്കുന്ന നിലയിൽ അനാഥമായി തീർന്നിരിക്കുന്നു. ഈ മലയോരഗ്രാമത്തിലെ പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചക്കും, സാംസ്കാരിക മുന്നേറ്റത്തിനും, അയിത്തോച്ചാടനത്തിനും നിസ്തുലമായ പങ്ക് വഹിക്കുവാൻ കഴിഞ്ഞിട്ടുള്ള നവജീവൻ ഗ്രന്ഥശാലയുടെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്.

1951-ലെ നെയ്യാർ ജലസേചനപദ്ധതിയുടെ ആവിർഭാവത്തോടെയും, 1964-ലെ കള്ളിക്കാട് പഞ്ചായത്ത് രൂപീകരണത്തോടെയും ഗ്രാമത്തിന് ഏറ്റെ പരിഷ്കാരങ്ങൾ വന്നു. സർക്കാർ ഓഫീസുകൾ പലതും വന്നത് ഈ കാലഘട്ടത്തിലാണ്.

വികസനരംഗത്ത് കർമ്മോത്സുകവും, ലക്ഷ്യബോധവും,ദീർഘവീക്ഷണവുമുള്ള നിരവധി നിർമ്മാണപ്രവർത്തനങ്ങൾ കഴിഞ്ഞകാല പഞ്ചായത്തിന്റെ പ്രവർത്തനത്തിലൂടെ നമുക്ക് നേടുവാൻ കഴിഞ്ഞിട്ടുണ്ട്. നെയ്യാർഡാം ഹൈസ്കൂൾ, കള്ളിക്കാട് റൂറൽ ഡിസ്പെൻസറി എന്നിവ നേട്ടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. കള്ളിക്കാട് റൂറൽ ഡിസ്പെൻസറി പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തികിട്ടുന്നതിനുള്ള ശ്രമം വിജയത്തിലെത്തി. മലയോരനിവാസികളുടെ ഏക ആതുര ശുശ്രൂഷാ കേന്ദ്രമായ നെയ്യാർഡാമിലെ ആശുപത്രിക്ക് പത്ത് കിടക്കകളോടുകൂടെ ചികിത്സാസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു. കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. ഇക്കാര്യത്തിൽ നമ്മുടെ നിയമസഭാ സാമാജികനായ ശ്രീ. തമ്പാനൂർ രവിയുടെ നിസ്തുലമായ സേവനം എന്നും സ്മരിക്കപ്പെടേണ്ടതാണ്. ഈ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള വികസനപ്രവർത്തനങ്ങളിലും ശ്രീ. തമ്പാനൂർ രവി MLA യുടെ സേവനം അഭിനന്ദനാർഹമാണ്.

സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പതിനൊന്നിനപരിപാടിയിൽ ഉൾപ്പെടുത്തി ശിശുമന്ദിരവും, സാംസ്കാരികനിലയവും പി.എസ്. ഭവനിൽ ശ്രീ. പി. സുകുമാരപണിക്കർ ദാനമായി നൽകിയ പതിനഞ്ച് സെന്റ് സ്ഥലത്ത് ജയേന്ദ്രബാബുവിന്റെ സ്മരണ നിലനിർത്തുന്നതിനായി പണിതതും, പൊതുമരാമത്തുവകുപ്പിന്റെ കൈവശത്തിലിരുന്ന സ്ഥലത്തിന് പഞ്ചായത്ത് തറവില നൽകി തുറസ്സായ വേദിയും-പൊതു കളിക്കളവും നിർമ്മിച്ചതും,നെടുമങ്ങാട്-ഷൊർളക്കോട് റോഡ് പുറംപോക്കിൽ താമസിച്ചിരുന്നവരെ പുനരധിവസിപ്പിച്ചതും, ഭൂരഹിത കർഷകതൊഴിലാളികളെ അധിവസിപ്പിച്ചതും കഴിഞ്ഞ പഞ്ചായത്തിന്റെ വികസനപ്രവർത്തന പരമ്പരയിലെ ശ്രദ്ധേയ നേട്ടങ്ങളാണ്. ഈ വികസന പ്രവർത്തനങ്ങളുടെയെല്ലാം അണിയറ ശില്പിയായി പ്രവർത്തിച്ചത് ഈ പഞ്ചായത്തിൽ ദീർഘകാലം എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ. പി.കെ. ഗോപിയായിരുന്നു.

പഞ്ചായത്തിന്റേയും, മുൻ MLA ശ്രീ. എസ്.ആർ. തങ്കരാജിന്റേയും അശ്രാന്ത പരിശ്രമഫലമായി അനുവദിച്ച് കിട്ടിയ ആയുർവേദ ഡിസ്പെൻസറി മലയോരനിവാസികൾക്ക് ഒരനുഗ്രഹമാണ്.

വളരെ വികസനസാദ്ധ്യതയുള്ള പ്രദേശമെന്നനിലയ്ക്ക് വർഷങ്ങൾകൊണ്ട് അവശേഷിക്കുന്ന പല വികസനപ്രവർത്തനങ്ങൾക്കും അശ്രാന്തപരിശ്രമം തുടരേണ്ടിയിരിക്കുന്നു. വിനോദസഞ്ചാരത്തിന് വളരെയേറെ സാദ്ധ്യതയുള്ള ഈ പഞ്ചായത്തിൽ ആ മേഖലയെ വിപുലമാക്കുവാൻ കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കാർഷിക-വ്യാവസായിക-വാണിജ്യ മേഖലകൾ പ്രോത്സാഹിപ്പിക്കുകയും, പുതിയ പദ്ധതികൾ കണ്ടെത്തുകയും വേണം. ഒമ്പതാം പഞ്ചവത്സരപദ്ധതി നടപ്പിലാകുന്നതോടെ അവ പ്രാവർത്തികമാകുമെന്ന് പ്രത്യാശിക്കാം.

## നിലവിലുള്ള ഭരണസമിതി (1995)

| | | |
|---|---|---|
| 1. എ.കെ. ശശി (പ്രസിഡന്റ്) | നിരപ്പുക്കാല | (വാർഡ് V) |
| 2. സി.ഐ. മേരിക്കുട്ടി (വൈസ്പ്രസിഡന്റ്) | മുകുന്ദറ | (വാർഡ് VI) |
| 3. പി. രാജു (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) | മൈലക്കര | (വാർഡ് VIII) |
| 4. കള്ളിക്കാട് ഭുവനേന്ദ്രൻ (മെമ്പർ) | തേവൻകോട് | (വാർഡ് I) |
| 5. എസ്. വസുന്ദരാദേവി (മെമ്പർ) | കള്ളിക്കാട് | (വാർഡ് II) |
| 6. എ. സരോജനി (മെമ്പർ) | പെരുംകുളങ്ങര | (വാർഡ് III) |
| 7. ജെ. വിൽഫ്രഡ് രാജ് (മെമ്പർ) | നെയ്യാർഡാം | (വാർഡ് IV) |
| 8. റ്റി. സുകുമാരൻ (മെമ്പർ) | ഉലയൻകോണം | (വാർഡ് VII) |
| എസ്. സുരേഷ് | സെക്രട്ടറി (ഇൻചാർജ്) | |

| | |
|---|---|
| വിസ്തൃതി | 106.27 ച. കി. |
| ജനസംഖ്യ | 13923 |
| വില്ലേജുകൾ | കള്ളിക്കാട്, വാഴിച്ചൽ, ഒറ്റശേഖരമംഗലം |
| ബ്ളോക്ക് | പെരുങ്കടവിള |
| താലൂക്ക് | നെയ്യാറ്റിൻകര |
| ജില്ല | തിരുവനന്തപുരം |
| ബ്ളോക്ക് ഡിവിഷൻ | കള്ളിക്കാട് |
| ജില്ലാ ഡിവിഷൻ | വെള്ളറട |
| അസംബ്ളി നിയോജകമണ്ഡലം | നെയ്യാറ്റിൻകര |
| പാർലമെന്റ് നിയോജകമണ്ഡലം | തിരുവനന്തപുരം |

| | |
|---|---|
| പാർലമെന്റ് മെമ്പർ | ശ്രീ. കെ.വി. സുരേന്ദ്രനാഥ് |
| നിയമസഭാസാമാജികൻ | ശ്രീ. തമ്പാനൂർ രവി. |
| ജില്ലാ പഞ്ചായത്ത് മെമ്പർ | ശ്രീമതി അൻസജിതാ റസ്സൽ |
| ബ്ളോക്ക് പഞ്ചായത്ത് മെമ്പർ | ശ്രീ. എസ്. വിജയചന്ദ്രൻ |

അധികാരം ജനങ്ങളിലേക്ക്

# ഭൂപ്രകൃതിയും വിഭവങ്ങളും



തിരുവനന്തപുരം ജില്ലയിൽ കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു മലയോര പഞ്ചായത്താണ് കള്ളിക്കാട്. ഈ ഗ്രാമത്തിന്റെ വടക്ക്-പടിഞ്ഞാറ് ഭാഗത്ത് കുറ്റിച്ചൽ, പൂവച്ചൽ പഞ്ചായത്തുകളും; തെക്ക്-കിഴക്ക് ഭാഗത്തായി ഒറ്റശേഖരമംഗലം, അമ്പൂരി പഞ്ചായത്തും; അപൂർവ്വ ഔഷധസസ്യങ്ങളുടെ കലവറയായ അഗസ്ത്യാർ പർവ്വതനിരകൾ കിഴക്ക്ഭാഗത്തും സ്ഥിതിചെയ്യുന്നു.

അഗസ്ത്യാർ മലനിരകളിൽനിന്ന് ഉത്ഭവിക്കുന്ന നെയ്യാർ, വള്ളിയാർ, മുല്ലയാർ, കോതയാർ, തുടങ്ങിയ നദികളിലെ ജലം സംഭിച്ച് നിറുത്തുന്ന 'മലനിരകളുടെ നടുവിലെ തടാകം' എന്നറിയപ്പെടുന്ന നെയ്യാർ ജലാശയവും അണക്കെട്ടും രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും സ്വദേശിയരേയും, വിദേശിയരേയും ആകർഷിക്കുന്ന ടൂറിസ്റ്റ് കേന്ദ്രമായി മാറിയിരിക്കുന്നു.

1959-ൽ കമ്മീഷൻചെയ്ത നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ ഫലമായി നെയ്യാറ്റിൻകര,' നെടുമങ്ങാട് താലൂക്കുകളിലേയും കന്യാകുമാരി ജില്ലയിടെ വിളവൻകോട് താലൂക്കിലേയും 36,000 ഏക്കറോളം പ്രദേശത്തെ കൃഷിയോഗ്യമാക്കിതീർത്തു.

വനപ്രദേശങ്ങളും, കുന്നിൻചരിവുകളും, പാറമടക്കുകളും, പാടശേഖരങ്ങളും നിറഞ്ഞ ഈ പഞ്ചായത്തിൽ ഏഷ്യയിലെ രണ്ടാമത്തെ ലയൺ സഫാരിപാർക്ക്, മാൻ പാർക്ക്, ദേശീയ മത്സ്യവിത്തുല്പാദനകേന്ദ്രം, കേരളത്തിലെ ഏക ചീങ്കണ്ണിവളർത്തൽകേന്ദ്രം, ലോകപ്രശസ്തിയാർജ്ജിച്ച ശിവാനന്ദയോഗ വേദാന്ത പഠനകേന്ദ്രം, കേരളത്തിലെ രണ്ടാമത്തെ തുറന്നജയിൽ (നട്ടുകാൽത്തേരി) എന്നിവ സ്ഥിതിചെയ്യുന്നു.

**ഭൂപകൃതിയനുസരിച്ച് അഞ്ച് മേഖലകളായി തിരിക്കാം.**

1. വനപ്രദേശം
2. കുന്നുകൾ
3. കുന്നിൻപുറത്തെ സമതലം.
4. ചരിവുപ്രദേശങ്ങൾ
5. സമതലം.

കിടപ്പ്: വടക്കു-കിഴക്ക് പൊക്കംകൂടി, തെക്ക്-പടിഞ്ഞാറ് താഴ്ന്ന പ്രദേശം

## 1. വനപ്രദേശം:

കിഴക്ക്-വടക്ക് ദിശയിലായി 128 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന റവന്യൂവനം സമുദ്രനിരപ്പിൽ നിന്നും 1000, 1100 മീറ്റർവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. അപൂർവ്വസസ്യജാലകങ്ങളും, സുഗന്ധവ്യഞ്ജനങ്ങളും ഈ പ്രദേശത്ത് സുലഭമായി വളർന്നുവരുന്നു. ആന, കാട്ടുപോത്ത്, മ്ലാവ്, മാൻ, മലയണ്ണാൻ, കരിമന്തി, വരയാട്, കാട്ടുപന്നി, കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങളും കാണപ്പെടുന്നു. ഈട്ടി, തേമ്പാവ്, മരുതി, വേങ്ങ, കടുക്ക, പെണർ, താന്നി, ആഞ്ഞിലി, വയണ, നെല്ലി തുടങ്ങിയവയാണ് വൻമരങ്ങൾ. മുള, ഈറ എന്നിവ ധാരാളമായി കാണപ്പെടുന്നു. ഈ വനങ്ങളിലുള്ള സുഗന്ധവിളകളും, ഔഷധച്ചെടികളും വംശനാശംവന്നുകൊണ്ടിരിക്കുന്നു.

## 2. കുന്നുകൾ:

ഏകദേശം 105 ഹെക്ടറോളം വിസ്തൃതിയിലായി വ്യാപിച്ചുകിടക്കുന്നു. തേക്കുവിളകുന്ന്, കാളിപാറ, ദ്രവ്യപ്പാറ, ശാസ്താംപാറ എന്നിവ ഈ പഞ്ചായത്തിലെ പൊക്കംകൂടിയ പ്രദേശങ്ങളാണ്. ഈ പ്രദേശത്തിന്റെ പകുതിയിലധികം ഭാഗവും പാറമടക്കുകളാണ്. മൺതരം പാറക്കെട്ടുകളും, ചരൽനിറഞ്ഞതുമായ കരിമണ്ണാണ്. റബ്ബർ, ഫലവൃക്ഷങ്ങൾ, മരച്ചീനി എന്നിവയാണ് പ്രധാന കാർഷികവിളകൾ. ഇവിടത്തെ പ്രധാന ജലസ്രോതസ്സ് മഴയാണ്. പാറമടക്കുകളിൽ താരതമ്യേന മണ്ണ് കൂടുതലുള്ള ഭാഗങ്ങൾ മഴക്കാലത്ത് പുല്ലുകൾ മാത്രം വളരുന്ന മേടുകളായിത്തീരുന്നു.

## 3. കുന്നിൻപ്രദേശത്തെ സമതലം:

324.75 ഹെക്ടർ വിസ്തൃതിയിലായി ഈ പ്രദേശം വ്യാപിച്ചുകിടക്കുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള തുറന്നജയിലും, നെട്ടുകാൽത്തേരി റബ്ബർപ്ലാന്റേഷനും, മുണ്ടവൻകുന്ന് തുടങ്ങിയ പ്രദേശങ്ങളുമാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുന്നത്. നെട്ടുകാൽത്തേരി തുറന്നജയിലിന്റെ അധീനതയിൽ 196.75 ഹെക്ടർ കൃഷിഭൂമിയും, നെട്ടുകാൽ

ത്തേരി റബ്ബർ പ്ലാന്റേഷനിൽ 92 പ്ളോട്ടുകളായി 118 ഹെക്ടർ കൃഷിഭൂമിയാണുള്ളത്. കൃഷിയോഗ്യമായ കരിമണ്ണും, ചരലും ചേർന്നതാണ് ഇവിടത്തെ മണ്ണ്. റബ്ബർ, തെങ്ങ്, കുരുമുളക് എന്നിവയാണ് പ്രധാന കൃഷിവിഭവങ്ങൾ. തോടും, നീർച്ചാലുകളും കിണറുകളുമാണ് പ്രധാന ജലസ്രോതസ്സുകൾ.

## 4. ചരിവുപ്രദേശങ്ങൾ

കുരഞ്ചിമം, പെട്ടിപ്പാറ, ചൊവ്വള്ളി-പാങ്കാട്, പുതുവീട്ടുമുറിക്കോളനി, നാരകത്തിൻകുഴി, പുലിക്കുഴി, മലവിള, മടവിളക്കുഴി, പാറേക്കോണം എന്നീ പ്രദേശങ്ങൾ എടുത്തുപറയാവുന്നവയാണ്. പാറക്കെട്ടുകളും, ചരലും, പാറമണ്ണുമാണ് കാണുന്നത്. ചരിഞ്ഞ പ്രദേശങ്ങൾ സമതലങ്ങളിൽ അവസാനിക്കുന്നു. ഈ പ്രദേശങ്ങളിൽ റബ്ബർ, തെങ്ങ് എന്നിവ കൂടാതെ കുരുമുളക് കൃഷിയും ഫലവൃക്ഷങ്ങളും കാണപ്പെടുന്നു. മഴയെ ആശ്രയിച്ചാണ് പ്രധാനമായും കൃഷിചെയ്യുന്നത്.

## 5. സമതലം:

ഈ പഞ്ചായത്തിലെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളാണ് സമതലങ്ങൾ. കള്ളിക്കാട്, പെരുങ്കുളങ്ങര, ഡ്ലാവെട്ടി, കോട്ടുമം, മൈലക്കര, വട്ടപ്പാറ, കൊഞ്ഞാർ എന്നീ പ്രദേശങ്ങൾ സമതലങ്ങളിൽ ഉൾപ്പെടുന്നു. ചരിഞ്ഞപ്രദേശങ്ങളിൽനിന്നും വർഷകാലത്ത് ഒഴുകിയെത്തുന്ന എക്കൽമണ്ണ് നെൽകൃഷിക്ക് ഏറെ അനുയോജ്യമാണ്. ജലലഭ്യത കൂടുതലായതുകൊണ്ട് നെല്ല് കൃഷി ചെയ്യുന്നതിനും, പച്ചക്കറി കൃഷിചെയ്യുന്നതിനും ഏറെ യോജിച്ചതാണ് ഇവിടത്തെ ഭൂപ്രകൃതി. പശിമയുള്ള ചെമ്മണ്ണാണ് പ്രധാന മൺതരം.

കൊക്കോട്ടുകോണം, വിയ്യക്കോണം, നിലമേൽ, പാട്ടേക്കോണം, പെരുങ്കുളങ്ങര, കൊഞ്ഞാർ, വട്ടപ്പാറ,കോട്ടുമം, ചെരിഞ്ഞാംകോണം, മൈലക്കര, കോട്ടിയക്കോണം എന്നീ ഏലകളാണ് ഉള്ളത്.

**പ്രധാന ഏലാകളും കൃഷിയും**

| വാർഡ് | ഏലാകൾ | പ്രധാന കൃഷി |
|---|---|---|
| തേവൻകോട് | 1. കൊക്കോട്ടുകോണം<br>2. വിയ്യക്കോണം<br>3. പാട്ടേക്കോണം | വാഴ<br>റബ്ബർ നഴ്സറി<br>നിലം |
| കള്ളിക്കാട് | നിലമേൽ<br>മഞ്ചംകോട് | നിലം<br>വാഴ, മരച്ചീനി |
| പെരുംകുളങ്ങര | പെരുംകുളങ്ങര<br>മാത്താംകോട് | വാഴ, മരച്ചീനി, തെങ്ങ്<br>നെല്ല്, വാഴ |
| നെയ്യാർ ഡാം | കുരഞ്ചിമം | വാഴ, മരച്ചീനി |
| നിരപ്പുകാല | കൊഞ്ഞാറ്<br>പടപ്പറ<br>കോട്ടുമം | നെല്ല്, മരിച്ചീനി, തെങ്ങ് |
| മുകന്ദറ | | |
| ഉലയൻകോണം | ചെരിഞ്ഞാംകോണം | റബ്ബർ, വാഴ, മരച്ചീനി |
| മൈലക്കര | മൈലക്കര, നാല്പറക്കുഴി<br>കോട്ടിയക്കോണം | നെല്ല്, വാഴ |

### വാർഡിനെ സംബന്ധിക്കുന്ന വിവരങ്ങൾ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|---|
| വീടുകൾ | 415 | 525 | 539 | 550 | 349 | 366 | 347 | 686 |
| ചന്ത | - | ✓ | - | - | - | - | - | - |
| റോഡ്സൗകര്യം ഉണ്ട് ✓ ഇല്ല ✗ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✗ | ✓ |
| പാലങ്ങൾ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| കളിക്കളം | ✗ | 1 | ✗ | ✗ | ✗ | ✗ | ✗ | [illegible] 1 |
| ജനസംഖ്യ | 1499 | 1950 | 1695 | 1957 | 1566 | 1343 | 1489 | 2424 |

## പരിസ്ഥിതി പ്രശ്നങ്ങൾ

I. മഴക്കാലത്ത് അഗസ്ത്യാർമലകളിൽ ഉണ്ടാകുന്ന ഉരുൾ പൊട്ടലും മലവെള്ളപ്പാച്ചിലും കാരണം നെയ്യാർ ജലസംഭരണി കവിഞ്ഞൊഴുകുന്നു. ഇതേത്തുടർന്നുണ്ടാകുന്ന വെള്ളപ്പൊക്കം കാരണം നെയ്യാറിന്റെ ഇരുകരകളും ഇടിഞ്ഞ് നശിക്കുകയും വൻതോതിൽ കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു.

II. നെയ്യാറിലെ അനധികൃത മണലൂറ്റും, വൈഡൂര്യഖനനവും

III. കുന്നിൻചരിവിലുണ്ടാകുന്ന മണ്ണൊലിപ്പ്

IV. ഈ പഞ്ചായത്തിന്റെ അതിർത്തിയായ കണ്ടംതിട്ട എന്ന സ്ഥലത്ത് ട്രാവൻകൂർ ഗ്രാനൈറ്റ് കമ്പനി നടത്തുന്ന കൂറ്റൻ യന്ത്രങ്ങൾ സ്ഥാപിച്ചുള്ള ക്രെഷർ മെറ്റൽ യൂണിറ്റും അനുബന്ധ വ്യവസായങ്ങളും ഈ പഞ്ചായത്തിലെ രണ്ടു വാർഡുകളിൽ (4-5) ജനജീവിതത്തെ താഴെപറയുന്ന കാരണങ്ങളാൽ ബാധിക്കുന്നു.

1. അന്തരീക്ഷ മലിനീകരണത്തെതുടർന്ന് ഉണ്ടാകുന്ന സിലിക്കോസിസ് രോഗം; കുടിവെള്ളം, കൃഷി എന്നിവ കൂടാതെ നെയ്യാർ ജലസംഭരണികൾക്കുണ്ടാകുന്ന ഭീഷണി.

### കാലാവസ്ഥ

ശരാശരി മഴ=200 cm

അന്തരീക്ഷ താപനില = 28°C -32 °C.

**മഴ**: തെക്കുപടിഞ്ഞാറൻ കാറ്റ് വീശിത്തുടങ്ങുന്നതോടുകൂടി ആരംഭിക്കുന്ന ഇടവപ്പാതിയും (ജൂൺ), വടക്കുകിഴക്കൻ കാലവർഷക്കാറ്റിന്റെ ഫലമായുണ്ടാകുന്ന തുലാവർഷവുമാണ് പ്രധാന മഴ. ഡിസംബർ മദ്ധ്യംമുതൽ ഫെബ്രുവരി മദ്ധ്യംവരെ മഴക്കാലമാണ് ഇവിടെ അനുഭവ

| | |
|---|---|
| കാർഷികഭൂമി | 840 ഹെക്കടർ |
| കാർഷികേതര ഭൂമി | |
| തരിശുഭൂമി | 186 ഹെക്ടർ |
| മൈതാനങ്ങൾ | ഒന്ന് |
| കാവുകൾ | ഒന്ന് |
| റോഡുകൾ | |

### മൃഗസമ്പത്ത്

| മൃഗങ്ങൾ | നാടൻ | സങ്കര ഇനം |
|---|---|---|
| കാള | 20 | 100 |
| പശു | 180 | 1200 |
| കിടാരി | 108 | 696 |
| എരുമ | 386 | - |
| പോത്ത് | 116 | - |
| എരുമകിടാരി | 283 | - |
| ആട് | 1172 | - |
| പന്നി | 40 | - |
| പട്ടി | 1784 | - |

പ്പെടുന്നത്. മാർച്ച് മുതൽ മെയ്‌വരെ വേനൽക്കാലവും അനുഭവപ്പെടുന്നു. എന്നാൽ വേനൽമഴയും ലഭിച്ചുവരുന്നു.

## അപൂർവ്വ സസ്യങ്ങൾ

(1) ആരോഗ്യപച്ച
(2) ഗജഢക്കൊടി
(3) കീഴാർനെല്ലി
(4) ശതാവേലിക്കിഴങ്ങ്
(5) ചങ്ങലംപരണ്ട
(6) മൂടില്ലാത്താളി
(7) ഇലത്താളി
(8) മൂവ്വില
(9) ഉഴിഞ്ഞ
10. വേലിപരുത്തി

ഇത്തരത്തിലുള്ള അപൂർവ്വ ഔഷധസസ്യങ്ങൾ പ്രകൃതിദത്തമായി കണ്ടുവരുന്നു.

## പക്ഷികൾ

**1. വളർത്തുപക്ഷികൾ:**

| | |
|---|---|
| നാടൻകോഴി | 6000 |
| സങ്കര ഇനം | 2250 |
| താറാവ് | 100 |
| തത്ത | 22 |
| മൈന | 07 |
| പ്രാവ് | 35 |

**2. കാട്ടുപക്ഷികൾ:**

കുളക്കോഴി
മൂങ്ങ
വാവൽ
ചകോരപക്ഷി
നീർക്കാക്ക (ജലപ്പക്ഷി)

## മനുഷ്യവിഭാഗം:

| | |
|---|---|
| ജനസംഖ്യ | 13,923 |
| സ്ത്രീ | 4326 |
| പുരുഷൻ | 4686 |

1995-ലെ പ്രാദേശിക സ്ഥിതിവിവരക്കണക്കു പ്രകാരം കള്ളിക്കാട് പഞ്ചായത്തിലെ ജനസംഖ്യ 13,923 ആണ്. ഇതിൽ പുരുഷന്മാർ 6779-ഉം സ്ത്രീകൾ 6668 – ഉം ഉൾപ്പെടുന്നു.

ഈ പഞ്ചായത്തിലെ ആകെ വീടുകൾ 3777 ആണ്. അതായത് ശരാശരി വീടൊന്നിന് 4 ആളുകൾവീതം ഉണ്ട്. ജനസാന്ദ്രത കൂടിയ വാർഡ് മൈലക്കരയും, കുറഞ്ഞവാർഡ് നിരപ്പുക്കാലയുമാണ്.

**തൊഴിൽ പങ്കാളിത്തം**

| | |
|---|---|
| സ്വയംതൊഴിൽ | 12% |
| സ്വകാര്യ തൊഴിൽ | 10.4% |
| സർക്കാർ ജീവനക്കാർ | 8.1% |
| കർഷകർ (നാമമാത്രകർഷകർ) | 4% |
| കർഷകതൊഴിലാളികൾ | 26% |
| തൊഴിൽരഹിതർ | 20% |
| ആശ്രിതർ | 7% |
| വിദേശം | 2% |
| മറ്റുള്ളവർ | 10.5% |

ജനസംഖ്യ കണക്ക് പരിശോധിക്കുമ്പോൾ നാല് ശതമാനത്തോളം വരുന്ന നാമമാത്രകർഷകരാണ് ഉള്ളത്. ചുരുക്കം ചിലർ വിസ്തൃതമായ ഭൂവിഭാഗത്തിന്റെ ഉടമകളുമാണ്. ഈ പഞ്ചായത്ത് അതിർത്തിയിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ നിലവിലില്ല. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന കുടിൽവ്യവസായങ്ങളിലും, പരമ്പരാഗതമായ രീതിയിൽ തുടർന്നുവരുന്ന കാർഷികവൃത്തിയിലും ഏർപ്പെട്ടാണ് 30%ത്തോളം വരുന്ന തൊഴിലാളികൾ ഉപജീവനം നടത്തിവരുന്നത്. കാലാവസ്ഥയ്ക്ക് അനുസൃതമായ കൃഷിരീതികളെ ആശ്രയിച്ചുകൊണ്ടാണ് കർഷകതൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നത്.

ഇന്ന് നിലവിലിരിക്കുന്ന കുടിൽ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യംനിമിത്തം കടുത്ത ഭീഷണി നേരിടുന്നു. സ്ത്രീകളുടെ തൊഴിലില്ലായ്മ വർദ്ധിക്കുവാൻ ഇതു കാരണമാകുന്നു. 20% വരുന്ന തൊഴിൽ രഹിതരിൽ ഏറിയഭാഗവും എസ്.എസ്.എൽ.സിക്കും മുകളിലാണ്. ഇതിൽ ഉന്നത വിദ്യാഭ്യാസം ലഭിച്ചവരും സാങ്കേതികയോഗ്യതയുള്ളവരും ഉണ്ട്. ഇവരുടെ മനുഷ്യാദ്ധ്വാനം ദിനംപ്രതി നഷ്ടമായിക്കൊണ്ടിരിക്കുന്നു. എല്ലാ ജനവിഭാഗങ്ങളുടെ ഇടയിലും പണക്കാരെയും പാവപ്പെട്ടവരേയും കണ്ടെത്താൻ കഴിയും.

സർക്കാർ ജീവനക്കാരുടെ എണ്ണം പരിമിതമാണ്. കാർഷികമേഖലയാണ് ഇവിടത്തെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം. നാല് പട്ടികജാതി-പട്ടികവർഗ്ഗ കോളനിയും, രണ്ട് സെറ്റിൽമെന്റ് ഏരിയായും കൂടാതെ ജനനിബിഡമായ 9 കോളനിപ്രദേശങ്ങളും ഉണ്ട്.

പൊതുവെ പറഞ്ഞാൽ ജാതിയുടേയും മതത്തിന്റേയും കടുത്ത സ്വാധീനം ഏൽക്കാതെ, ഒരു ചേരിയിലും ഉൾപ്പെടാതെ സാമൂഹിക ജീവിതത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ജനജീവിതം മന്നോട്ടുപോകുന്നു.

# NEYYAR IRRIGATION PROJECT

| | |
|---|---|
| Foundation Stone was laid on | 15-12-1951 |
| Commissioned on | 9-2-1959 |
| Site | On the river Neyyar in lat 8° 32'N. long 77° 8' E at Chempillamoodu |
| Catchment area | 54 sq miles |
| Rain fall | 90"-120" |
| Run off | 8,500 mcft |
| Flood Flow | 28,580 cusecs |
| Dam type | straight gravity, with rubble in cement mortar. |
| Flood Disposal | over the Dam by a spill way controlled by 4 radial gates 17' high and 28' 4 1/2 clear span. |
| Capacity of Reservoir | 3,750 mcft |
| Water spread | 3.5 sq miles |
| length at crest | 965 ft. |
| Width at crest | 18 ft |
| Max height | 166 ft |
| Height above river bed | 124 ft |
| Length of spill way | 127 ft |
| Height above spill way | 17 ft (crest to M.W.L.) |
| Quantity of masonry | 44,000 cft |
| Crest of dam | + 281.00 |
| Maximum Water level | + 278.00 |
| River bed | + 154.00 |
| Stilling basin | + 146.00 |

**Canals**

| | |
|---|---|
| Length of right Bank Canal | 22 miles |
| Length of left Bank Canal | 21 miles |
| Bottom width of main canals | 18 ft |
| Discharge of main canals | 300 cusecs |
| Side slope in cutting | 3/4 to 1 |
| Side slope in Filling | 1 to 1 |
| Longitudinal Slope | 1 1/2 ft per mile. |

**Benefits**

| | |
|---|---|
| Increased Production of Paddy | 20,000 tones |
| Improvement of Existing irrigation | 16,000 acres |
| New area irrigated | 20,000 acres |

പ്രധാന ജലസ്രോതസ്സുകൾ:

| ഇനം | നദി | അരുവി | നീർചാൽ | കുളം | ഉറവ | കിണർ | കുഴൽകിണർ |
|---|---|---|---|---|---|---|---|
| എണ്ണം | 1 | 23 | 17 | 6 | 60 | 394 | 13 |

## കള്ളിക്കാട് പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

**1. തേവൽകോട്**

| | |
|---|---|
| എൽ.പി. എസ്. | 1 |
| അങ്കണവാടി | 1 |
| ഫെഡറൽ ബാങ്ക് | 1 |
| ഓപ്പൺ ജയിൽ (അനക്സ്) | |

**2. കള്ളിക്കാട്**

| | |
|---|---|
| ചെക്ക്പോസ്റ്റ് | 1 |
| പഞ്ചായത്ത് ആഫീസ് | 1 |
| കൃഷിഭവൻ | 1 |
| ഇലക്ട്രിസിറ്റി ഓവർസിയർ ആഫീസ് | 1 |
| വനിതാ സഹകരണസംഘം | 1 |
| അങ്കണവാടി | 2 |
| സർവ്വീസ് സഹകരണ ബാങ്ക്1 | |
| റൂറൽ ഹൗസിംഗ് സഹകരണസംഘം | 1 |

**3. പെരുംകുളങ്ങര**

| | |
|---|---|
| വില്ലേജ് ആഫീസ് | 1 |
| പോസ്റ്റ് ആഫീസ് | 1 |
| PHC | 1 |
| ഹൈസ്കൂൾ | 1 |
| അങ്കണവാടി | 1 |
| ഓപ്പൺ ജയിൽ | |
| പൊലീസ് സ്റ്റേഷൻ | |
| ക്ഷീരോല്പാദകസഹകരണസംഘം | 1 |
| നെയ്യാർഡാം ചെക്ക്പോസ്റ്റ് | 1 |

**4. നെയ്യാർഡാം**

| | |
|---|---|
| ഫോറസ്റ്റ് ഓഫീസ് | |
| ഇറിഗേഷൻ ഓഫീസ് | |
| കെ.ടി.ഡി.സി. | |
| ബോട്ട് ക്ലബ്ബ് (DTPC) | |
| റ്റ്ലാവെട്ടി എൽ.പി. എസ്. | 1 |
| ഗിരിജൻ സഹകരണ സംഘം | 1 |
| അങ്കണവാടി | 1 |
| മിഡ്വൈഫ് സെന്റർ | 1 |
| ലയൺ സഫാരി പാർക്ക് | 1 |
| ഡിയർ പാർക്ക് | 1 |
| ചീങ്കണ്ണിവളർത്തൽ കേന്ദ്രം | 1 |

**5. നിരപ്പുകാല**

| | |
|---|---|
| വില്ലേജ് ആഫീസ് | |
| ആയുർവേദ ആശുപത്രി | 1 |
| അങ്കണവാടി | 1 |

**6. മുകന്ദറ**

| | |
|---|---|
| എച്ച്.എസ്. വാവോട് | 1 |
| അങ്കണവാടി | 1 |
| ക്ഷീരോല്പാദക സഹകരണസംഘം | 1 |

**7. ഉലയൻകോണം**

**8. മൈലക്കര**

| | |
|---|---|
| പോസ്റ്റ് ആഫീസ് | 1 |
| ക്ഷീരോല്പാദകസഹകരണസംഘം | 1 |
| യു.പി.എസ്. മൈലക്കര | 1 |
| എൽ.പി.എസ്. ചാമവിളപ്പുറം | 1 |
| മിഡ്വൈഫ് സെന്റർ | 1 |
| അങ്കണവാടി | 1 |
| ഡോർമെറ്ററി സെന്റർ (Forest) | 1 |

# 1. കൃഷി



സഹ്യാദ്രിസാനുക്കളുടെ തെക്കുപടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്ന 5000 ഹെക്ടർ റവന്യൂ വനം ഉൾപ്പെട്ട പ്രദേശമാണ് കള്ളിക്കാട് ഗ്രാമപഞ്ചായത്ത്. വനഭാഗം കഴിഞ്ഞുള്ള **1778** ഹെക്ടർ ഭൂമിയാണ് കള്ളിക്കാട്, വാഴിച്ചൽ, ഒറ്റശേഖരമംഗലം വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നത്. അഗസ്ത്യാർകൂടം മലനിരകളെ തഴുകിവരുന്ന ഇളംകാറ്റിന് ആയുർവ്വേദ മരുന്നുകളുടെ ഗന്ധമുണ്ടെന്നാണ് ഇന്നും ജനവിശ്വാസം.

വടക്ക്-കിഴക്ക് മലനിരകളും റവന്യൂ വനഭൂമിയും കഴിഞ്ഞാൽ അവശേഷിക്കുന്ന ഭൂമിയുടെ ഏറെഭാഗവും മലവാസികളായ കാണിക്കാർ ഒഴിഞ്ഞുപോയ ഭൂപ്രദേശമാണ്. വട്ടക്കരിക്കകം, കോട്ടമൺപുറം, അരുവിപ്പുറം, കൈതമടക്ക് തുടങ്ങിയ നെയ്യാർ ജലാശയം വിഴുങ്ങപ്പെട്ടതുൾപ്പെടെയുള്ള ഭൂപ്രദേശം ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒറ്റശേഖരമംഗലം B വില്ലേജ് ആയിരുന്നു. കാലക്രമേണ ഇത് കള്ളിക്കാട് വില്ലേജായി രൂപംപ്രാപിക്കുകയും തുടർന്ന് വിഭജിക്കപ്പെടുകയും ചെയ്തു. ഇന്ന് ഈ ഗ്രാമപഞ്ചായത്തിന്റെ ഏറിയഭാഗവും കള്ളിക്കാട് വില്ലേജിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കരനെല്ലും, മരച്ചീനിയും, കുരുമുളകും, കവുങ്ങും, വാഴയും, ഇഞ്ചിയും, കാച്ചിലും, ചേനയും, ചേമ്പുമായിരുന്നു ആദ്യകാല വിളകൾ. ഈ വിളകൾ എല്ലാം ഇന്ന് അന്യംനിന്നുപോയിരിക്കുന്നു.

കാണിപ്പറ്റുഭൂമിയിൽ കർഷകരുടെ വ്യാപനം വർദ്ധിച്ചതോടെ സ്വന്തം ഭൂമിക്ക് 'പട്ടയം' എന്നതായി കൃഷിക്കാരന്റെ ആവശ്യം. അങ്ങനെ കാണിപ്പറ്റ് കർഷക സംഘടനകൾ രൂപംകൊണ്ടു. ഈ സംഘടനകളുടെ നേതൃത്വത്തിൽ സമരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. നിരന്തരമായ സമരം കർഷകരുടെ ആവശ്യങ്ങൾ അംഗീകരിച്ചു. 1958-മുതൽ കാണിപ്പറ്റ് ഭൂമി കൈവശക്കാർക്ക് പതിച്ചുകൊടുക്കുവാനുള്ള നടപടികൾ ആരംഭിച്ചു. റവന്യൂ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടോ, കർഷകർ ശരിയായ രേഖകൾ നൽകാത്തതുകൊണ്ടോ, 66 ഹെക്ടറിലധികം വരുന്ന തരിശുഭൂമി പതിവിൽപ്പെടാതെ കിടക്കുന്നു. ഇതിൽ നെയ്യാർ ഇറിഗേഷൻ വക സംരക്ഷിത പ്രദേശവും ഉൾപ്പെടുന്നു.

1951-ൽ നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ ആരംഭത്തോടുകൂടിയാണ് ഗ്രാമത്തിന്റെ മുഖഛായ മാറാൻ തുടങ്ങിയത്. 1955 ആയപ്പോഴേക്കും കരനെല്ല്കൃഷി പൂർണ്ണമായി നിലച്ചു. കുരുമുളക് ചെടികളും നശിച്ചുതുടങ്ങി. ഈ കാലഘട്ടത്തിൽത്തന്നെ ഇടതൂർന്ന കവുങ്ങിൻതോപ്പുകളുടെ നാശവും ആരംഭിച്ചുതുടങ്ങി. തുടർന്ന് റബ്ബർ കൃഷി കടന്നുവന്നു. 1980 ആയപ്പോഴേക്കും ഈ പഞ്ചായത്തിൽ കവുങ്ങ് ഒരു പൂർണ്ണ നാണ്യവിളയായി അവശേഷിച്ചു.

റവന്യൂരേഖകൾ പ്രകാരം 65 ഹെക്ടർ നിലം ഉണ്ടായിരുന്നു എന്നു കാണുന്നു. ഈ പാടശേഖരങ്ങളിൽ ഭൂരിഭാഗവും ഇപ്പോൾ കരപ്പറമ്പായി മാറിക്കഴിഞ്ഞു. കൃഷിഭവന്റെ കണക്കനുസരിച്ച് നെൽകൃഷിക്കായി 5 ഹെക്ടർ നിലം മാത്രമാണ്. ഇന്ന് അവശേഷിക്കുന്നത്. നെൽകൃഷിയിൽ ഉണ്ടാകുന്ന കീടബാധയും, പണിക്കാരുടെ ശമ്പളവർദ്ധനവും കൃഷിക്കാരനെ കടക്കാരനാക്കി മാറ്റിക്കൊണ്ടിരിക്കുന്നു എന്നാണ് കാർഷികകാരണവന്മാരുടെ 'വായ്മൊഴി' ഇതേപ്പറ്റി പഠിക്കാനോ പരിഹാരം കണ്ടെത്താനോ കൃഷിഡിപ്പാർട്ട്മെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

1950-കഴിഞ്ഞപ്പോൾ ഈ ഭൂ പ്രദേശത്ത് റബ്ബറിന്റെ കടന്നുകയറ്റം തുടങ്ങി. ഇപ്പോൾ ഈ പഞ്ചായത്തിലെ കൂടുതൽ പ്രദേശത്തും റബ്ബർകൃഷി വ്യാപിച്ചുകഴിഞ്ഞു. കൃഷിഭവന്റെ കണക്കനുസരിച്ച് 410 ഹെക്ടർ റബ്ബർകൃഷിയാണുള്ളത്.

**റബ്ബർകൃഷി**

| | |
|---|---|
| ഓപ്പൺ ഏരിയ | 176.8 ഹെ. |
| നെട്ടുകാൽത്തേരി റബ്ബർ പ്ലാന്റേഷൻ സ്കീം | 138.8 ഹെ. |
| ആകെ | 315.6 ഹെ. |

| | |
|---|---|
| കൃഷിഭവന്റെ കണക്ക് | 410.00 ഹെ. |
| ടി. രണ്ടുഭാഗങ്ങളിലുംകൂടെ | 315.6 ഹെ. |
| ബാക്കി | 94.4 ഹെ. |

അങ്ങനെ കൃഷിക്കാർ 94.4 ഹെക്ടർ ഭൂമിയിൽമാത്രം റബ്ബർ കൃഷിചെയ്തിരിക്കുന്നതായി കണക്കുകളിൽ കാണുന്നു. ഇത് തീർത്തും ശരിയല്ലായെന്ന് പഠനപര്യടനത്തിൽനിന്നും മനസ്സിലാക്കുന്നു. 315.6 ഹെക്ടർ കഴിഞ്ഞാൽ 250 ഹെക്ടറിൽ കുറയാതെ റബ്ബർ കൃഷിയുണ്ട്. ഇത് പട്ടയ ഭൂമി ഒഴികെ, പുറംപോക്ക്, തരിശ്, നെയ്യാർ സംരക്ഷിത പ്രദേശം ഇവ ഉൾപ്പെട്ടുകിടക്കുന്നു.

## കള്ളിക്കാട് കൃഷിഭവൻ

### 1. കാർഷിക ഉപകരണങ്ങൾ

കള്ളിക്കാട് കൃഷിഭവനിൽനിന്നും 1985-ൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി "നപ് സാക് സ്പ്രേയർ" സൗജന്യമായി വിതരണംചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ അവ ഉടമസ്ഥരിൽനിന്നും നഷ്ടപ്പെട്ടിരിക്കുന്നു.

കൃഷിക്കാർക്കുവേണ്ടി സൗജന്യനിരക്കിൽ '12' "പോർട്ടബിൾ" പമ്പുസെറ്റുകൾ വിതരണംചെയ്തിട്ടുണ്ട്. അവയിൽ പകുതിയും ഇവർ ജലസേചനത്തിനായി ഉപയോഗിച്ചുകാണുന്നില്ല.

കേരകർഷക സമിതിക്കുവേണ്ടി ഒരു തെങ്ങുകയറ്റ യന്ത്രം വിതരണംചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനവും ഇപ്പോഴില്ല.

### 2. നടീൽവസ്തുക്കളുടെ വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 500 | 200 | 335 |
| കശുമാവ് | - | 240 | - |
| കുരുമുളക് | 800 | 4000 | 4000 |
| കവുങ്ങ് | - | - | - |
| പ്ലാവ് | - | - | 154 |
| മാവ് | - | - | 10 |
| പേര | - | - | 10 |
| ജാമ്പ | - | - | 24 |
| നാരകം | - | - | 14 |
| ചെറി | - | - | 6 |
| സപ്പോർട്ട | - | - | 32 |
| വാഴ | 200 | - | 1800 |
| ഗ്രാമ്പ് | - | 75 | 50 |
| പയർ | 20 Kg. | - | 32 Kg. |

### 3. ദുരിതാശ്വാസ വിതരണം

| വർഷം | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | സഹായം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|
| 1993-94 | - | Rs.472 | - | 20 |
| 1994-95 | Rs. 30502 | - | - | 44 |
| 1995-96 | Rs. 97799 | - | Rs. 6946 | 297 |

### 4. തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| തെങ്ങ് | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|
| തെങ്ങ് കൃഷി (വിസ്തീർണ്ണം) | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 185 ഹെക്ടർ | 32682 | 65363 | 98045 | 5 | 1000 | 100 | 55 | - | 1160 |

### 5. കീടനാശിനി വിതരണം

| | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|
| | ദ്രവം | ഖരം | ദ്രവം | ഖരം | ദ്രവം | ഖരം |
| കൃഷിഭവനിൽ നിന്നും | 750ml | 2.35Kg. | 500ml | 1.5 Kg. | - | - |

### 6. വിളവിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 5 ഹെ: | ലഭ്യമല്ല | ലഭ്യമല്ല |
| നെല്ല് (രണ്ടാം വിള) | - | | |
| നെല്ല് (മൂന്നാം വിള) | - | | |
| പയർ | 3 ഹെ: | | |
| എള്ള് | - | | |
| പച്ചക്കറികൾ | 2 ഹെ: | | |
| തെങ്ങ് | 185 ഹെ: | | |
| വാഴ | 160 ഹെ: | | |
| മരച്ചീനി | 110 ഹെ: | | |
| കുരുമുളക് | 35 ഹെ: | | |
| പ്ലാവ് | 1 ഹെ: | | |
| കശുമാവ് | 1/2 ഹെ: | | |
| മാവ് | 2 ഹെ: | | |
| റബ്ബർ | 410 ഹെ: | | |
| കവുങ്ങ് | 2 ഹെ: | | |
| ഗ്രാമ്പ് | 1 ഹെ: | | |
| ഇഞ്ചി | 1/2 ഹെ: | | |
| മഞ്ഞൾ | നാമമാത്രം | | |
| പഴവർഗ്ഗം | 50 ഹെ: | | |
| മറ്റുള്ളവ | 20 ഹെ: | | |

## 7. വളം വിതരണം

| വിതരണമേഖല | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|
| | Rs | Ps | Rs | Ps | Rs | Ps |
| സഹകരണം (S.C.B. 668) | 7,98,545 | - | 10,66,018 | - | 7,72725 | - |
| സ്വകാര്യം | 4,03000 | - | 413075 | - | 403001 | - |
| മറ്റ് ഏജൻസി | | | - | | | |
| ആകെ | 1201545 | - | 1479073 | | 117526 | - |

## 8. കാർഷിക വായ്പകൾ

### കള്ളിക്കാട് സർവ്വീസ് സഹകരണബാങ്ക്

| ഇനം | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ഹ്രസ്വകാലം | 417 | 18,14,450 | 316 | 16,30500 | 387 | 18,19,250 |
| മദ്ധ്യകാലം | 2 | 6000 | - | | - | - |
| ദീർഘകാലം | 10 | 53675 | 30 | 218924 | 9 | 86950 |
| ആകെ | 429 | 1874125 | 346 | 1849424 | 396 | 1796200 |
| പ്രവർത്തന മൂലധനം | | 6729254 | | 7598362 | | 1,000,0000 |
| അംഗസംഖ്യ | 3357 | | 3607 | | 3675 | |

### ഫെഡറൽ ബാങ്ക് കള്ളിക്കാട് ശാഖ

#### കാർഷിക ലോണുകൾ

| ന: | ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1 | ഹ്രസ്വകാലം | 2592 | 2654 | 2891 |
| 2 | മദ്ധ്യകാലം | 1377 | 1789 | 1866 |
| 3 | ദീർഘകാലം | 67 | 132 | 166 |
| 4 | ഡയറി | 247 | 326 | 162 |
| 5 | കോഴിവളർത്തൽ | 8 | | - |
| 6 | മത്സ്യകൃഷി | - | - | - |

### ഐ.ഒ.ബി-
### പൂഴനാട് ശാഖ

1992 മുതൽ നാളിതുവരെ-6-8 വാർഡുകൾ മാത്രം

| ഇനം | എണ്ണം | തുക |
|---|---|---|
| കാർഷിക വായ്പ | 49 | Rs. 555000 |
| മുൻഗണന കാർഷികേതരവായ്പ | 31 | Rs. 339300 |
| മറ്റ് വായ്പകൾ | 15 | Rs. 1,7,3000 |

## പ്രത്യേക തൊഴിൽദാനപദ്ധതി

കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാനപദ്ധതിയിൽ ഈ പഞ്ചായത്തിലെ നൂറോളം യുവ കർഷകർ അംഗങ്ങളായിട്ടുണ്ട്. ശ്രീ. S. ഷാജിയാണ് ഇതിന്റെ കൺവീനർ.

## ആവശ്യങ്ങൾ

1. വിവിധയിനം കൃഷിരീതികളെക്കുറിച്ച് യുവകർഷകർക്ക് വിദഗ്ദ്ധപരിശീലനം നൽകണം. അവ പ്രാവർത്തികമാക്കാനുള്ള സാമ്പത്തിക സഹായവും നൽകണം.
2. കൃഷി ഓഫീസ്‌വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും യുവകർഷകർക്ക് മുൻഗണന നൽകണം.
3. യുവകർഷകർക്ക് കാർഷികോപകരണങ്ങളും, വിത്തിനങ്ങളും, വളങ്ങളും സൗജന്യമായി നൽകണം.
4. യുവകർഷകരുടെ കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനും, കാർഷികവിളവുകൾ സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.
5. യുവകർഷകർക്ക് മാസന്തോറും നിശ്ചിത തുക വേതനമായി നൽകണം.
6. യുവകർഷകർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം
7. യുവകർഷകർക്ക് കാർഷികാവശ്യത്തിന് പമ്പുസെറ്റുകൾ സൗജന്യമായി നൽകണം.
8. യുവകർഷകർക്ക് ആടുമാടുകളേയും കോഴിക്കുഞ്ഞുങ്ങളേയും വളർത്തുന്നതിന് പലിശ ഈടാക്കാതെ വായ്പ നൽകണം.
9. യുവകർഷകർക്ക് വീട് വയ്ക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.
10. കാർഷികസമിതിയിൽ യുവകർഷകരുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണം.
11. യുവകർഷകരുടെ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
12. കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ നിയമനങ്ങളിൽ അർഹരായ യുവകർഷകർക്ക് മുൻഗണന നൽകണം.

## നിർദ്ദേശങ്ങൾ

1. നെൽപ്പാടങ്ങളെ സംരക്ഷിക്കുവാൻ കരുതൽ നടപടികൾ സ്വീകരിക്കുക.
2. 'പാഡി' ഗ്രൂപ്പ് ഫാമുകൾ അർഹമായ ഇടങ്ങളിൽ നടപ്പിലാക്കുക.
3. 'വീടിനൊരു അടുക്കളത്തോട്ടം' എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ വേണ്ട നടപടികൾ കൃഷിഭവൻ മുഖേന നടപ്പിലാക്കുക.
4. കാർഷിക ഉല്പന്നങ്ങൾക്ക് സംഭരണ-വിതരണ കേന്ദ്രം സ്ഥാപിക്കുക.
5. വെറ്റിലകൃഷി പ്രോത്സാഹിപ്പിക്കുവാൻ കൃഷിഭവൻ മുഖേന നടപടികൾ സ്വീകരിക്കുക.
6. തെങ്ങുകൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണവും, അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകളുടെ വിതരണവും നടപ്പിലാക്കണം.
7. അലങ്കാര പുഷ്പങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കണം.
8. കിഴങ്ങുകൃഷി പ്രോത്സാഹിപ്പിക്കണം.
9. നെയ്യാർ ദ്വീപ് സമൂഹങ്ങളിൽ കശുമാവ് കൃഷിചെയ്യണം.

10. പുറംപോക്കുകളിൽഫലവൃക്ഷങ്ങൾ നടണം.
11. പഞ്ചായത്തിൽ ഒരു ഔഷധ കൃഷിത്തോട്ടം നിർമ്മിക്കണം.
12. കൂൺകൃഷിയെ പ്രോത്സാഹിപ്പിക്കണം.
13. അത്യുല്പാദനശേഷിയുള്ള കുരുമുളകുകൃഷിയും, ബോധവൽക്കരണവും നടപ്പിലാക്കണം.
14. വിള ഇൻഷ്വറൻസ് പ്രാവർത്തികമാക്കണം.
15. കൃഷിഭവൻ മുഖേനയുള്ള കാർഷിക ക്ഷേമനിധിയിലേക്ക് പിരിച്ചെടുത്ത തുകയ്ക്ക് രേഖകൾ നൽകുകയും പദ്ധതി പൂർത്തിയാക്കുകയും ചെയ്യുക.
16. തേനീച്ചവളർത്തൽ പരിശീലിപ്പിക്കണം.
17. കൃഷിഭവനിൽ വിദഗ്ദ്ധ പരിശീലകരെ നിയമിച്ച് കർഷകരെ ബോധവൽക്കരിക്കുക.
18. സബ്സിഡിനിരക്കിൽ പോർട്ടബിൾ പമ്പുസെറ്റുകൾ കൃഷിക്ക് നൽകണം.
19. നപ് സാക്ക് സ്പ്രേയറുകൾ
20. റബ്ബറിനുള്ള മരുന്നുതളി യന്ത്രങ്ങൾ കൃഷിഭവൻമുഖേന കൃഷിക്കാർക്ക് ഉപയോഗത്തിന് നൽകണം.
21. കൃഷിഭവനിൽ ഒരു റബ്ബർബോർഡ് ജീവനക്കാരൻ ഉണ്ടായിരിക്കണം.
22. കൃഷിഭവനിൽ മണ്ണ്, റബ്ബർ ഇല എന്നിവയുടെ പരിശോധനാസൗകര്യങ്ങൾ ഏർപ്പെടുത്തണം.

23 മണ്ണിരവളം-പരിശീലനവും, നിർമ്മാണവും ആരംഭിക്കണം.

24. കൃഷിഭവനിൽ ഒരു കമ്പോസ്റ്റ് നിർമ്മാണ പ്രദർശനയൂണിറ്റ് ആരംഭിക്കണം.

26 പെപ്പർ പാക്കേജ് യൂണിറ്റ് ഉണ്ടാവണം.

27. അടിയന്തിരമായി കൃഷിഭവന് കെട്ടിടവും ഫർണിച്ചറുകളും ഉണ്ടാവണം.
28. മലക്കറി വിത്തുകൾ കൃഷിഭവനിലൂടെ കാലാകാലങ്ങളിൽ വിതരണംചെയ്യുകയും, കൃഷിക്കുവേണ്ടുന്ന സാങ്കേതിക പരിശീലനം നൽകുകയും ചെയ്യണം.
29. ഈ ഗ്രാമത്തിൽ കീടനാശിനിവിതരണം ഒരു ഏജൻസിവഴിയും വിതരണം ചെയ്യുന്നില്ല. കാർഷിക സഹകരണസംഘങ്ങളിലും, കൃഷിഭവനിലും നല്ലയിനം കീടനാശിനികൾ ലഭിക്കുവാൻ വേണ്ടുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

# 2. ജലസേചനം



**നെ**യ്യാർ ഇറിഗേഷൻ പ്രോജക്ട് ഈ ഗ്രാമപഞ്ചായത്തിന്റെ നാലാം വാർഡിൽ (നെയ്യാർഡാം) ആണ് സ്ഥിതിചെയ്യുന്നത്. 1951-ൽ ഈ പദ്ധതി തയ്യാറാക്കുമ്പോൾ നെയ്യാറ്റിൻകര, നെടുമങ്ങാട്, വിളവംകോട് എന്നീ മൂന്ന് താലൂക്കുകളിലുമായി 36,000 ഏക്കർ (14,400 ഹെക്ടർ) കൃഷിഭൂമിക്ക് ജലസേചനസൗകര്യം ലഭിക്കുമെന്നും 20,000 ടൺ നെല്ല് കൂടുതൽ ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നുമാണ് അനുമാനിച്ചിരുന്നത്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ എത്രമാത്രം ജലസേചനസൗകര്യം ലഭിക്കുമെന്ന് പ്രത്യേകം പറഞ്ഞിരുന്നില്ല. ഈ പ്രോജക്ടിലെ വലതുകരചാനൽ 5 കിലോമീറ്റർ കഴിഞ്ഞാൽ പകുതിയോളം ഭാഗങ്ങളെങ്കിലും കൃഷിയിടങ്ങളിൽനിന്നും താഴ്ന്നുപോകുന്നതിനാൽ അവിടെങ്ങും ജലസേചനസൗകര്യം ലഭിക്കുന്നില്ല. എന്നാൽ രണ്ടാമത് പണികഴിപ്പിച്ച ഇടതുകര ചാനൽ മേൽപ്പറഞ്ഞ അപര്യാപ്തത പരിഹരിക്കപ്പെട്ടിരുന്നു.

പഞ്ചായത്തിലെ കനാലുകൾക്ക് സമീപമുള്ള കൃഷിക്കാർ ജലസേചനത്തിനുള്ള കരം കൊടുക്കുന്നുണ്ടെങ്കിലും ജലലഭ്യത വളരെ കുറവാണെന്നകാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലുടനീളം 394 കിണറുകളും, 23 തോടുകളും, 17 നീർച്ചാലുകളും, 6 കുളങ്ങളും, 60 നീരുറവകളും, 13 കുഴൽകിണറുകളും ഉണ്ട്. ഇതിൽ മൈലക്കര വാർഡിൽ ഉള്ള രണ്ട് കുളങ്ങൾ പ്രസിദ്ധമാണ്. മൈലക്കര U.P.S-നടുത്തുള്ള കുളത്തിൽനിന്നും മൈലക്കര ഏലായ്ക്കും അതോടു ചേർന്നുള്ള കരപറമ്പുകൾക്കും ജലസേചനസൗകര്യം ലഭിക്കുന്നു. മൈലക്കര വലിയകുളത്തിനു സമീപമുളള പ്രദേശങ്ങൾ ഭൂ ഉടമകൾ കൈവശപ്പെടുത്തി കരപ്പറമ്പായി ഉപയോഗിക്കുന്നു. ആ പ്രദേശം പഞ്ചായത്ത് ഏറ്റെടുത്ത് കാർഷികവികസനത്തിന് ഉപയുക്തമാക്കണം.

പ്രധാനമായ 15 തോടുകളുടെ വിവരം പട്ടികയിൽ പറഞ്ഞിരിക്കുന്നു. അവ പരിശോധിച്ച് കൃഷിക്കാർക്ക് ഉപയുക്തമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

### ജലസേചനത്തിന്റെ അപര്യാപ്തത

– നെയ്യാറിലെ മണലൂറ്റുകാരണം നെയ്യാർ വളരെയധികം താണിരിക്കുന്നതിനാൽ കിണറുകളിലേയും, നീരുറവകളിലേയും, മറ്റ് ജലസ്രോതസുകളിലേയും ജലം ലഭ്യമല്ലാതാകുന്നു. ജലസേചനസൗകര്യത്തിനായി വാർഡുകൾ തോറും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തയ്യാറാക്കി കൃഷിക്കാരെ സഹായിക്കേണ്ടിയിരിക്കുന്നു.

### നെയ്യാർ ഇറിഗേഷൻ പ്രോജക്ട്

3750 'മെട്രിക് ചതുരശ്ര അടി' വെള്ളം സംഭരിക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 1951-ൽ ആരംഭിക്കുകയും [15-12-1951], 1959 ഫെബ്രുവരി ഒൻപതാം തീയതി കമ്മീഷൻചെയ്യുകയും ചെയ്തു. അടങ്കൽ തുകകളെക്കുറിച്ചുള്ള വിവരങ്ങൾ **ഭൂപ്രകൃതിയും വിഭവങ്ങളും** എന്ന ഭാഗത്ത് പറഞ്ഞിട്ടുണ്ട്.

മണ്ണൊലിപ്പുകാരണം റിസർവോയറിന്റെ സംഭരണശേഷി കുറയുകയും, മഴക്കാലങ്ങളിൽ നിറഞ്ഞൊഴുകുന്ന ജലം ഡാമിന് താഴോട്ടുള്ള കൃഷിഭൂമിക്കും-കുടികിടപ്പുകാർക്കും വളരെയേറെ നഷ്ടംവരുത്തുകയും ചെയ്യുന്നു. 1966-ലും 1976-ലും ഉണ്ടായ വെള്ളപ്പൊക്കം കഞ്ചിക്കാട് മുതൽ പൂവ്വാർ വരെയുള്ള ഇരുകരകളിലേയും കൃഷിയും, വീടുകളും മനുഷ്യജീവിതവും താറുമാറാക്കിയിട്ടുണ്ട്. ഇതിനുശേഷവും രണ്ടുതവണ വെള്ളപ്പൊക്കം ഉണ്ടായെങ്കിലും ഭീകരതയ്ക്ക് അല്പം കുറവുണ്ടായിരുന്നു എന്നുമാത്രം.

നെയ്യാർഡാമിന്റെ സംരക്ഷിത മേഖലകളിൽ കുടികിടപ്പുകാർ ഉള്ളതിനാൽ വീട്ടുപറമ്പുകളിൽ അവർ കൃഷിയിറക്കുന്നു. ഇതുമൂലം മണ്ണൊലിപ്പ് ജലാശയത്തിന്റെ സംഭരണശേഷി നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇനിയും ഈ കുടികിടപ്പുകാരെ പുനരധിവസിപ്പിച്ചില്ലെങ്കിൽ **നെയ്യാർഡാം** നെയ്യാറ്റിൻകര താലൂക്കിലെ ജനങ്ങളെ വിഴുങ്ങാൻ കാത്തുനിൽക്കുന്ന ഒരു ഭീകരവസ്തുവിനെപ്പോലെ അവശേഷിക്കുകയും പദ്ധതിയുടെ ലക്ഷ്യം എങ്ങുമെത്താതെ വരികയും ചെയ്യും.

**ചെറുകിട ജലസേചനപദ്ധതികൾ**

| ന: പദ്ധതിയുടെ പേര് | കടന്നുപോകുന്ന വാർഡുകൾ | പ്രയോജനംലഭിക്കുന്ന പ്രദേശം |
|---|---|---|
| 1 വിയ്യക്കോണം കാണിക്കോണംതോട് | I തേവൻകോട് വാർഡ് | നടപ്പാതസൗകര്യം മാത്രം |
| 2 കുണ്ണിക്കോണം, താല്പറത്തിലയ്ക്കൽ തോട് | I തേവൻകോട് വാർഡ് | കോട്ടറക്കോണം ഏലാപ്പറമ്പ് |
| 3. നിലമേൽ തോട് | II കള്ളിക്കാട് വാർഡ് | നിലമേൽ ഏല |
| 4 പറമാടംകോണം കണ്ടറമൂഴിതോട് | I തേവൻകോട് & III പെരുങ്കുളങ്ങര | കാര്യമായ ജലസേചനസൗകര്യം ഇല്ല |
| 5. വില്ലിയോട് കുണ്ടറമൂഴി തോട് | III പെരുങ്കുളങ്ങര | ജലസേചനസൗകര്യം കുറവ് |
| 6. കോട്ടമം ഉലയൻകോണം പടപ്പറതോട് | V നിരപ്പുക്കാല | കോട്ടമം ഏല പടപ്പറ ഏല |
| 7. നാരകത്തിൻകുഴി കോട്ടിയക്കോണം തോട് | VIII മൈലക്കരവാർഡ് | കോട്ടിയക്കോണം ഏലാ പ്രദേശം |
| 8. മലവിള ചെറിഞ്ഞാംകോണം | VII ഉലയൻകോണം | ചെറിഞ്ഞാംകോണം കരപ്പറമ്പ് |
| 9. പുലിക്കുഴി പെരിഞ്ഞാൽ | VII ഉലയൻകോണം | പെരിഞ്ഞാൽകരപ്പറമ്പ് |
| 10 കോട്ടിയക്കോണം | VIII മൈലക്കര | കോട്ടിയക്കോണം ഏല |
| 11. കൊഞ്ഞാർപടപ്പറ | V നിരപ്പുക്കാല | പടപ്പരക്കരപ്പറമ്പ് |
| 12. സ്വർണ്ണക്കോട്ട് മൂഴിതോട് | VIII മൈലക്കര | മൂഴികരപ്പറമ്പ് |
| 13. ചെവ്വള്ളി ആട്ടുവിളതോട് | VI മുകുന്ദറ | കരപ്പറമ്പ് |
| 14. പാങ്കാട് ആടുവള്ളിത്തോട് | VI മുകുന്ദറ | കരപ്പറമ്പ് |
| 15. ക്ലിവെട്ടി കുണ്ടറമൂഴി | III പെരുങ്കുളങ്ങര | കരപ്പറമ്പ്. |
| 16. [illegible] | IV - [illegible] | |
| 17. [illegible] | IV - [illegible] | |
| 18. [illegible] | IV - [illegible] | |

**പ്രധാന ജലസ്രോതസ്സുകൾ:**

| ഇനം | നദി | അരുവി | നീർചാൽ | കുളം | ഉറവ | കിണർ | കുഴൽകിണർ |
|---|---|---|---|---|---|---|---|
| എണ്ണം | 1 | 23 | 17 | 6 | 60 | 394 | 13 |

## നിർദ്ദേശങ്ങൾ

1. നെയ്യാർ കനാലുകളിലെ സ്ലൂസുകൾ (sluice) പ്രവർത്തനക്ഷമമാക്കണം.
2. നെയ്യാറിന്റെ ഇരു കരകളുടേയും സംരക്ഷണം ഉറപ്പുവരുത്തണം.
3. 'കമ്യൂണിറ്റി ഇറിഗേഷൻ' പദ്ധതികൾ ഉയരംകൂടിയ ഭാഗങ്ങളിൽ /സ്ഥാപിക്കണം.
4. നെയ്യാർ ജലസംഭരണിക്ക് മുകളിൽ ഒരുവപ്പാറയിൽ അപ്പർഡാം പണിയുക. (നെയ്യാർ ജലസംഭരണിയിൽ മഴക്കാലത്ത് ലഭിക്കുന്ന വെള്ളം രണ്ട് തട്ടുകളിലായി സംഭരിച്ചുനിറുത്തുവാനും, ആവശ്യാനുസരണം കൃഷിക്കാർക്ക് നൽകുവാനും കഴിയും. ഇക്കാര്യം 1967 മുതൽ ഗവൺമെന്റിന്റെ പരിഗണനയിൽ ഉള്ളതാണ്. ഈ പദ്ധതി നടപ്പിലായാൽ നെയ്യാറിലെ വെള്ളപ്പൊക്കംതടയാൻ കഴിയും. അതോടെ കൃഷിനാശവും.)
5. നെയ്യാർ ജലസംഭരണിയിലെ എക്കൽ നീക്കംചെയ്യുക.
6. നെയ്യാർ ജലസംഭരണിയിൽനിന്നും കാളിപാറയിൽ ജലം സംഭരിച്ച് വിതരണംചെയ്യുക. (ഗവൺമെന്റിന്റെ നിയുക്തപദ്ധതി നടപ്പിൽവന്നാൽ സമീപത്തുള്ള 5 പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.)
7. നെയ്യാറിന്റെ ഇരുകരകളേയും മണ്ണിടിച്ചിലിൽനിന്ന് സംരക്ഷിക്കുക.
8. നെയ്യാറിന്റെ പുറമ്പോക്കുഭൂമികളിലെ ഇഷ്ടികനിർമ്മാണംമൂലം ആറും ചാനലും തമ്മിലുള്ള അകലം കുറഞ്ഞിരിക്കുന്നു. പരിഹരിക്കപ്പെടുക.
9. പ്രകൃതിയുടെ സംതുലിതാവസ്ഥ നഷ്ടപ്പെടാതിരിക്കുവാൻ നെയ്യാറിലെ മണലൂറ്റ് പൂർണ്ണമായും നിറുത്തിവയ്ക്കുക.
10. നിലമേൽ ഏലായിലെ നീർക്കെട്ട് ഒഴിവാക്കാൻ റോഡിലെ കലുങ്കിന്റെ അടിവശം 3 അടി താഴ്ത്തി പുനർനിർമ്മാണം നടത്തുക.
11. നെയ്യാർ കനാലുകളിലെ പുറമ്പോക്കുഭൂമികളിലെ അനധികൃത കയ്യേറ്റക്കാരെ ഒഴിവാക്കുക.
12. കൃഷിഭവൻമുഖേനയുള്ള കാർഷികക്ഷേമനിധിയിൽ പിരിച്ചെടുത്ത തുകയ്ക്കു രേഖകൾ നൽകുകയും പദ്ധതി പൂർത്തിയാക്കുകയും ചെയ്യുക.
13. തേനീച്ചകൃഷി പരിശീലനവും-വ്യാപനവും.
14. കൃഷിഭവനിൽ വിദഗ്ദ്ധ പരിശീലകരെ നിയമിച്ച് കർഷകരെ ബോധവൽക്കരിക്കുക.

അധികാരം ജനങ്ങളിലേക്ക്

# 3. മൃഗസംരക്ഷണം



ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആടും പശുവും മാത്രമായിരുന്നു വളർത്തുമൃഗങ്ങളിൽ ഏറേയും. എരുമകൾ അപൂർവ്വമായിരുന്നെങ്കിലും വർഷങ്ങൾ പിന്നിട്ടുകഴിഞ്ഞപ്പോൾ എരുമകളും, പോത്തുകളും വ്യാപകമായി. ചേറുകാളകളുടെ എണ്ണം കുറഞ്ഞിരുന്നു എങ്കിലും വണ്ടിക്കാളകളുടെ എണ്ണം കൂടുതലായിരുന്നു. ഭൂപ്രകൃതി അനുസരിച്ചും റവന്യൂ കണക്കുകളനുസരിച്ചും 65 ഹെക്ടർ നിലങ്ങളാണ് ഉണ്ടായിരുന്നതെങ്കിലും കൂടുതൽ ചതുപ്പുപ്രദേശങ്ങളിലും നെൽകൃഷി ചെയ്തിരുന്നതായി കാർഷിക കാരണവന്മാരിൽനിന്നും മനസ്സിലാകുന്നു. അക്കാരണങ്ങൾകൊണ്ടുതന്നെ ഉഴവുപോത്തിനേയും, ഉഴവുകാളകളേയും കൂടുതലായി കർഷകർ സംരക്ഷിച്ചുപോന്നിരുന്നു. പ്രധാന കാർഷിക വിപണന കേന്ദ്രമായ കാട്ടാക്കട മാർക്കറ്റിൽ കാർഷികോല്പന്നങ്ങൾ എത്തിക്കാൻ കാളവണ്ടികളാണ് ഉപയോഗിച്ചിരുന്നത്. അതിനാൽ വണ്ടിക്കാളകളും. "വില്ലു"വണ്ടികൾ വലിക്കാനുള്ള "പന്തയ" കാളകളും ഉണ്ടായിരുന്നു. അങ്ങനെ വണ്ടിക്കാളകളുടെ മണികിലുക്കവും, ഉഴവുകാരന്റെ 'ഏയ്' വിളികളും, ആട്ടിൻ കൂട്ടങ്ങളുടെ 'മേ'വിളികളുംകൊണ്ട് സംഗീതസാന്ദ്രമായിരുന്നു ഈ ഗ്രാമം.

കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക-സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും, വ്യവസായസംരംഭങ്ങളുടെ മുരടിപ്പുമൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ, ചുരുങ്ങിയ മൂലധനമുടക്കിൽ, കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്തിന്റെ കന്നുകാലിസമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണമേഖലയിലുണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം. കഴിഞ്ഞ രണ്ട് ദശാബ്ദകാലയളവിൽ മൃഗസംരക്ഷണരംഗത്ത് കുറ്റമറ്റ സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും, ജനിതിക ഗുണമേന്മാവർദ്ധനവും, ഉല്പാദനക്ഷമതാവർദ്ധനവും സാദ്ധ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പോഷകപ്രദമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വ്യവസായാവശ്യത്തിനുള്ള തുകൽ, എല്ല്, ജെലാറ്റിൻ, കൊഴുപ്പ് എന്നിവയുടെ ഉല്പാദനം; ഹോർമോൺ, വാക്സിനുകൾ, എൻസൈമുകൾ (ഔഷധവ്യവസായം) എന്നിവയ്ക്കുവേണ്ട അസംസ്കൃതവസ്തുക്കളുടെ ഉല്പാദനം; പരീക്ഷണശാലയ്ക്കുള്ള മൃഗങ്ങൾ; കാർഷികമേഖലക്ക് ആവശ്യമായ ജൈവവളം; ബയോഗ്യാസിനുള്ള ഊർജ്ജസ്രോതസ്സ്; പേവിഷബാധാനിയന്ത്രണം; മാംസപരിശോധനയിലൂടെ ശുദ്ധമായ മാംസ ഉല്പാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധിയായ സേവനങ്ങൾ മൃഗസംരക്ഷണമേഖലയുടെ സംഭാവനകളാണ്, എന്നിരിക്കിലും ഈ മേഖലയിലെ സാദ്ധ്യതകൾ ഇനിയും പൂർണ്ണമായി ചൂഷണംചെയ്യപ്പെട്ടിട്ടില്ല.

കള്ളിക്കാട് പഞ്ചായത്തിൽ 12-4-1960-ന് ഒരു മൃഗസംരക്ഷണ ഉപകേന്ദ്രം സ്ഥാപിക്കപ്പെടുകയുണ്ടായി. 2-7-1990-ന് ഈ ഉപകേന്ദ്രം ഒരു മൃഗാശുപത്രിയായി അപ്ഗ്രേഡ് ചെയ്യപ്പെട്ട് നാളിതുവരെ പ്രവർത്തിച്ചുപോരുന്നു. മറ്റ് ഉപകേന്ദ്രങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. ഈ പഞ്ചായത്തിൽ 3 ചെറുകിട ബ്രോയ്‌ലർ ഫാമുകൾ ഒഴിച്ചാൽ മറ്റ് സംഘടിത ഫാമുകളും ഇല്ല. പഞ്ചായത്തിലെ മലയോരപ്രദേശങ്ങൾ ആടുവളർത്തലിന് അനുയോജ്യമായതാണ്. മാവ്, പ്ലാവ്, സുബാബുൾ തുടങ്ങിയ മരങ്ങൾ ഇവിടങ്ങളിൽ സുലഭമാണ്. പഞ്ചായത്തിലെ കന്നുകാലിസമ്പത്തിൽ വന്ന മാറ്റങ്ങൾ (1987-ലേയും 1996-ലേയും സെൻസസുകളുടെ അടിസ്ഥാനത്തിൽ) പട്ടികയിൽ കൊടുത്തിരിക്കുന്നു.

## കന്നുകാലി സമ്പത്ത്

| സെൻസസ് | കന്നുകാലി-നാടൻ | | | കന്നുകാലി-സങ്കര ഇനം | | | | | | ചെമ്മരി | കോലാട് | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | പശു | കാള | കിടാരി | പശു | കാള | കിടാരി | പോത്ത് | എരുമ | കിടാരി | ആട് | ആൺ | പെൺ | പന്നി | പട്ടി |
| 1987 | 333 | 59 | 183 | 960 | 84 | 557 | 96 | 327 | 226 | 0 | 117 | 808 | 42 | 1427 |
| 1986 | 180 | 20 | 108 | 1200 | 100 | 696 | 116 | 386 | 283 | 0 | 162 | 1010 | 40 | 1784 |

| സെൻസസ് | കോഴികൾ | | താറാവ് |
|---|---|---|---|
| വർഷം | നാടൻ | മേൽത്തരം | |
| 1987 | 9750 | 1730 | 75 |
| 1996 | 6000 | 2250 | 100 |

**ക്രിത്രിമ ബീജസങ്കലന വിവരങ്ങൾ**

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | ബീജസങ്കലനം നടത്തിയവ | | 2-ലധികം തവണ ബീജസങ്കലനം നടന്നവ | |
|---|---|---|---|---|---|
| | | ആശുപത്രി | സ്വകാര്യം | ആശുപത്രി | സ്വകാര്യം |
| പശു | 1353 | 514 | 836 | 35 | 302 |
| കിടാരി | 114 | 114 | | 80 | - |
| എരുമ | 39 | 39 | | 3 | - |

**കാലിത്തൊഴുത്തുകൾ**

| നം | ഇനം | ശാസ്ത്രീയതയുള്ളത് | നാടൻ | ആകെ |
|---|---|---|---|---|
| 1 | വീടിനോട് ചേർന്നുള്ളത് | 22 | 23 | 45 |
| 2 | പ്രത്യേകം തയ്യാറാക്കിയിട്ടുള്ളത് | 316 | 264 | 580 |
| | ആകെ | 338 | 287 | 625 |

## വളർത്തുപക്ഷികൾ

അലങ്കാര പക്ഷികളും, പന്തയപ്രാവുകളും ഇവിടെ അപൂർവ്വമാണ്. കോഴിവളർത്തൽ മിക്കവാറും വീടുകളിൽ ഉണ്ട്. പലപ്പോഴും 'കോഴിവസന്ത' വന്നുകൂടുകയും മൊത്തത്തിൽ ചത്തൊടുങ്ങുകയും ചെയ്യുക എന്നത് സാധാരണ സംഭവമാണ്. കോഴിവളർത്തുന്നവർ കോഴികൾക്ക് സമ്പൂർണ്ണ ആഹാരം നൽകാൻ ശ്രമിക്കുന്നില്ല. അതിനാൽ വൈറ്റമിൻ B, കാത്സ്യം, വൈറ്റമിൻ E എന്നീ മൂലകങ്ങളുടെ കുറവുകൊണ്ട് രോഗങ്ങൾ കടന്നുകൂടുന്നു. മുട്ടക്കോഴിവളർത്തുന്ന ഫാമുകൾ ഒന്നുംതന്നെ ഇല്ല. വീട്ടുവളപ്പിൽ കോഴിവളർത്തുക എന്ന രീതി മാത്രമാണ് ഇവിടുത്തെ കർഷകർ അനുവർത്തിച്ചുവരുന്നത്.

### ഇറച്ചിക്കോഴി

ഇതിനുവേണ്ടി മൂന്നു ഫാമുകൾ ഈ ഗ്രാമത്തിലുണ്ട് 2-ാം വാർഡിൽ ഒന്ന്, 3-ാം വാർഡിൽ ഒന്ന്, 8-ാം വാർഡിൽ ഒന്ന്. ഈ ഫാമുകൾ കള്ളിക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ധനസഹായംകൊണ്ടാണ് തുടങ്ങിയത്. മൂന്നു ഫാമുകളും ഇന്ന് അടച്ചിട്ടിരിക്കുകയാണ്. കുഞ്ഞുങ്ങളെ അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുമ്പോൾ ഒരു കുഞ്ഞിന് 12.50 രൂപ വിലവരുന്നു. 60 ദിവസത്തെ വളർച്ചക്കുള്ള തീറ്റയും, മരുന്നും, വൈദ്യുതിയും മറ്റു ചെലവുകളും കണക്കാക്കുമ്പോൾ കിട്ടുന്ന വില നഷ്ടത്തിൽ എത്തിനിൽക്കുന്നു. പ്രാദേശികമായി 5% പോലും വിൽക്കുവാൻ കഴിയുന്നില്ല. അതുകൊണ്ട് നേമം മാർക്കറ്റിനെയാണ് ആശ്രയിക്കേണ്ടത്. മാർക്കറ്റിലേക്കു കൊണ്ടുപോകുമ്പോൾ സെയിൽസ് ടാക്സ് ചെക്പോസ്റ്റ് പ്രശ്നമാകുന്നു. സംസ്ഥാനനികുതി നൽകിയാണ് കുഞ്ഞുങ്ങളെ ഫാമിലെത്തിക്കുന്നത്. 60 ദിവസങ്ങൾക്കകം വളർച്ചപൂർത്തിയാക്കി വില്പനയ്ക്ക് കൊണ്ടുപോകുമ്പോൾ 30% നികുതിയാണ് ചെക്പോസ്റ്റിൽ ആവശ്യപ്പെടുന്നത്. ഇത് ഇറച്ചിക്കോഴികർഷകനെ വല്ലാതെ അലട്ടുന്നു.

ഇറച്ചിയുടെ വിലയും വളർത്തുവാൻവേണ്ടുന്ന ചെലവുകളും. ടി 3 ഫാമുടമകളേയും കടക്കാരാക്കിയിരിക്കുന്നു എന്ന് കണക്കുകൾകൊണ്ട് ഞങ്ങളെ ബോദ്ധ്യപ്പെടുത്തി.

### താറാവ്

നല്ല ആദായമുള്ള ഒരു കൃഷിയാണെങ്കിലും, ഈ ഗ്രാമവാസികൾക്ക് താറാവുവളർത്തലിൽ താല്പര്യമില്ല. നാമമാത്രമായി ചില വീടുകളിൽ താറാവിനെ വളർത്തുന്നുണ്ടെങ്കിലും, ഇവിടെ ഒരപൂർവ്വവളർത്തുപക്ഷിയാണ് താറാവ്.

## മേൽത്തരം കറവമാടുകളുടെ ആവിർഭാവം

1979-ൽ കള്ളിക്കാട് ക്ഷീരോല്പാദകസംഘം രൂപംകൊണ്ടതോടെയാണ് ഇവിടെ വർഗ്ഗമേന്മയുള്ള കറവമാടുകൾ കടന്നുവന്നത്. അതുവരെ നാടൻ ഇനങ്ങൾ മാത്രം ഉണ്ടായിരുന്ന ഈ ഗ്രാമത്തിൽ അത്യുല്പാദനശേഷിയുള്ള കറവമാടുകളെ കൊണ്ടുവരാൻ, ക്ഷീരസംഘംമുഖേന, കള്ളിക്കാട് സർവ്വീസ് സഹകരണബാങ്കും പൂവച്ചൽ S.B.T. യും ധാരാളം ധനസഹായം നൽകിയിരുന്നു. അതിനുവേണ്ടിഅന്നു പ്രവർത്തിച്ച ക്ഷീരസംഘം പ്രസിഡന്റും സെക്രട്ടറി ശ്രീമതി ഓമന അമ്മയും അനുമോദനാർഹരാണ്. ശ്രീ. T. സുരേഷ്ബാബു ആണ് ഇതിന്റെ ഇപ്പോഴത്തെ പ്രസിഡന്റ്.

## വന്യമൃഗസംരക്ഷണം

മൂന്നു ദശകങ്ങൾക്ക് മുമ്പുമുതൽ ആരംഭിച്ചതാണ്, നെയ്യാർ 'വന്യമൃഗസംരക്ഷണകേന്ദ്രം.' നെയ്യാർഡാം ജലാശയത്തിൽ ഉയർന്നുനിൽക്കുന്ന ദ്വീപസമൂഹങ്ങളാണ് കൂടുതലായും ഉപയോഗിച്ചുവരുന്നത്. ഈ ദ്വീപസമുച്ചയത്തിൽ വളർത്തുവാൻശ്രമിച്ച, നീലക്കാളയും, കേഴമാനും സാമൂഹ്യദ്രോഹികളാൽ നിശ്ശേഷം വേട്ടയാടപ്പെട്ടു. കൊമ്പൈ വെള്ളച്ചാട്ടത്തിനടുത്ത് നിർമ്മിച്ചിരുന്ന മാൻപാർക്കും ഇതുപോലെ നാമാവശേഷമായി. ഇതിന്മേൽ വനപാലകർ കൈക്കൊണ്ട നിയമനടപടികൾ എന്താണെന്നറിവില്ല.

ഇപ്പോൾ ഇവിടെ ആകെ നിലവിലുള്ളത് ഒരു ലയൺ സഫാരിപാർക്കും, ഒരു മാൻപാർക്കുമാണ്. അവയിൽ 5 മാനുകളും, 6 സിംഹങ്ങളുമാണ് ഉള്ളത്. സിംഹങ്ങളിൽ 2 കുഞ്ഞുങ്ങൾ ഇവിടെ പ്രസവിച്ചതാണ്. ഏഷ്യാഭൂഖണ്ഡത്തിലെ രണ്ടാമത്തേതാണ് ഈ സിംഹപാർക്ക്. ഇവയുടേയും വികസനം വഴിമുട്ടിനിൽക്കുന്നു. വനംവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ പാർക്കുകളിലെ വന്യമൃഗങ്ങളുടെ ആരോഗ്യസംരക്ഷണം നിർവ്വഹിക്കുന്നത് തിരുവനന്തപുരം മൃഗശാലയിലെ ഡോക്ടർമാരാണ്.

'കുഞ്ചു'വിന് ജന്മംനൽകിയ 'നിഷ' എന്ന വനംവകുപ്പിന്റെ പിടിയാന നെയ്യാർഡാമിൽവച്ചാണ് 'രാജീവ്' എന്ന കുട്ടിക്കൊമ്പന് ജന്മംനൽകിയത്. പക്ഷേ, വനപാലകരുടേയോ പാപ്പാന്റേയോ അശ്രദ്ധമൂലം ഒരു പാറപ്പുറത്തുനിന്ന് വീണ നിഷ വനപാലകരേയും നമ്മേയും വിട്ടുപിരിഞ്ഞു. 5 വയസ്സ് പ്രായമുള്ള 'രാജീവ്' ഇപ്പോൾ കോന്നി റെയിഞ്ചാഫീസിൽ സുഖമായി കഴിയുന്നു.

# പഞ്ചായത്തിലെ പദ്ധതികൾ

## 1. പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

ഈ പരിപാടിയുടെ ആനുകൂല്യം ഒരുവിഭാഗം കർഷകർക്ക് മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ പശുക്കുട്ടികളേയും (സങ്കരയിനം) എരുമക്കുട്ടികളേയും ഉൾപ്പെടുത്തണം. കാലിത്തീറ്റയുടെ വിലവർദ്ധന അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

## 2. പേവിഷ നിയന്ത്രണ പദ്ധതി

പ്രതിരോധകുത്തിവയ്പ് ഇപ്പോൾ നിർബന്ധമല്ല. പഞ്ചായത്തിലെ എല്ലാ നായ്ക്കളേയും നിർബന്ധ കുത്തിവയ്പിന് വിധേയമാക്കുകയും, ലൈസൻസ് ഏർപ്പെടുത്തുകയും വേണം. ലൈസൻസ് ഇല്ലാത്ത, അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കണം. ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലക്കോ സൗജന്യമായോ ലഭ്യമാക്കണം.

## 3. കാലിരോഗ നിയന്ത്രണ പദ്ധതി

പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകരും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളേയും യഥാസമയം പ്രതിരോധകുത്തിവയ്പിന് വിധേയമാക്കണം.

## 4. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി.

പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യമേഖലയിലും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണം.

## 5. ആടുവളർത്തൽ പദ്ധതി.

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യം പരിഹരിക്കണം. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുകയും, ഇതിന് വേണ്ട പച്ചിലത്തീറ്റ (പ്ലാവ്, മാവ്, സുബാബുൾ) കൂടുതൽ ലഭ്യമാക്കുകയും വേണം.

## 6. ഇറച്ചിക്കോഴി വളർത്തൽപദ്ധതി

ഈ മേഖല ഇന്ന് തികച്ചും അസംഘടിതമാണ്. തീറ്റയുടേയും, കോഴിക്കുഞ്ഞുങ്ങളുടേയും അമിതമായ വിലയും, ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരി

ടുന്ന പ്രശ്നമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളും, തീറ്റയും കുറഞ്ഞവിലക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുവാനും കോഴിയിറച്ചിയുടെ വിപണനത്തിനുമായി സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

## 7. എഗ്ഗർ നഴ്സറി

ഒരുദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം പ്രായംവരെ വളർത്തിവിൽക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽനിന്ന് ഇവ ലഭ്യമാക്കണം. ഈ പദ്ധതി മറ്റ് മുട്ടക്കോഴിവളർത്തൽപദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കണം.

## 8. അടുക്കളമുറ്റത്തെ കോഴിവളർത്തൽ.

പഞ്ചായത്തിലെ എല്ലാപേർക്കും പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

## 9. ബീജസങ്കലനസൗകര്യങ്ങൾ

ബീജസങ്കലന കേന്ദ്രങ്ങൾ പരിമിതമാണ്. വർഗ്ഗോദ്ധാരണശേഷിയുള്ള 50 പശുക്കൾക്ക് ഒന്ന് എന്നകണക്കിൽ കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

**രോഗവിവരങ്ങൾ**

| നം | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ | 756 | 28 | 461 | - | 21 | 1754 | – | 2 | – | 1 |
| 2. | ശ്വാസകോശ സംബന്ധം | 66 | 1 | 36 | - | 2 | 965 | | – | – | – |
| 3. | ഉപാപചയസംബന്ധം | 31 | 1 | – | – | – | – | – | – | – | |
| 4. | ത്വക്ക്രോഗങ്ങൾ | 182 | 2 | 63 | - | 33 | - | – | – | – | |
| 5. | ധാതുലവണങ്ങളുടെ അഭാവം | – | – | – | – | – | 10 | – | – | | |
| 6. | പരാദരോഗങ്ങൾ | 694 | 21 | 157 | –45 | 12 | – | – | – | – | – |
| 7. | പ്രത്യുല്പാദ വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 65 | 4 | 13 | | – | – | – | – | – | |
| 8. | വന്ധ്യത | 30 | 1 | 7 | – | – | – | – | – | – | – |
| 9. | അകിടുവീക്കം | 340 | – | 61 | – | – | – | – | – | | |
| 10. | മുടന്തൻപനി | 110 | – | 61 | – | | – | – | – | – | |
| 11. | പകർച്ചവ്യാധികൾ | – | – | – | – | – | 40 | – | – | – | |

**പേവിഷബാധ-പ്രതിരോധവും ചികിത്സയും**

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം | – | | – | 293 | – | – |
| കടിയേറ്റതിനുശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | 1 | – | 5 | 2 | – | – |

## പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും, അനിയന്ത്രിത വിലയും, ഗുണനിലവാരനിർണ്ണയ ലബോറട്ടറികളുടെ അഭാവവും.
2. ഉല്പാദകന് കിട്ടുന്ന പാൽവില ഉല്പാദനചെലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായവിലക്ക് പാൽ ലഭിക്കുന്നില്ല.
3. വിപണനരംഗത്തെ അപര്യാപ്തത.
4. ഭാരിച്ച ചികിത്സാചെലവ്.
5. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത.
6. ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.
7. കുറഞ്ഞുവരുന്ന തീറ്റപ്പുൽകൃഷി
8. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം.
9. അശാസ്ത്രീയമായ മാംസോല്പാദന-വിപണനരീതികൾ.
10. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.
11. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ.
12. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാപങ്കാളിത്തം
13. കാലാനുസൃതമായ അടിസ്ഥാനസൗകര്യങ്ങൾപോലുമില്ലാത്ത മൃഗാശുപത്രി.
14. ഉപകേന്ദ്രം, ഉപകരണങ്ങൾ, പരിശോധനാസ്ഥലം, ലബോറട്ടറി, മരുന്നുകൾ, ടെലിഫോൺ മുതലായവ നിലവിലില്ലാത്തത്.
15. സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർ പരിപാടിയുടെ അഭാവം.

## സാദ്ധ്യതകൾ

1. പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റനിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചാൽ അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.
2. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീറ്റപ്പുൽകൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. പാൽവിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്തമായരീതിയിൽ പുനരാസൂത്രണംചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.
2. പാൽ സൊസൈറ്റിയും, ധനകാര്യസ്ഥാപനങ്ങളും, കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാസംവിധാനം ഉണ്ടാക്കുക.
3. മൃഗാശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുക.
4. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസിവഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക.
5. വർഗ്ഗോദ്ധാരണത്തിനുവേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ ക്രിത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.
6. ആധുനികരീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും, ശുദ്ധമായ മാംസവിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും വേണം.
7. മൃഗസംരക്ഷണമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ഉണ്ടാക്കുക.
8. ചികിത്സാരംഗം രജിസ്ട്രേഷൻ ഉള്ളവർക്കുമാത്രമായി നിജപ്പെടുത്തുക.
9. വനിതാസംഘങ്ങളുടെ രൂപീകരണംവഴി മൃഗസംരക്ഷണ മേഖലയിലെ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുക.
10. മൃഗാശുപത്രി വികസനസമിതി രൂപീകരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ലഭ്യമാക്കുകയും വേണം.
11. സമഗ്ര പേവിഷനിയന്ത്രണനയം ഉണ്ടാക്കുകയും, പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്ര

തിരോധകുത്തിവയ്പ്പ് നൽകുകയും, ലൈസൻസ് നിർബന്ധമാക്കുകയും, അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

12. നിലവിലുള്ള മൂന്ന് ഇറച്ചിക്കോഴി ഫാമുകൾ അടച്ചിട്ടിരിക്കുന്നത് നഷ്ടംമൂലമാണ് അതിന് സഹായം നൽകണം.

13. നികുതിനൽകി വാങ്ങിക്കൊണ്ടുവരുന്ന ഇറച്ചിക്കോഴികൾ 60 ദിവസം കഴിഞ്ഞ് മാർക്കറ്റിൽ കൊണ്ടുപോകുമ്പോൾ ചെക്പോസ്റ്റിൽ നികുതി ആവശ്യപ്പെടുന്ന നിയമമുണ്ടെങ്കിൽ ഭേദഗതിചെയ്യണം.

14. പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ച് ദ്വിതലമായോ, ത്രിതലമായോ സഹകരണസംഘങ്ങൾ രൂപീകരിച്ച് ഇറച്ചി, മുട്ട എന്നിവയുടെ വിപണനം മെച്ചപ്പെടുത്തുകയും വൈദ്യസഹായം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുകയും വേണം.

15. നിയുക്ത മാൻപാർക്കിനടുത്ത് വനംവകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു മാതൃക ആടുവളർത്തൽകേന്ദ്രം ആരംഭിക്കുക, ടെലഫോൺ സ്ഥാപിക്കുക.

## ക്ഷീരസംഘങ്ങൾ

### കള്ളിക്കാട് ക്ഷീരോല്പാദകസഹകരണസംഘം ക്ലിപ്തം
### നമ്പർ T. 88 (D) A.P.C.O.S.

| | | |
|---|---|---|
| 1. | രജിസ്റ്റർ ചെയ്തത് | 22-5-1979 |
| 2. | പ്രവർത്തനം തുടങ്ങിയത് | 26-6-1979 |
| 3. | സെക്രട്ടറി, സേവനം ആരംഭിച്ചത് | 1-8-1980 |
| 4. | ആനന്ദ് മാതൃക സ്വീകരിച്ചത് | 24-5-1983 |
| 5. | ആദ്യത്തെ പ്രസിഡന്റ് | എം. സെയതുഖാൻ |

**മറ്റ് വിവരങ്ങൾ**

| നം | ഇനം | 1993-94 | 1994-95 | 1995-1996 |
|---|---|---|---|---|
| 1. | അംഗങ്ങൾ | - | - | - |
| | (a) പുരുഷൻ | 437 | 444 | 459 |
| | (b) സ്ത്രീ | 184 | 189 | 194 |
| | (c) ആകെ | 621 | 633 | 653 |
| 2. | പാൽ ഉല്പാദനം | 97773.1 ലി. | 131308.1ലി. | 138361.9ലി |
| 3. | പാൽവിതരണം | | | |
| | (a) ഡയറി | 62870.5 ലി | 85792.1ലി | 84020.4 ലി |
| | (b) പ്രാദേശികവില്പന | 34861.20 ലി | 45516.0ലി | 54341.5 ലി |
| 4. | കാലിത്തീറ്റവിതരണം | Rs.23042650 | Rs.422688.00 | Rs.600781.00 |
| 5. | പരിശീലനം സിദ്ധിച്ച കർഷകർ | 2 | 3 | 2 |
| 6. | മറ്റ് പ്രവർത്തനങ്ങൾ | പ്രത്യേക കന്നുകുട്ടി പരിപാലനം | പാൽ ഉല്പന്ന നിർമ്മാണം | പാൽ ഉല്പന്ന നിർമ്മാണം |
| 7. | കറവമാട് എണ്ണം | ലഭ്യമല്ല | — | — |

ഭരണസമിതി പ്രസിഡന്റ്: ടി. സുരേഷ്ബാബു

സെക്രട്ടറി: ജി. ഓമന അമ്മ

## മൈലക്കര ക്ഷീരോല്പാദക സഹകരണസംഘം

### ക്ലിപ്തം നമ്പർ T. 138 (D) APCOS

| നം | ഇനം | 1993-94 | 1994-95 | 1995-1996 |
|---|---|---|---|---|
| 1. | അംഗങ്ങൾ | 331 | 378 | 388 |
| 2. | പാൽ സംഭരണം | 110359.8 ലി. | 123318.9ലി. | 61434 ലി |
| 3. | പാൽവിതരണം | | | |
| | (a) ഡയറി | 88880 ലി | 87916 ലി | 44985 ലി |
| | (b) പ്രാദേശികവില്പന | 21479.8 ലി | 35402.9 ലി | 16488.2 ലി |
| 4. | കറവമാട് എണ്ണം | | | |
| | (a) പശു | - | - | 100 |
| | (b) എരുമ | - | - | 5 |
| 5. | കാലിത്തീറ്റവിതരണം | Rs.191877.5 | Rs.327180.00 | Rs.319275 |
| 6. | പരിശീലനം സിദ്ധിച്ച കർഷകർ | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 7. | മറ്റ് പ്രവർത്തനങ്ങൾ | പാൽ ഉല്പന്ന നിർമ്മാണം | | |

ഭരണസമിതി പ്രസിഡന്റ്: ജെ. സുകുമാരൻ, സെക്രട്ടറി: ആർ. എഫ്. പുഷ്പലത

## വാവോട് ക്ഷീരോല്പാദക സഹകരണസംഘം

### ക്ലിപ്തം നമ്പർ T. 171 (D) A.P.C.O.S.

| | |
|---|---|
| 1. രജിസ്റ്റർ ചെയ്തത് | 5-3-1985 |
| 2. പ്രവർത്തനം തുടങ്ങിയത് | 18-3-1985 |
| 3. പെയ്ഡ് സെക്രട്ടറി - നിയമനം | ലഭ്യമല്ല |
| 4. ആനന്ദ് മാതൃക സ്വീകരിച്ചത് | 5-3-1985 |
| 5. ആദ്യത്തെ പ്രസിഡന്റ് | എൽ. ഇശക്കിയൽശാന്തം |

ഭരണസമിതി പ്രസിഡന്റ്: കെ. രാമകൃഷ്ണൻനായർ
പെയ്ഡ് സെക്രട്ടറി: ആർ. ശ്രീജ.

**മറ്റ് വിവരങ്ങൾ**

| നം | ഇനം | 1993-94 | 1994-95 | 1995-1996 |
|---|---|---|---|---|
| 1. | പാൽ ഉല്പാദനം | 54185.9 ലി. | 50047.6ലി. | 55882.5ലി. |
| 2. | പാൽവിതരണം | | | |
| | (a) ഡയറി | Rs.352320.72 | Rs.400381.25 | Rs.447060.03 |
| | (b) പ്രാദേശികവില്പന | Rs. 40528.05 | Rs.43106.00 | Rs.58259.00 |
| 3. | കറവമാട് എണ്ണം | | | |
| | (a) പശു | 70 | 76 | 80 |
| | (b) എരുമ | 4 | 2- | 3 |
| 4. | അംഗങ്ങൾ | 1663 | 182 | 190 |
| 5. | കാലിത്തീറ്റവില്പന | Rs. 81855.00 | Rs.148550.00 | Rs.146435.00 |

# 4. മത്സ്യബന്ധനം



ഇവിടം കടലോര ഗ്രാമമല്ലാത്തതിനാൽ കടൽമത്സ്യങ്ങളെക്കുറിച്ചും, അവയുടെ ഉല്പാദന, വിപണനങ്ങളെക്കുറിച്ചും, തൊഴിലാളികളുടെ ക്ഷേമത്തെക്കുറിച്ചും ഇവിടെ പ്രസ്താവ്യമല്ല. ഈ ഗ്രാമത്തിലൂടെ കടന്നുപോകുന്ന നെയ്യാറിൽ നൂറ്റാണ്ടിന്റെ ആരംഭംമുതൽതന്നെ മത്സ്യം ഉണ്ടായിരുന്നെങ്കിൽപ്പോലും അത് വ്യാവസായിക അടിസ്ഥാനത്തിൽ സംഭരിക്കുവാനോ വിപണനംചെയ്യുവാനോ ശ്രമിച്ചിരുന്നില്ല.

നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ ആരംഭത്തോടുകൂടി ഉൽഭവിച്ച ജലസംഭരണിയിൽ "ഫിഷറീസ്" ഡിപ്പാർട്ട്മെന്റ് മത്സ്യകൃഷി ആരംഭിച്ചു. 1983-ലെ പുതിയ വനനിയമം വന്നതോടുകൂടി ജലാശയം വനംവകുപ്പിന്റെ വകയാവുകയും ജലാശയത്തിൽ മത്സ്യകൃഷിയും, മത്സ്യബന്ധനവും നിരോധിക്കുകയും ചെയ്തു.

നെയ്യാർ ജലസംഭരണിയിൽ മത്സ്യകൃഷി ആരംഭിച്ചപ്പോൾ ആദ്യമായി വിത്തിട്ടത് 'തലോപ്പിയ' എന്ന വർഗ്ഗത്തിന്റേതാണ്. തുടർന്ന് കട്ള, മൃഗാൾ, ലേബിയ, സൈബ്രേനിയസ്, എന്നീ വർഗ്ഗങ്ങളുടെ കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചത്. ആദ്യമൊക്കെ കാര്യമായ വരുമാനം ഇതിൽനിന്നും ഉണ്ടായിരുന്നു.

ജലാശയത്തിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് തൊഴിൽനേടാമെന്ന കരുതലോടെ ഈ പ്രദേശത്തെ ഹരിജൻ-ഗിരിജൻ വിഭാഗങ്ങളിലുള്ളവരെ ഉൾപ്പെടുത്തി നിരപ്പുക്കാല കേന്ദ്രമാക്കി ഒരു സഹകരണസംഘം രൂപീകരിച്ച് 1987-ൽ അത് രജിസ്റ്റർചെയ്യപ്പെട്ടു. തൊഴിലാളികളിൽ കുറച്ചുപേർക്ക് സംഘത്തിൽനിന്നും സൈക്കിളുകളും വാങ്ങിക്കൊടുത്തു. നിർദ്ദിഷ്ട വനനിയമം വന്നതോടുകൂടി സംഘത്തിന്റെ പ്രവർത്തനവും നിലച്ചതുപോലായി. അംഗങ്ങൾക്ക് മീൻപിടിക്കുന്നതിനോ വിപണനം നടത്തുന്നതിനോ കഴിയുന്നില്ല.

നിർദ്ദിഷ്ട 'ഇൻഡോ-ജർമ്മൻ' പദ്ധതിപ്രകാരം 1995-ൽ 20 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഈ ജലാശയത്തിൽ നിക്ഷേപിച്ചിരിക്കുന്നു. 'കട്ള', 'രോഗു' വർഗ്ഗത്തിൽപ്പെട്ടതാണ് ഇവ. 'കട്ള' എന്ന മത്സ്യത്തിന്റെ വളർച്ചയെ സഹായിക്കുന്ന 'പ്ലാങ്ടം' എന്ന അംശം നെയ്യാർ ജലാശയത്തിൽ ധാരാളം ഉള്ളതിനാൽ ഏഷ്യയിലേതന്നെ മറ്റു തടാകങ്ങളെ അപേക്ഷിച്ച് ഇവിടം മെച്ചമായി നിൽക്കുന്നു. കട്ള മത്സ്യത്തിന്റെ ഒരുവർഷത്തെ വളർച്ച ശരാശരി 6Kg. ആണ്. എന്നാൽ 93 Kg. തൂക്കമുള്ള കട്ള മത്സ്യം ഈ തടാകത്തിൽ സംഭരിച്ചവിവരവും ജനങ്ങളുടെ മുന്നിലുണ്ട്. മത്സ്യരോഗങ്ങളെ ചെറുത്ത് നിൽക്കുവാനുള്ള പ്രതിരോധശക്തിയും ഈ ജലത്തിൽ അധികമാണ്.

തടാകത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നിക്ഷേപിച്ചിട്ടുള്ളതും അല്ലാത്തതുമായ ലക്ഷക്കണക്കിന് രൂപയുടെ മത്സ്യസമ്പത്ത് ഇവിടെ അടിഞ്ഞുകിടക്കുന്നു. ഒരുവശത്ത് നിരോധനം ഉണ്ടെങ്കിലും നാട്ടുകാർ ഈ സമ്പത്തിനെ മോഷ്ടിക്കുന്നു.

## മത്സ്യക്കുഞ്ഞ് ഉല്പാദനം

ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നെയ്യാർഡാമിനോട് ചേർന്ന് ഒരു മത്സ്യക്കുഞ്ഞ് ഉല്പാദനകേന്ദ്രം പ്രവർത്തിക്കുന്നു. കുട്ടികളുടെ കളിസ്ഥലത്തോടുചേർന്ന് ഇത് പ്രവർത്തിക്കുന്നുണ്ടെങ്കിലും വിപുലപ്പെടുത്തുന്നതിന് ഇപ്പോൾത്തന്നെ 12 ഹെക്ടർ സ്ഥലം 'അക്വയർ'ചെയ്തുകഴിഞ്ഞു. മൊത്തം 25 ഹെക്ടർ ആവശ്യമുള്ള ഈ പദ്ധതിക്ക് ബാക്കിസ്ഥലംകൂടി 'അക്വയർ'ചെയ്യുവാനുള്ള നടപടികൾ നടന്നുവരുന്നു. ഫിഷറീസ് ഡിപ്പാർട്ടുമെന്റിലെ താഴെപട്ടികയിൽപറയുന്ന ജീവനക്കാരാണ് നെയ്യാർ ഡാമിൽ ഉള്ളത്.

| | |
|---|---|
| ഇൻസ്പെക്ടർ | 1 |
| റിസർച്ച് ഓഫീസർ | 1 |
| S.L.R. | 3 |
| C.L.R | 1 |
| വാച്ചുമേൻ | 1 |

ഈ യൂണിറ്റിന്റെ പ്രവർത്തനം ആശാവകമല്ല. ഇവർക്ക് 8 H.P യുടെ ഒരു യന്ത്രവൽകൃതബോട്ടുണ്ട്. അതിന്റെ ഉപയോഗം അവ്യക്തം.

## പ്രശ്നങ്ങൾ

1. മത്സ്യ-ചെമ്മീൻ കൃഷിക്ക് പറ്റിയ സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ആദായകരമായി മത്സ്യം ഉല്പാദിപ്പിക്കുവാൻ കഴിയും.
2. സഹകരണസംഘത്തിലെ അംഗങ്ങൾക്ക് ജോലി ലഭിക്കുന്നില്ല.
3. ഉൾനാടൻ മത്സ്യകൃഷിക്ക് പറ്റിയ പ്രദേശങ്ങൾ നിലവിലുണ്ടെങ്കിൽപ്പോലും അത് നടക്കുന്നില്ല.
4. 1983-ലെ വനനിയമം നെയ്യാർതടാകത്തിലെ മത്സ്യകൃഷിക്ക് തടസ്സമായി നിൽക്കുന്നു.
5. 1995-ൽ നിർദ്ദിഷ്ട ഇൻഡോ-ജർമ്മൻ പദ്ധതി അനുസരിച്ച് നെയ്യാറിൽ നിക്ഷേപിച്ച 20ലക്ഷം മത്സ്യങ്ങളെ തിരികെ സംഭരിക്കുവാനുള്ള ബുദ്ധിമുട്ട്.
6. അനുകൂല സാദ്ധ്യതയും, സാഹചര്യവും ഉണ്ടായിരുന്നിട്ടും, ശുദ്ധജല മത്സ്യകൃഷിയും, ചെമ്മീൻകൃഷിയും മുടങ്ങികിടക്കുന്നു.
7. നെയ്യാർ ജലസംഭരണിയിലെ നിരോധനം
8. മത്സ്യകൃഷിക്ക് അനുയോജ്യമായ കുളങ്ങൾ ഇല്ല.

## നിർദ്ദേശങ്ങൾ

1. വനനിയമം ഭേദഗതിചെയ്ത് നെയ്യാർ ജലസംഭരണി പൂർണ്ണമായും 'ഫിഷറീസ് ഡിപ്പാർട്ടുമെന്റി'ന് കൈമാറണം.
2. നെയ്യാർ തടാകത്തിൽ വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷി വ്യാപിപ്പിക്കണം.
3. മലമ്പുഴ-പീച്ചി-വാഴാനി മാതൃകയിൽ മത്സ്യസഹകരണസംഘങ്ങൾവഴി മത്സ്യബന്ധനവും വിപണനവും ഇവിടെ നടപ്പിലാക്കണം. ഒരു മത്സ്യസംസ്കരണ യൂണിറ്റും ആരംഭിക്കണം.
4. മൈലക്കര വലിയകുളം കൈവശക്കാരിൽനിന്നും വീണ്ടെടുത്ത് ചെമ്മീൻകൃഷിക്ക് ഉപയുക്തമാക്കണം.
5. നിർദ്ദിഷ്ട 'ഇൻഡോ-ജർമ്മൻ' പദ്ധതി ഇവിടെ നടപ്പിലാക്കിയാൽ മാത്രമേ മത്സ്യബന്ധനപദ്ധതി ഇവിടെ വിജയിപ്പിക്കാൻ കഴിയൂ.
6. നെയ്യാർ ഫിഷ് നഴ്സറിയിലെ 'ബ്രീഡിംഗ്' ശാസ്ത്രീകരിച്ച് വിപുലപ്പെടുത്തണം. ഇവിടെ കൂടുതൽ ജീവനക്കാരെ നിയമിക്കണം.
7. അലങ്കാരമത്സ്യങ്ങളുടെ ഉല്പാദനകേന്ദ്രവും, പ്രദർശനശാലയും ഇവിടെ നിർമ്മിക്കണം.
8. പഞ്ചായത്തിനുള്ളിലെ മത്സ്യകർഷകർക്ക് മത്സ്യവിത്തുകൾ യഥേഷ്ടം ലഭ്യമാക്കണം.
9. 'ഗ്രാസ് കാർപ്പ്' കൊഞ്ചുവർഗ്ഗത്തിൽപെട്ട ആറ്റുകൊഞ്ച്, കാര, എന്നിവയുടെ വിത്തുകൾ ഇവിടത്തെ മത്സ്യകർഷകർക്കു ലഭ്യമാക്കണം.
10. കുവൈറ്റ് പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല ചെമ്മീൻകൃഷി നെയ്യാർ ജലാശയത്തിൽ പരീക്ഷിക്കണം.
11. നിർദ്ദിഷ്ട ഫിഷ് സീഡ് ഫാമിന്റെ പദ്ധതി പൂർണ്ണമായും നടപ്പിലാക്കണം.
13. അക്വയർചെയ്തുകൊണ്ടിരിക്കുന്ന മുഴുവൻ സ്ഥലത്തും മീൻകുളങ്ങൾ നിർമ്മിക്കണം.
14. A.D റാങ്കിൽ കുറയാതെയുള്ള ഒരു ഉദ്യോഗസ്ഥനെ ഇവിടെ നിയമിക്കണം.
15. അക്വയർചെയ്ത സ്ഥലങ്ങളിലെ വൃക്ഷങ്ങൾ പഞ്ചായത്തിന് കൈമാറണം.
16. നെയ്യാറിലെ ശുദ്ധജല അക്വേറിയത്തിന്റെ പണി ഉടൻ തുടങ്ങണം.
17. നിലമേൽ ഏലാപ്രദേശം അക്വയർചെയ്ത് പൊതുമേഖലയിൽ ചെമ്മീൻകൃഷി തുടങ്ങണം.

അധികാരം ജനങ്ങളിലേക്ക്

# 5. വനം



1960 കാലഘട്ടംവരെ വനസമ്പത്തുകൊണ്ട് അനുഗ്രഹീതമായിരുന്നു കള്ളിക്കാട് പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം. തികച്ചും ഒരു മലയോരഗ്രാമമായിരുന്നു കള്ളിക്കാട്. നെയ്യാർ അണക്കെട്ടിന്റെ ക്യാച്ച്മെന്റ് ഏരിയ,നെട്ടുകാൽത്തേരി തുറന്നജയിൽ, നെട്ടുകാൽത്തേരി റബ്ബർപ്ലാന്റേഷൻ, പുതുവീട്ടുമുറിക്കോളനി എന്നിവിടങ്ങളിലെല്ലാം ഇടതൂർന്ന വനങ്ങളായിരുന്നു. ഏതൊരു ലക്കും ലഗാനുമില്ലാത്ത വനനശീകരണം ഇവിടത്തെ കാലാവസ്ഥയെ തന്നെ പ്രതികൂലമായി ബാധിച്ചു.

ഇടവപ്പാതിയും, തുലാവർഷവും, തിരുവാതിര ഞാറ്റുവേലയും ഒരു കാലഘട്ടത്തിൽ ഈ ഗ്രാമത്തിന് ഐശ്വര്യം പകർന്നിരുന്നു. വിസ്തീർണ്ണത്തിന്റെ മൂന്നു ഭാഗവും കാടുകളാൽ മൂടപ്പെട്ടിരുന്ന കള്ളിക്കാട് പ്രദേശത്ത് നിന്ന് വനങ്ങൾ കണ്ണെത്താത്ത ദൂരത്തേക്ക് അപ്രത്യക്ഷമായിരിക്കുന്നു. ഇന്ന് പരിമിത വനപ്രദേശമേ നമുക്കുള്ളു. മുമ്പ് നെയ്യാർ വനപ്രദേശം പരുത്തിപ്പള്ളി ഫോറസ്റ്റ് റെയ്ഞ്ചിന്റെ കീഴിലായിരുന്നു. ആ കാലഘട്ടത്തിൽ നമ്മുടെ നിബിഡ വനങ്ങൾ വൻതോതിൽ നശിച്ചിരുന്നു.

1983-ൽ കരുണാകരൻ മന്ത്രിസഭയുടെ കാലത്ത് വനം മന്ത്രിയായിരുന്ന K.P. നൂറുദ്ദീനാണ് നെയ്യാറിനെ വന്യജീവി സങ്കേതമാക്കി മാറ്റിയത്. ഇതോടെ ഇവിടത്തെ വനനശീകരണം ഭാഗികമായിട്ടെങ്കിലും അവസാനിച്ചു. വനസംരക്ഷണത്തിന് പല മാസ്റ്റർ പ്ലാനുകളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഫലപ്രാപ്തിയിൽ വന്നത് നാമമാത്രമായ പദ്ധതികൾ മാത്രം.

## നെയ്യാർ വന്യജീവിസങ്കേതം

കള്ളിക്കട് ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് വനം-വന്യജീവി സങ്കേതത്തിന്റെ ആസ്ഥാനം. നിഷിപ്ത വനങ്ങൾ ഇല്ല. ഇവിടെ പ്രധാനമായും ഈട്ടി, തേമ്പാവ്, വെൺതേക്ക്, മരുതി, വേങ്ങ, കമ്പകം, ആഞ്ഞിലി, പ്ലാവ്, താന്നി, കാട്ടുപുന്ന, കുടംപുളി, വല്ലപം, വാക, മാവേറി, പേഴ്, നെല്ലി, കാര, വെങ്കട്ട, വഷണ, പാതിരി എന്നീ വൃക്ഷങ്ങളും; ഇല്ലി, ഈറ്റ കാടുകളും ഈ റിസർവ് വനത്തിൽ കാണപ്പെടുന്നു.

ആന, കാട്ടുപോത്ത്, കാട്ടുപന്നി, കരടി, ചെന്നായ്, കരങ്ങ്, മ്ലാവ്, കേഴ എന്നീ വന്യമൃഗങ്ങളും മറ്റു ജീവജാലങ്ങളും കണ്ടുവരുന്നു.

നെയ്യാർഡാം മരക്കുന്നം ദ്വീപിൽ 4.8 ഹെക്ടർ പ്രദേശത്ത് പ്രത്യേകം സജ്ജമാക്കിയ സിംഹ സഫാരിപാർക്ക് സ്ഥിതിചെയ്യുന്നു. കുഞ്ഞുങ്ങൾ ഉൾപ്പെടെ 6 സിംഹങ്ങൾ ഇവിടെ സംരക്ഷിക്കപ്പെടുന്നു. കൂടാതെ വ്ലാവെട്ടിപ്രദേശത്ത് 4.8 ഹെക്ടർ പ്രദേശത്ത് മാൻവളർത്തു കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ 5 മാനുകളെ സംരക്ഷിക്കുന്നു.

നെയ്യാർഡാം കോലിയക്കോട് കുന്നിൽ ഒരു ചീങ്കണ്ണിവളർത്തുകേന്ദ്രം ഉണ്ട്. ഇവിടെ ആമ പെരുമ്പാമ്പ് എന്നിവയേയും സംരക്ഷിക്കുന്നു. 20 കുളങ്ങളിലായി 90 ചീങ്കണ്ണികളെ വളർത്തുന്നു. കൂടാതെ 1983-ൽ നെയ്യാർ റിസർവോയറിൽ 55 ചീങ്കണ്ണികളെ തുറന്നുവിട്ടു. പരിസരവാസികൾക്ക് ഇന്ന് ഇതൊരു ഭീഷണിയായി മാറിയിരിക്കുന്നു.

ഒരു അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ, അഞ്ച് ഫോറസ്റ്റർ, പത്ത് ഗാർഡുകൾ, ഒരു റിസർവ്വ് വാച്ചുമാൻ, രണ്ട് ബോട്ട് ഡ്രൈവർ, ഒരു പാർട്ട്ടൈം സ്വീപ്പർ എന്നീ സ്ഥിരം ജീവനക്കാരും കൂടാതെ ഇരുപത്തഞ്ചോളം ദിവസക്കൂലിക്കാരും ജോലിചെയ്തുവരുന്നു.

### കെട്ടിടങ്ങൾ:

| | |
|---|---|
| ഓഫീസ് | 1 |
| സ്റ്റാഫ് ക്വോർട്ടേഴ്സുകൾ | 7 |
| റെസ്റ്റ്ഹൗസ് | 2 |
| യൂത്ത് ഹോസ്റ്റൽ | 1 |
| ഇൻഫർമേഷൻ സെന്റർ | 1 |
| കമ്മ്യൂണിറ്റിഹാൾ | 3 |
| ഡോർമെറ്ററി | 2 |
| വാച്ചിംഗ് സ്റ്റേഷൻ | 3 |
| ടൂറിസ്റ്റ് ബംഗ്ലാവ് (വ്ലാവെട്ടി) | 1 |

വനംവകുപ്പിൽ സ്പീഡ് ബോട്ട് ഉൾപ്പെടെ 4 ബോട്ടുകൾ സർവ്വീസ് നടത്തുന്നു.

എടുത്തുപറയത്തക്ക വനനശീകരണമോ വനം കയ്യേറ്റമോ ഇപ്പോഴില്ല. വനഭൂമിയിൽ പട്ടയം നൽകിയിട്ടില്ല. എന്നാൽ ഈ പഞ്ചായത്തിൽ റ്റ്ലാവെട്ടിപ്രദേശത്ത് 200 ഏക്കർ സ്ഥലത്ത് 96 ആദിവാസി കുടുംബങ്ങൾ താമസിച്ച് കൃഷി ചെയ്തുവരുന്നു.

ശുഷ്ക വനമേഖലകൾ തിരഞ്ഞെടുത്ത് മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. എങ്കിലും സംരക്ഷണക്കുറവുമൂലം ലക്ഷ്യം കൈവരിക്കാനായിട്ടില്ല. സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി നെട്ടുകാൽത്തേരി തുറന്ന ജയിൽ കോമ്പൗണ്ടിൽ 20 ഹെക്ടർ സ്ഥലത്ത് ജയിലധികൃതർ അക്കേഷ്യ വച്ചുപിടിപ്പിച്ചിട്ടുണ്ട്. റ്റ്ലാവെട്ടി നെല്ലിക്കുന്നിൽ അക്കേഷ്യ, മരുതി, പേഴ്, നെല്ലി എന്നീ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിലും കാര്യമായ പരിപാലനം ഇല്ലാതെയും, കൈയ്യേറ്റംമൂലവും നശിച്ചുകൊണ്ടിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ആദിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം ഇല്ലാത്തതുകാരണം ലോണുകൾ എടുക്കുന്നതിന് കഴിയുന്നില്ല.
2. കാട്ടുമൃഗങ്ങൾ കാർഷികവിളകൾ നശിപ്പിക്കുന്നു.
3. വനപരിപാലനത്തിൽ തദ്ദേശസ്ഥാപനങ്ങളേയും, സന്നദ്ധസംഘടനകളേയും ബന്ധപ്പെടുത്തുന്നില്ല.
4. നെയ്യാറിന്റെ കോണ്ടൂർ ലയിനിൽ 200 കുടുംബങ്ങൾ താമസിക്കുന്നു.
5. ജലസേചനവകുപ്പും, വനംവകുപ്പും തമ്മിലുള്ള അധികാരമത്സരം ഈ പ്രദേശത്തിന്റെ വികസനത്തെ മുരടിപ്പിക്കുന്നു.
6. റിസർവോയറിൽ ജലഗതാഗതത്തിനും, മത്സ്യബന്ധനത്തിനും അനുവാദമില്ല.
7. വനംവകുപ്പിന്റേയും അല്ലാതെയുമുള്ള തരിശുഭൂമികളിൽ വൃക്ഷത്തൈകൾ നടുന്നില്ല.
8. വനത്തിനുള്ളിലുള്ള വന്യജീവികളുടെ കൃത്യമായ വിവരം ഇല്ല.
9. വനത്തിനുള്ളിലെ കാർഷികവിഭവങ്ങളും, നാണ്യവിളകളും അനധികൃതമായി ചോർത്തുന്നു.
10. വനത്തിനുള്ളിൽ വനപാലകർക്ക് ആശയവിനിമയം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല

## പരിഹാരങ്ങൾ

1. ആദിവാസികൾക്ക് കൈവശ അവകാശരേഖ നൽകുക.
2. വന്യമൃഗങ്ങളിൽനിന്നും കൃഷി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
3. അനധികൃത കൈയ്യേറ്റക്കാരിൽനിന്നും "നെല്ലിക്കുന്ന്" തരിശുവനം സംരക്ഷിച്ച് ഔഷധത്തോട്ടം വച്ചുപിടിപ്പിക്കുക.
4. നെയ്യാർ–കോണ്ടൂർ ലൈനിലെ താമസക്കാരെ പുനരധിവസിപ്പിച്ച് അവിടെ മരങ്ങൾ വച്ചുപിടിപ്പിച്ച് റിസർവോയറിലേക്കുള്ള മണ്ണൊലിപ്പ് തടയുക.
5. നെയ്യാർ റിസർവോയറിന്റെ മുഴുവൻഭാഗത്തും ബോട്ട് സർവ്വീസും, മത്സ്യബന്ധനവും നടത്തുന്നതിന് തടസ്സമായിനിൽക്കുന്ന വന നിയമത്തിൽ മാറ്റം വരുത്തണം.
6. കടുവാ വളർത്തുകേന്ദ്രത്തിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് കടുവാവളർത്തൽ പദ്ധതി നടപ്പിലാക്കുക.
8. എല്ലാ വന്യമൃഗജീവികളുടേയും പ്രത്യേകമായ സഫാരിപാർക്കുകൾ നിർമ്മിക്കുക. (ഇതിന് അനുയോജ്യമായ സ്ഥലം ഇവിടെ ലഭ്യമാണ്.)
9. വനത്തിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങൾ വനം ടൂറിസത്തിനായി തുറന്നുപ്രവർത്തിപ്പിക്കണം
10. വനം ടൂറിസത്തിന് കൂടുതൽ തുക വകയിരുത്തുക.
11. മത്സ്യബന്ധനവും, ബോട്ട്സർവ്വീസും മറ്റ് ഡിപ്പാർട്ടുമെന്റുകൾക്കും, ഏജൻസികൾക്കും നൽകണം.
12. ഡിയർപാർക്കിനും, സഫാരിപാർക്കിനും ആകർഷകമായ പ്രചാരണംകൊടുക്കുക.
13. സാങ്ചറി ആക്ട് ഭേദഗതിചെയ്യണം.
14. എക്കോ ഡവലപ്പ്മെന്റ് പദ്ധതിക്ക് കൂടുതൽതുക ചെലവിടണം.
15. ചീങ്കണ്ണിവളർത്തൽ കേന്ദ്രത്തിൽ ടിക്കറ്റ് ഏർപ്പെടുത്തി 25% പഞ്ചായത്തിന് നൽകുക.

| ഇനം | വിസ്തൃതി | ഉടമസ്ഥത | പ്രധാന സസ്യങ്ങൾ | പ്രധാന ജന്തുക്കൾ | മറ്റ് വിവരങ്ങൾ (കെട്ടിടങ്ങൾ) |
|---|---|---|---|---|---|
| വനം, വന്യ ജീവി സങ്കേതം | 128 ച: കി. മീ | വനം-വന്യജീവി വകുപ്പ് | ഈട്ടി, തേമ്പാവ്, മരുതി വെൺതേക്ക്, വേങ്ങ, കമ്പകം ആഞ്ഞിലി, പ്ലാവ്, കടുക്ക, താന്നി കാട്ടുപുന്ന, കുടംപുളി വല്ലഭം, വാക, വാവേറി പേഴ്, നെല്ലി, കാര വെങ്കട്ട, വഷണ, പാതിരി ഇല്ലി, ഈറ്റ, ചൂരൽ | ആന, കാട്ടുപന്നി കാട്ടുപോത്ത്, കരടി, ചെന്നായ കുരങ്ങ്, മ്ലാവ് കേഴ, മുയൽ | റസ്റ്റ്ഹൗസ് –2 യൂത്ത് ഹോസ്റ്റൽ –1 കമ്മ്യൂണിറ്റി ഹാൾ –3 ഇൻഫർമേഷൻ സെന്റർ –1 |
| സാമൂഹ്യ വനവൽക്കരണം | 20 ഹെക്ടർ | ജയിൽ വകുപ്പ് | | | |

# 6. വ്യവസായം



ആധുനിക വ്യവസായങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. പരമ്പരാഗത വ്യവസായത്തിൽ കുടിൽവ്യവസായമായി നിലനിന്നിരുന്ന കളിമൺവ്യവസായം (കലം ഉണ്ടാക്കുന്നത്) അപ്രത്യക്ഷമായി. കളിമണ്ണിന്റെ ലഭ്യതക്കുറവും, പുതിയ തലമുറ മറ്റു പണികളിൽ ഏർപ്പെടുന്നതുമാണ് ഇതിനു കാരണം. ഈറ്റകൊണ്ട് പരമ്പ്, വട്ടി, കുട്ട മുതലായവ നിർമ്മിക്കുന്ന കുടിൽവ്യവസായം നാമമാത്രമായിട്ട് നിലനിൽക്കുന്നു.

### ചുടുകട്ടവ്യവസായം

ഈ പഞ്ചായത്തിൽ എടുത്തുപറയത്തക്ക നിലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായമാണ് ചുടുകട്ട നിർമ്മാണം. ഈ പഞ്ചായത്തിൽ 9 ചൂളകളിലായി 108-ഓളം തൊഴിലാളികൾ പണിചെയ്യുന്നു. ഇവരിൽ മൂന്നിലൊന്ന് ഭാഗം വനിതകളാണ്. കൂടാതെ സിമന്റുകട്ട ഉണ്ടാക്കുന്ന ഒരു സ്ഥാപനവും, ജാളി ഉണ്ടാക്കുന്ന മറ്റൊരു സ്ഥാപനവുമാണ് ഈ പഞ്ചായത്തിൽ ഉള്ളത്.

തീപ്പെട്ടികൊള്ളി ഉണ്ടാക്കുന്ന ഒരു ചെറുകിട ഫാക്ടറിയാണ് എടുത്തുപറയത്തക്ക രീതിയിലുള്ളത്. ചുടുകട്ട വ്യവസായത്തിന് പ്രധാനമായും പശയുള്ള മണ്ണാണാവശ്യം. അത് ഈ പഞ്ചായത്തിൽ ധാരാളം ലഭിക്കുന്നു. ഉല്പന്നം ഈ പഞ്ചായത്തിലും, സമീപ പഞ്ചായത്തുകളിലും, തിരുവനന്തപുരം നഗരപ്രദേശങ്ങളിലുമായി വിറ്റഴിക്കുന്നു. വിറകാണ് കട്ട ചുടുന്നതിന് ഇന്ധനമായി ഉപയോഗിക്കുന്നത്. ഇത് കൂടുതലും തിരുവനന്തപുരത്ത് ബ്രിഡ്ജിൽ നിന്നുമാണ് വാങ്ങിക്കൊണ്ട് വരുന്നത്.

ആധുനികരീതിയിൽ ഇഷ്ടിക നിർമ്മിക്കുന്നതിന് സ്വകാര്യമേഖലയിൽ മണ്ണ് അരച്ച് സൂപ്പർ ബ്രിക്സ് നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തിയായിവരുന്നു.

വൻതോതിൽ പാറ ലഭിക്കുന്നതുകൊണ്ട് അതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിയും.

### പ്രശ്നങ്ങൾ

1. വ്യവസായങ്ങൾ തുടങ്ങുന്നതിന് സംരംഭകർ മുന്നോട്ട് വരുന്നില്ല.
2. വ്യവസായം ആരംഭിക്കുവാനുള്ള സാമ്പത്തിക ക്കുറവ്.
3. അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടത്ര ഇല്ല.
4. വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥല ലഭ്യതക്കുറവ്.

### ആവശ്യങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ നെട്ടുകാൽത്തേരിയിൽ തുടങ്ങണം.
2. പാറയുമായി ബന്ധമുള്ള വ്യവസായങ്ങൾ തുടങ്ങണം.
3. റബ്ബർ തടി സംസ്കരണ പ്ലാന്റ് സ്ഥാപിക്കണം.
4. മൺകല നിർമ്മാണം പുനരുജ്ജീവിപ്പിക്കണം.
5. ഈറ്റ വ്യവസായം പുനരുദ്ധരിക്കണം.
6. തേനീച്ച വ്യവസായം അഭിവൃദ്ധിപ്പെടുത്തണം.
7. തീപ്പെട്ടി വ്യവസായം ആരംഭിക്കണം
8. ചന്ദനത്തടി വ്യവസായ യൂണിറ്റ് ആരംഭിക്കണം.
9. നെയ്ത്ത്തുണി ഉല്പാദനകേന്ദ്രം സ്ഥാപിക്കണം.
10. കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.
11. മൈലക്കരയിൽ ഒരു സൂപ്പർ ബ്രിക്സ് ഫാക്ടറി ആരംഭിക്കണം.
12. പെരുംകുളങ്ങര കേന്ദ്രീകരിച്ച് വാഴനാര്, കൈതനാര് എന്നിവകൊണ്ടുള്ള നിർമ്മാണയൂണിറ്റും;തുന്നൽ പരിശീലനകേന്ദ്രവും; റെഡിമെയ്ഡ് വസ്ത്രനിർമ്മാണ കേന്ദ്രവും സ്ഥാപിക്കണം. ഇവയുടെ വിപണനകേന്ദ്രം കള്ളിക്കാട്ട് സ്ഥാപിക്കണം.
13. കൈത്തറി ഉല്പന്നങ്ങളുടെ നിർമ്മാണ-പരിശീലനകേന്ദ്രങ്ങൾ പള്ളിവേട്ട കേന്ദ്രീകരിച്ച് സ്ഥാപിക്കണം.
14. ബാംബൂ കോർപ്പറേഷൻ യൂണിറ്റ് നിലമേൽ കേന്ദ്രീകരിച്ച് സ്ഥാപിക്കണം.
15. സോപ്പ്, മെഴുകുതിരി, തീപ്പെട്ടി ഇവ നിർമ്മിക്കുന്നതിനുള്ള ഒരു ചെറുകിട യൂണിറ്റ് ഉലയൻകോണം

കേന്ദ്രമായി സ്ഥാപിക്കണം.

16. നിരപ്പുകാല, പന്ത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് തേനീച്ചവളർത്തൽ ആരംഭിക്കണം.
17. കള്ളിക്കാട് കേന്ദ്രീകരിച്ച് കൊപ്രവ്യവസായം സ്ഥാപിക്കണം.
18. കാർഷികോപകരണങ്ങളുടെ നിർമ്മാണ യൂണിറ്റ് ആദ്യവള്ളി കേന്ദ്രീകരിച്ച് സ്ഥാപിക്കണം.
19. റബ്ബർതടി സംസ്കരണയൂണിറ്റ് നെയ്യാർഡാം കേന്ദ്രീകരിച്ച് സഹകരണ അടിസ്ഥാനത്തിൽ തുടങ്ങണം.
20. കരകൗശല പരിശീലന-നിർമ്മാണ കേന്ദ്രം പൊതുമേഖലയിൽ സ്ഥാപിക്കണം. ഇതിനോടനുബന്ധിച്ച് ഒരു കളിമൺ പാത്രനിർമ്മാണ വ്യവസായവും ആരംഭിക്കണം.
21. കണ്ടംതിട്ട കേന്ദ്രീകരിച്ച് ഒരു മിൽക്ക് സൊസൈറ്റിയും, പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റും ആരംഭിക്കണം.
22. നെയ്യാർഡാമിൽ മിൽമാബൂത്ത് സ്ഥാപിക്കണം.
23. കുടിൽവ്യവസായ രീതിയിൽ ഒരു ബുക്ക് ബയന്റിംഗ് സെന്റർ നെയ്യാർഡാം കേന്ദ്രമാക്കി സ്ഥാപിക്കണം.
24. മരക്കുന്നം കേന്ദ്രീകരിച്ച് സർക്കാർ ഭൂമിയിൽ ഒരു ഔഷധ സസ്യതോട്ട വ്യവസായ യൂണിറ്റ് സ്ഥാപിക്കണം. അതിനോടൊപ്പം കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയവയുടെ കൃഷിയും പ്രോത്സാഹിപ്പിക്കണം.
25. കള്ളിക്കാട്ട് ഒരു കോഴിവളർത്തൽ യൂണിറ്റ് സ്ഥാപിക്കണം.

**ഈ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായസംരംഭങ്ങൾ**

| ക്രമനമ്പർ | ഇനം | എണ്ണം | തൊഴിലാളികൾ |
|---|---|---|---|
| 1 | എണ്ണയാട്ട് വ്യവസായം | 1 | 1 |
| 2 | തടിയറുപ്പ് വ്യവസായം | 1 | 5 |
| 3 | തീപ്പെട്ടിക്കൊള്ളി നിർമ്മാണം | 1 | 15 |
| 4 | സ്കൂട്ടർ വർക്ഷോപ്പ് | 1 | 2 |
| 5. | ഫർണിച്ചർ നിർമ്മാണം | 5 | 25 |
| 6. | റൈസ്മില്ലുകൾ | 3 | 10 |
| 7. | ഹോളോബ്രിക്സ് നിർമ്മാണം | 1 | 15 |
| 8. | ജാളിവർക്സ് | 1 | 2 |

# 7. ഊർജ്ജം



നെയ്യാർ ജലസേചനപദ്ധതിയുടെ നിർമ്മാണാവശ്യത്തിനാണ് ഈ പ്രദേശത്താദ്യമായി വൈദ്യുതി എത്തുന്നത്. പള്ളിവാസൽ വൈദ്യുതപദ്ധതിയിൽനിന്ന് യുദ്ധകാലവേഗതയിൽനിർമ്മിച്ച 11KV ലൈൻ ഇന്ന് മാറ്റമില്ലാതെ നിലനിൽക്കുന്നു. ഇതിനായി നെയ്യാർഡാം സൈറ്റിൽ ഇലക്ട്രിസിറ്റി സെക്ഷനും പ്രവർത്തിച്ചിരുന്നു. ഇതേത്തുടർന്ന് കാട്ടാക്കടയിൽ ഒരു K.S.E.B സെക്ഷൻ രൂപം കൊള്ളുകയും ചെയ്തു. ഈ ഗ്രാമപ്രദേശം ഒറ്റശേഖരമംഗലം പഞ്ചായത്തിന്റെ അധീനതയിലായിരുന്നപ്പോൾ 1955-ൽ കള്ളിക്കാട് ജംഗ്ഷനും പരിസരവും പേപ്പാറ എന്ന സ്ഥലത്ത് ഒരു ചെറിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് ആദ്യമായി വൈദ്യുതീകരിച്ചു. ഇത് പിന്നീട് നെയ്യാർഡാംവരേയും മൈലക്കര തേവൻകോട് പ്രദേശങ്ങളിലേക്കും ദീർഘിപ്പിച്ചു. ഇതേത്തുടർന്ന് വോൾട്ടേജ് ക്ഷാമം അനുഭവപ്പെട്ടു.

ഇന്ന് കള്ളിക്കാട് പഞ്ചായത്ത് പ്രദേശത്ത് 27 കി.മി ദൂരം വൈദ്യുതി എത്തിയിട്ടുണ്ട്. 12 ട്രാൻസ്ഫോർമറുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കാട്ടാക്കട, വെള്ളനാട്, വെള്ളറട എന്നീ സെക്ഷനുകളുടെ കീഴിലാണ് ഈ പ്രദേശത്തെ വൈദ്യുതിവിതരണം നടന്നുവരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ഭാഗികമായിട്ടാണെങ്കിലും വൈദ്യുതി എത്തിയിട്ടുണ്ട്. വൻകിട വ്യവസായസ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. എന്നാൽ ചുരുക്കം ചില ചെറുകിട വ്യവസായസ്ഥാപനങ്ങളും, മില്ലുകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും രൂക്ഷമായി വോൾട്ടേജ്ക്ഷാമം നിലനിൽക്കുന്നു. പലഭാഗത്തും തെരുവ് വിളക്കുകൾ എത്തപ്പെടേണ്ടതായിട്ടുണ്ട്. ശ്രീ ജി. കാർത്തികേയൻ വൈദ്യുതി മന്ത്രിയായി വന്നതിനെത്തുടർന്ന് കാട്ടാക്കടയിൽ സ്ഥാപിച്ച കാട്ടാക്കട 110 K.V. വൈദ്യുതിനിലയം ഈ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഒരനുഗ്രഹമായി മാറിയിട്ടുണ്ട്. കാട്ടാക്കടയിൽ സ്ഥിതി ചെയ്യുന്ന K.S.E.B. ഓഫീസും വിതുര-പേപ്പാറയിൽ സ്ഥാപിച്ചതുപോലെയുള്ള ഒരു [illegible]

മിനി വൈദ്യുതപദ്ധതിക്കുള്ള സാദ്ധ്യത നെയ്യാർ പ്രദേശത്തുണ്ട്. കൂടാതെ നെയ്യാർ നദിയിലെ മീൻമുട്ടി വെള്ളച്ചാട്ടത്തിൽനിന്നും വലിയ മുതൽമുടക്ക് കൂടാതെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും.

ഈ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ഊർജ്ജസ്രോതസ്സുകൾ വിറക്, എണ്ണ, വൈദ്യുതി, മരക്കരി എന്നിവയാണ്.

**വിറക്:** ഏകദേശം 95% ജനങ്ങളും പാചകാവശ്യത്തിന് വിറകിനെയാണ് ആശ്രയിക്കുന്നത്. പ്രാദേശികാവശ്യത്തിന് പുറമേ മറ്റ് ഇടങ്ങളിലേക്ക് കയറ്റി അയക്കുന്നതിന് ആവശ്യമായ വിറക് ഈ പഞ്ചായത്തിൽ ലഭ്യമാണ്. വിറക് ധാരാളമായി ലഭിക്കുന്നതുകൊണ്ട് ഗ്യാസ് അടുപ്പുകളുടെ വ്യാപനം വളരെ കുറവാണ്. അനർട്ട്-പരിക്ഷത്ത് അടുപ്പുകളുടെ വ്യാപനം കൂടുതലുണ്ടായാൽ കയറ്റുമതിചെയ്യുന്ന വിറകിന്റെ അളവ് കൂടുന്നതിനും, പുകമൂലമുള്ള ശ്വാസകോശരോഗങ്ങൾ കുറയ്ക്കുന്നതിനും ഒരളവുവരെ സാധിക്കും. വിറക് കൂടുതൽ ഉപയോഗിക്കുന്നത് ഇഷ്ടിക ചൂളകളും, ഹോട്ടലുകളുമാണ്.

**എണ്ണ:** ഏകദേശം 4074 വീടുകൾ ഉള്ളതിൽ 2299 വീടുകളും മണ്ണെണ്ണവിളക്കുകളെയാണ് ആശ്രയിക്കുന്നത്. മണ്ണെണ്ണ പ്രധാനമായും പഞ്ചായത്തിലെ 9 പൊതുവിതരണകേന്ദ്രങ്ങളിൽനിന്നാണ് ലഭിച്ചുവരുന്നത്. വാഹനങ്ങൾക്കാവശ്യമായ എണ്ണ ലഭിക്കുന്ന വിതരണകേന്ദ്രങ്ങൾ ഈ പഞ്ചായത്തിലില്ല. കാർഷികാവശ്യത്തിന് എണ്ണ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികൾ ഈ പ്രദേശത്ത് കുറവായതിനാൽ എണ്ണയുടെ ദൗർലഭ്യം കാർഷികമേഖലയെ ബാധിക്കുന്നില്ല.

**മരക്കരി-ഗ്യാസ്**

വ്യാപാരാവശ്യത്തിന് വേണ്ടിവരുന്നതിലും അധികം മരക്കരി ഈ ഗ്രാമത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. വിരലിലെണ്ണാവുന്ന വീടുകളിൽമാത്രമാണ് ഗോവർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത്. 25-ഓളംവീടുകളിൽ ഗ്യാസ്കണക്ഷൻ ഉള്ളതായും കാണുന്നു.

**പ്രശ്നങ്ങൾ:**

1. ഉൾപ്രദേശങ്ങളിൽ വൈദ്യുതിയും വഴിവിളക്കും എത്തിയിട്ടില്ല.
2. പകുതിയിൽ അധികം വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
3. സി.ഡി. അടച്ചവർക്ക് സർവ്വീസ് ലഭിക്കാൻ വളരെ കാലതാമസം നേരിടുന്നു.
4. വോൾട്ടേജ് ഇല്ലായ്മ.
5. ആവശ്യത്തിനുള്ള ട്രാൻസ്ഫോർമറുകൾ ഇല്ല.
6. അനർട്ടിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലില്ല.
7. മേജർ സെക്ഷൻ ആഫീസിന്റെ അപര്യാപ്തത.
8. വിറകിന്റേയും, അടുപ്പിന്റേയും ഉപയോഗം അശാസ്ത്രീയമാണ്.
9. ഗോവർഗ്യാസ് പ്ലാന്റുകൾ പ്രചരിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നില്ല.
10. വൈദ്യുതി ഉപയോഗം മിതപ്പെടുത്തുന്നില്ല.
11. ബൾബുകളും ഉപകരണങ്ങളും കൃത്യമായി ലഭിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.
12. വിന്റ് എനർജി പ്രാബല്യത്തിലില്ല.

**സാദ്ധ്യതകൾ:**

1. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചാൽ നിലവിലുള്ള വൈദ്യുതിക്ഷാമം പരിഹരിക്കുവാൻ കഴിയും.
2. സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ധാരാളം പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്.
3. കുറഞ്ഞ വോൾട്ടേജിൽ പ്രകാശിക്കുന്ന വൈദ്യുത ബൾബുകൾ കൂടുതൽ പ്രചാരത്തിൽവന്നാൽ വൈദ്യുതരംഗത്ത് നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുവാൻ കഴിയും.
4. കള്ളിക്കാട് പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷൻ അത്യാവശ്യമാണ്. വൈദ്യുതിയുടെ ദൗർലഭ്യം കാരണം പല ചെറുകിട വ്യവസായങ്ങളും, വാണിജ്യകേന്ദ്രങ്ങളും തുടങ്ങുന്നതിന് സംരംഭകർ ഇവിടെ മടിച്ചുനിൽക്കുന്നു. വൈദ്യുതക്ഷാമം പരിഹരിക്കപ്പെട്ടാൽ കൂടുതൽ ചെറുകിട വ്യവസായങ്ങളും വാണിജ്യകേന്ദ്രങ്ങളും തുടങ്ങുന്നതിന് പലരും മുന്നോട്ടുവരും; ഇതിലൂടെ കൂടുതൽ തൊഴിൽ സാദ്ധ്യതയും വർദ്ധിക്കും.
5. നെയ്യാറിൽനിന്നും പാഴായിപോകുന്ന ജലം ഉപയോഗപ്പെടുത്തി ഒരു മിനി വൈദ്യുതനിലയം സ്ഥാപിക്കുവാനുള്ള സാദ്ധ്യത ഇവിടെയുണ്ട്.
6. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലും, ഇടപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.
7. വൈദ്യുതി ലഭിക്കാത്ത പകുതിയിലധികം വീടുകൾ ഉള്ളതിൽ പരമാവധി വീടുകളിൽ വൈദ്യുതി എത്തിക്കുക.
8. സി.ഡി. അടച്ച മുഴുവൻ ഗുണഭോക്താക്കൾക്കും കാലതാമസം ഒഴിവാക്കി വൈദ്യുതി ലഭ്യമാക്കണം.
9. ആവശ്യത്തിനുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
10. അനർട്ടിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്.
11. ബ്ളോക്ക് പഞ്ചായത്തിൽനിന്നും ഗ്രാമപഞ്ചായത്തിൽനിന്നും സൗജന്യമായി വയറിംഗ് നടത്തിയിട്ടുള്ള മുഴുവൻ വീടുകൾക്കും സീനിയോരിറ്റി പരിഗണിക്കാതെ വൈദ്യുത കണക്ഷൻ നൽകണം.
12. വിറകിന്റേയും, അടുപ്പിന്റേയും ശാസ്ത്രീയ ഉപയോഗത്തിന് ബോധവൽക്കരണംനടത്തുക.
13. ഗോവർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കൂടുതൽ പ്രചാരവും സഹായവും നൽകണം.
14. വൈദ്യുതിയുടെ അനാവശ്യ ഉപയോഗം തടയുക.
15. തെരുവ് വിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ ബൾബുകൾ ഉപകരണങ്ങൾ എന്നിവ വാങ്ങി ഉപയോഗിക്കുന്നതിന് പഞ്ചായത്തിന് അധികാരംനൽകുക.
16. പഞ്ചായത്തിലെ ഉയരംകൂടിയതും കാറ്റ് യഥേഷ്ടം ലഭിക്കുന്നതുമായ തേക്കുവിളക്കുന്ന്, കാളിപാറ, ശാസ്താംപാറ എന്നിവിടങ്ങളിൽ വിന്റ് എനർജി യന്ത്രം സ്ഥാപിക്കുക.

## പൊതുവായ നിർദ്ദേശം

1. നെയ്യാർഡാം ഷട്ടറിൽനിന്നും ഒഴുക്കിവിടുന്ന ജലം ഉപയോഗിച്ച് മിനി ഇലക്ട്രിക്കൽ പ്രോജക്ട് സ്ഥാപിച്ചാൽ ഈ പഞ്ചായത്ത്പ്രദേശത്ത് ആവശ്യമായിവരുന്ന വൈദ്യുതി ലഭ്യമാക്കാൻ കഴിയും.
2. നെയ്യാർ മീൻമുട്ടിയിലുള്ള വെള്ളച്ചാട്ടത്തിൽനിന്നും ഈ മാതൃകയിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**പഞ്ചായത്തിൽ നിലവിൽ വൈദ്യുതീകരിച്ചിട്ടുള്ളവ**

| | |
|---|---|
| വീടുകൾ | 1775 |
| ട്രാൻസ്ഫോർമറുകൾ | 17 |
| സ്ട്രീറ്റ്ലൈറ്റ് | 239 |
| വേപ്പർലാമ്പ് | 8 |
| ട്യൂബ് ലൈറ്റുകൾ | 15 |
| മൊത്തം വൈദ്യുതീകരിച്ചിട്ടുള്ള പ്രദേശം 27 K.m. മാത്രം | |

## വൈദ്യുതി ഇനി എത്തിച്ചേരേണ്ട പ്രദേശങ്ങൾ

**വാർഡ് I**

1. പരുത്തിപ്പള്ളി-കള്ളിയൽ റോഡിന്റെ ഇരുഭാഗത്തുമുള്ള വീടുകളിലും വൈദ്യുതി എത്തിക്കുക
2. വെങ്കിട്ടമൂട് മുതൽ പാട്ടേക്കോണംവരെയുള്ള ചാനൽബണ്ടിന്റെ ഇരുഭാഗത്തും വൈദ്യുതി എത്തിക്കുക.

**വാർഡ് II**

1. കള്ളിക്കാട് ജംഗ്ഷൻമുതൽ ഏറക്കോണം, വിയ്യക്കോണം, കാണിക്കോണം എന്നീ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. കള്ളിക്കാട് ചന്തനട മുതൽ പാട്ടേക്കോണംവരെ വൈദ്യുതി എത്തിക്കുക.

**വാർഡ് III**

1. പെരുംകുളങ്ങര ഏലായുടെ ഇരുവശത്തും, പെരുംകുളങ്ങര-മരക്കുന്നം റോഡിന്റെ ഇരുവശത്തും ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. പെരുംകുളങ്ങര കോളനിയിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക.

**വാർഡ് IV**

1. കുരഞ്ചിമം ഭാഗത്ത് വൈദ്യുതി എത്തിക്കുക.
2. വ്ലാവെട്ടി-ചീനിക്കാല റോഡിന്റെ ഇരുവശത്തുമുള്ള വീട്ടുകാർക്ക് വൈദ്യുതി എത്തിക്കുക.

**വാർഡ് V**

1. ഇടവാച്ചൽ, പെട്ടിപ്പാറ എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. നെയ്യാർഡാം-പടപ്പാറ-ഉലയൻകോണം റോഡിൽ വൈദ്യുതി എത്തിക്കുക.
3. ദൈവപുര-കൊഞ്ഞാർഭാഗത്ത് വൈദ്യുതി എത്തിക്കുക.
4. തേക്കുവിള ഭാഗത്ത് വൈദ്യുതി എത്തിക്കുക.

**വാർഡ് VI**

1. നാരകത്തിൻകുഴി-നീർവാഴികോണം ഭാഗങ്ങളിൽ ഇനിയും വൈദ്യുതി എത്തിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. വാവോട് കോളനിയിൽ അടിയന്തരമായി വൈദ്യുതി എത്തിക്കുക.

**വാർഡ് VII**

1. മങ്കാരമുട്ടം-ചെരിഞ്ഞാംകോണം-പുലിക്കുഴി പെരിഞ്ഞാം ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. ഉലയൻകോണം, വില്ലിടുംപാറ ലൈൻ നീട്ടി വൈദ്യുതി എത്തിക്കുക
3. മലവിള, സ്വർണ്ണക്കോട് പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

**വാർഡ് VIII**

1. ശ്യാമവിളപ്പുറം ലക്ഷം വീട്തൊട്ട് കുരങ്ങിൻതോട്ടം ഭാഗം വരെ വൈദ്യുതി എത്തിക്കുക.
2. ശ്യാമവിളപ്പുറം ഭാഗങ്ങളിൽ സൗജന്യമായി, വൈദ്യുതി ലഭിക്കേണ്ട ആൾക്കാർക്ക് ഉടൻ വൈദ്യുതി എത്തിക്കുക.

**തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ മുൻഗണനാക്രമത്തിൽ**

1. കള്ളിക്കാട്-ഏറക്കോണം-കാണിക്കോണം-വിയ്യക്കോണം റോഡിൽ
2. പരുത്തിപ്പള്ളി-കള്ളിയൽ റോഡിൽ
3. ഇടവാച്ചൽ പെട്ടിപ്പാറ റൂട്ടിൽ
4. വാവോട്- ഇടവാച്ചൽ-കണ്ടംതിട്ട
5. ആടുവള്ളി മുതൽ നിരപ്പുക്കാലവരെ
6. മങ്കാരമുട്ടം മുതൽ ചെരിഞ്ഞാംകോണം വരെ
7. ആടുവള്ളി-പാങ്കാട്- ഇടവാച്ചൽവരെ.
8. നാരകത്തിൻകുഴി-നീർവാഴികോണം റോഡിൽ
9. ശ്യാമവിളപ്പുറം-രണ്ടാംതോട് തടത്തിൽ.
10. വ്ലാവെട്ടി മുതൽ കണ്ടംതിട്ട വരെ.

**ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലം മുൻഗണനാക്രമത്തിൽ**

1. തേവൻകോട് വാർഡിൽ പള്ളിവേട്ടയിൽ
2. ഉലയൻകോണം വാർഡിൽ ഉലയൻകോണത്ത്.
3. മുകുന്ദറ വാർഡിൽ പാങ്കാട്
4. നിരപ്പുക്കാല വാർഡിൽ പെട്ടിപ്പാറയിൽ.
5. നെയ്യാർഡാം വാർഡിൽ മരക്കുന്നത്ത്.



# 8. ഗതാഗതം



സ്വാതന്ത്ര്യലബ്ധിക്ക് വളരെ മുൻപ് കള്ളിക്കാട് ഗ്രാമപ്രദേശത്ത് ഗതാഗതസൗകര്യം തീരെ പരിമിതമായിരുന്നു. കാളവണ്ടികളും, വില്ലുവണ്ടികളുമാണ് ഗ്രാമവാസികൾ യാത്രക്കായി ഉപയോഗിച്ച് വന്നിരുന്നത്. 1925-മുതൽ കാട്ടാക്കട പ്രദേശത്തെ അന്നത്തെ പ്രമുഖ മലഞ്ചരക്ക് വിപണനകേന്ദ്രമായിരുന്ന നെടുമങ്ങാടുമായി ബന്ധിപ്പിക്കുന്ന ബസ്‌സർവ്വീസ് കള്ളിക്കാട്-കുറ്റിച്ചൽ വഴി ആരംഭിച്ചു. 'സരസ്വതി', 'M.M.S' എന്നീ ഓപ്പൺബോഡി ബസ്സുകളാണ് ദുർഘടംപിടിച്ച പാതകളിലൂടെ ഓടിയിരുന്നത്. കള്ളിക്കാട് പഴയജംഗ്ഷൻ കഴിഞ്ഞാൽ വാഹനങ്ങൾക്ക് ഓടാൻ സൗകര്യം ഉണ്ടായിരുന്നില്ല.

നെയ്യാർഡാമിന്റെ ആവിർഭാവമാണ് ഇവിടം ജനബാഹുല്യമാക്കിയത്. അണക്കെട്ടിന്റെ നിർമ്മാണ ആവശ്യത്തിന് വേണ്ടി. കള്ളിക്കാട്ടുനിന്നും നെയ്യാർഡാമിലേക്ക് ഗതാഗതസൗകര്യം ഉണ്ടാക്കി. കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന 'പയനിയർ' കമ്പനിയുടെ വാഹനങ്ങളാണ് അന്ന് ഉപയോഗിച്ചിരുന്നത്. 1955 ആയപ്പോഴേക്കും തിരുവനന്തപുരം-ആര്യശാലയിൽനിന്നും, നെയ്യാറ്റിൻകരയിൽനിന്നും പ്രൈവറ്റ് ബസ് സർവ്വീസുകൾ ഇവിടേക്ക് ഓടാൻതുടങ്ങി. ദേശസാൽക്കരണം വന്നതോടുകൂടി പ്രൈവറ്റ് ബസ്സുകൾ നിർത്തലാക്കുകയും K.S.R.T.C ബസ് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തു.

ഇന്ന് കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ഗതാഗത സൗകര്യത്തിൽ വൻപിച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രമുഖ ഡിപ്പോകളിൽനിന്നും നെയ്യാർഡാമിനേയും, കുടിയേറ്റ മേഖലയായ അമ്പൂരിയേയും ബന്ധിപ്പിക്കുന്ന സർവ്വീസുകൾ നടത്തിവരുന്നു. എങ്കിൽപ്പോലും ഒരു വിനോദസഞ്ചാരകേന്ദ്രമായ നെയ്യാർഡാം ഉൾപ്പെടുന്ന കള്ളിക്കാട് പഞ്ചായത്തിൽ യാത്രാക്ലേശം രൂക്ഷമാണ്. പൊന്മുടി, കോവളം, വർക്കല-വിനോദസഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ബസ് സർവ്വീസ് നെയ്യാർഡാമിന്റെ പ്രസക്തിക്ക് മാറ്റ് വർദ്ധിപ്പിക്കും.

ഇന്ന് വിനോദസഞ്ചാരികളും, ഗ്രാമവാസികളും ടെമ്പോ-ട്രക്കർ സർവ്വീസുകളെയാണ് ആശ്രയിച്ചുവരുന്നത്. കള്ളിക്കാട് ജംഗ്ഷനിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് ടാക്സി-ലോറി-ഓട്ടോ സ്റ്റാന്റുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. വിനോദ സഞ്ചാരികളുടെ ഒരു പ്രമുഖ തീർത്ഥാടനകേന്ദ്രമായ നെയ്യാർഡാമിലേക്ക് സംസ്ഥാനത്തിനകത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി ധാരാളം ഉല്ലാസ യാത്രാസംഘങ്ങൾ എത്തിക്കൊണ്ടിരിക്കുന്നു. നഗരത്തിന്റെ തിക്കിലും തിരക്കിലും ചൂടിലുംനിന്ന് അകന്ന് വിശ്രമത്തിനും വിനോദത്തിനും വനസൗന്ദര്യം ആസ്വദിക്കുന്നതിനുമാണ് ധാരാളം സന്ദർശകർ ഇവിടെ എത്തുന്നത്.

നെയ്യാർ റിസർവ്വോയർ വന്യമൃഗ സങ്കേതത്തിന്റെ ഭാഗമാണ്. വനംവകുപ്പ്, ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവർ നെയ്യാർ ജലാശയത്തിൽ വിനോദയാത്രക്ക് ബോട്ട് സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ ജലഗതാഗതത്തിന് സൗകര്യങ്ങൾ ഏറെയാണ്.

## ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. പരുത്തിപ്പള്ളി-കള്ളിയൽ റോഡ് ടാറിംഗ് പൂർത്തിയാക്കുകയും, കാട്ടാക്കട ഡിപ്പോയിൽ നിന്ന് കള്ളിക്കാട് വഴി പരുത്തിപ്പള്ളി, കള്ളിയൽ, കോട്ടൂർ ബസ് സർവ്വീസ് ആരംഭിക്കുകയും വേണം.
2. ചന്തനട-പാട്ടേക്കോണം മൺറോഡ് P.W.D ഏറ്റെടുത്ത് നെട്ടുകാൽത്തേരിവരെ ദീർഘിപ്പിക്കുകയും, ടാർ ചെയ്ത് ബസ്സ് സർവ്വീസ് ആരംഭിക്കുകയും വേണം.
3. നെയ്യാർഡാം-ഗ്ലാവെട്ടി-കോട്ടൂർ റോഡിൽ നെയ്യാർ ഡാമിലെ അപ്രോച്ച് റോഡും, പാലവും നിർമ്മിച്ച് അനുവദിച്ച ബസ് സർവ്വീസ് ഉടൻ പുനരാരംഭിക്കണം.
4. നെയ്യാർഡാമിൽ നദിക്ക് കുറുകെ പാലം നിർമ്മിച്ച് നെയ്യാർഡാംവഴി അമ്പൂരി, മായം, കുടപ്പനമൂട്, വെള്ളറടഎന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസുകൾ ആരംഭിക്കണം.
5. പന്ത-പെട്ടിപ്പാറ-ഇടവാച്ചൽ റോഡ് P.W.D ഏറ്റെടുത്ത് ടാർചെയ്ത് ഗതാഗത യോഗ്യമാക്കണം.
6. വാവോട്-ഇടവാച്ചൽ-കണ്ടംതിട്ട റോഡുവഴി അടിയന്തിരമായി ബസ്സ് സർവ്വീസ് ആരംഭിക്കണം.
7. ചെരിഞ്ഞാംകോണം-പുലിക്കുഴി-ആടുവള്ളി റോഡ് പാലമുൾപ്പെടെ പുനരുദ്ധരിക്കണം.
8. ഇടവാച്ചൽ-കോട്ടമം-ഉലയൻകോണം-നെയ്യാർഡാം റോഡ് നിർമ്മിക്കണം.
9. പന്ത-ചെറുപ്പണ-കൊഞ്ഞാർ-നിരപ്പുക്കാല റോഡ് നിർമ്മിക്കണം.
10. നാൽപ്പറക്കുഴി-നാരകത്തിൻകുഴി-നീർവാഴികോണം റോഡ് പൂർണ്ണമായും ടാർചെയ്ത് ഗതാഗത യോഗ്യമാക്കി ബസ് സർവ്വീസ് ആരംഭിക്കണം.
11. ശ്യാമവിളപ്പുറം-രണ്ടാംതോട് റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കണം.
12. ഏറക്കോണം റോഡ് ടാർ ചെയ്യണം.
13. കാണിക്കോണം റോഡിൽ ചാനലിന് കുറുകെ പാലം നിർമ്മിക്കണം.
14. നെയ്യാർ ജലാശയത്തിൽ കോട്ടൂർ, കാപ്പുകാട്, തുറന്നജയിൽ, പന്ത, കരുമംകുളം, അമ്പൂരി എന്നീ പ്രദേശങ്ങളിലേക്ക് വനംവകുപ്പ് ബോട്ട് സർവ്വീസ് നടത്തണം.

## പുതിയ ബസ്സ് റൂട്ടുകൾ ആവശ്യമുള്ള സ്ഥലങ്ങൾ

1. നെയ്യാർഡാമിൽനിന്നും കോവളം, പൊന്മുടി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കും, വർക്കലവഴി എറണാകുളത്തേക്കും ബസ്സ് സർവ്വീസുകൾ ആരംഭിക്കണം.
2. കാട്ടാക്കട-കള്ളിക്കാട്, നെയ്യാർഡാം, ഗ്ലാവെട്ടി.
3. കാട്ടാക്കട-കള്ളിക്കാട്, വാവോട്, കണ്ടംതിട്ട.
4. കാട്ടാക്കട-കള്ളിക്കാട്, നാല്പറക്കുഴി, നീർവാഴി കോണം. [illegible]
5. കാട്ടാക്കട-കള്ളിക്കാട്, പരുത്തിപ്പള്ളി, കള്ളിയൽ.
6. നെടുമങ്ങാട്-കള്ളിക്കാട്, പന്ത, അമ്പൂരി.
7. നെയ്യാർഡാം-കന്യാകുമാരി ഇന്റർസ്റ്റേറ്റ് സർവ്വീസുകൾ പുനരാരംഭിക്കണം.
8. [illegible]

## റോഡിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുവാനുള്ള പരിഹാരമാർഗ്ഗങ്ങൾ [illegible]

1. കാലാകാലങ്ങളിലായി റോഡ് റീ ടാർ ചെയ്യണം.
2. കള്ളിക്കാട് ജംഗ്ഷൻ മുതൽ ചന്തനട വരെ കാട്ടാക്കട-നെയ്യാർഡാം റൂട്ടിൽ ഇരുഭാഗത്തും ഓടകൾ നിർമ്മിക്കണം.
3. കെട്ടിടനിർമ്മാണ ചട്ടങ്ങൾ കർശനമായും പാലിക്കണം.
4. പല റോഡുകളിലേയും ടാറിന്റെ വീതി കൂട്ടേണ്ടത് അത്യാവശ്യമാണ്.
5. കള്ളിക്കാട് ജംഗ്ഷനിൽ മാലിന്യങ്ങൾ റോഡിൽ കൂടി ഒഴുക്കിവിടുന്നത് നിയമം മുഖേന കർശനമായി തടയുകയും പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കുകയും ചെയ്യണം.
6. [illegible]
7. [illegible]
8. [illegible]
9. [illegible]

## കള്ളിക്കാട് പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട ടാർചെയ്ത റോഡുകൾ

| നമ്പർ | പേര് | ഡിപ്പാർട്ട്മെന്റ് | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | യാത്രാസൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|
| 1 | പരുത്തിപ്പള്ളി-കള്ളിക്കാട്-വാവോട് (നെടുമങ്ങാട്-ഷൊർളക്കോട് സ്റ്റേറ്റ് ഹൈവേ) | P.W.D | 7k.m | ഉണ്ട് | പരുത്തിപ്പള്ളി മുതൽ കള്ളിക്കാട് വരെ റോഡിൽ ഓട നിർമ്മിക്കണം |
| 2 | കള്ളിക്കാട്-നെയ്യാർഡാം | P.W.D. | 2.5k.m | ഉണ്ട് | |
| 3 | ആടുവള്ളി-പന്ത-കണ്ടംതിട്ട | P.W.D. | 5k.m | ഉണ്ട് | |
| 4. | വാവോട്-കണ്ടംതിട്ട | P.W.D | 4k.m | ഇല്ല | |
| 5. | മൈലക്കര-പൂഴനാട് | P.W.D. | 3k.m | ഉണ്ട് | |
| 6. | നെയ്യാർഡാം വഴി നിരപ്പുകാല | ഇറിഗേഷൻ | 2k.m | ഇല്ല | |
| 7. | നെയ്യാർഡാം വ്ളാവെട്ടി | പഞ്ചായത്ത് | 3.5k.m. | ഇല്ല. | |

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ വാർഡ്തിരിച്ചുള്ള പട്ടിക

### വാർഡ് I തേവൻകോട്

| നമ്പർ | പേര് | ഇനം | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | പരുത്തിപ്പള്ളി-കള്ളിയൽ | ടാർ | പഞ്ചായത്ത് | 3.5k.m | ഇല്ല | |
| 2. | തേവൻകോട്-നെട്ടുകാൽത്തേരി | മെറ്റൽ | പഞ്ചായത്ത് | 600m | ഇല്ല | |
| 3 | തേവൻകോട്-മാത്താംകോട് | [illegible] ടാർ റോഡ് | പഞ്ചായത്ത് | 4k.m | ഇല്ല | |
| 4 | ചെറുവാളക്കോണം-ഏറക്കോണം | മൺറോഡ് | പഞ്ചായത്ത് | 1.5k.m | ഇല്ല | |
| 5. | പള്ളിവേട്ട-കോളനിറോഡ് | കോൺക്രീറ്റ് | പഞ്ചായത്ത് | 200m | ഇല്ല | |
| 6. | കള്ളിക്കാട്-ഏറക്കോണം | മൺറോഡ് | പഞ്ചായത്ത് | 1k.m | ഇല്ല | |
| 7. | വെങ്കിട്ടമ്മൂട്-കൊറണ്ടിച്ചിറ | ചാനൽ ബണ്ട് റോഡ് | പഞ്ചായത്ത് | 1.5km | ഇല്ല. | |
| 8. | കുഞ്ചുകോണം-മാത്താംകോട് | മൺറോഡ് | പഞ്ചായത്ത് | 500m | ഇല്ല | |
| 9. | നെട്ടുകാൽത്തേരി-മാത്താംകോട് | മൺറോഡ് | പഞ്ചായത്ത് | 1k.m | ഇല്ല | |
| 10. | [illegible]കോണം-നെട്ടുകാൽത്തേരി | മൺറോഡ് | പഞ്ചായത്ത് | 1.5km | ഇല്ല | |

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ വാർഡ്തിരിച്ചുള്ള പട്ടിക

### വാർഡ് II കള്ളിക്കാട്

| നമ്പർ | പേര് | ഇനം | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. | കള്ളിക്കാട്-മുടിപ്പുര | മെറ്റൽ | പഞ്ചായത്ത് | 200m. | ആവശ്യമില്ല | |
| 2. | കള്ളിക്കാട്-വള്ളക്കടവ് | മെറ്റൽ | പഞ്ചായത്ത് | 200m. | ആവശ്യമില്ല | |
| 3. | കള്ളിക്കാട്-കാഞ്ഞിരംമൂട് | ടാർ | പഞ്ചായത്ത് | 200m. | ആവശ്യമില്ല | |
| 4. | ചന്തനട-പാട്ടേക്കോണം | മൺറോഡ് | പഞ്ചായത്ത് | 1.5k.m | ആവശ്യമുണ്ട് | |
| 5. | ആഴാങ്കാൽ-മുണ്ടവൻകുന്ന് (IHDP) | മൺറോഡ് | പഞ്ചായത്ത് | 1.5k.m | ആവശ്യമുണ്ട്. | |
| 6. | മഞ്ചംകോട്-തോട്ടുംകര | മൺറോഡ് | പഞ്ചായത്ത് | 300m. | ആവശ്യമില്ല. | |
| 7. | മരുതുംമൂട്-ആറ്റുകടവ് | മൺറോഡ് | പഞ്ചായത്ത് | 200m. | ആവശ്യമില്ല. | |

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ വാർഡ്തിരിച്ചുള്ള പട്ടിക

### വാർഡ് III പെരുങ്കുളങ്ങര

| നമ്പർ | പേര് | ഇനം | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. | തുണ്ടുനട-മണ്ണടിറോഡ് | മൺറോഡ് | പഞ്ചായത്ത് | 2k.m | ആവശ്യമില്ല | |
| 2. | ചെക്കാലവിളാകം-തടിക്കടവ് | മൺറോഡ് | പഞ്ചായത്ത് | 1km | ആവശ്യമില്ല | |
| 3. | നെയ്യാർഡാം-പാങ്ങപ്പാറ ലക്ഷംവീട് റോഡ് | മൺറോഡ് | പഞ്ചായത്ത് | 200m. | ആവശ്യമില്ല | |
| 4. | തുണ്ടുനട-മരക്കുന്നം റോഡ് | മൺറോഡ് | പഞ്ചായത്ത് | 2k.m | ആവശ്യമില്ല | |
| 5. | നെയ്യാർഡാം-തുണ്ടുനട ചാനൽബണ്ട് റോഡ് | മൺറോഡ് | പഞ്ചായത്ത് | 500m. | ആവശ്യമില്ല | |
| 6. | തുണ്ടുനട-വേളാംവിളാകം-~~മരക്കുന്നം~~ [illegible] | മൺറോഡ് | പഞ്ചായത്ത് | 2k.m | ആവശ്യമുണ്ട് | |
| 7. | നെയ്യാർഡാം-വ്‌ളാവെട്ടി വില്ലുചാരി ട്രൈബൽറോഡ് | ടാർ | പഞ്ചായത്ത് | 3.5k.m. | ആവശ്യമുണ്ട്. | |
| 8. | ഞറുങ്ങണംവിള-മാർത്തോമാപള്ളി റോഡ് | മൺറോഡ് | പഞ്ചായത്ത് | 250m. | | |
| 9. | താന്നിമൂട്-ഒന്നാം ഷാഡൽറോഡ് | മൺറോഡ് | പഞ്ചായത്ത് | 300m. | | |

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ വാർഡ്തിരിച്ചുള്ള പട്ടിക

### വാർഡ് IV നെയ്യാർഡാം

| നമ്പർ | പേര് | ഇനം | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. | വ്ളാവെട്ടി-മൺപുറം റോഡ് | മൺറോഡ് | പഞ്ചായത്ത് | 800m. | | |
| 2. | മരക്കുന്നം-സഫാരി പാർക്ക് | ടാർ | ഫോറസ്റ്റ് ഡി: | 500m. | | |
| 3. | ആലുവിള-നെയ്ക്കുപ്പൽ റോഡ് | മൺറോഡ് | | 500m. | | |
| 4. | നെയ്യാർഡാം-ഇറിഗേഷൻ പിക്നിക് ഹാൾ | ടാർ | ഇറിഗേഷൻ | 700m. | | |
| 5. | നിരപ്പുകാല-കാലാട്ടുകാവ് | മൺറോഡ് | | 450m. | | |
| 6. | നിരപ്പുകാല-ചേമ്പൂര് | മൺറോഡ് | | 600m. | | |
| 7. | പേഴുംകാല-കാഞ്ചിമൂട് | മൺറോഡ് | | 600m. | | |
| 8. | മൺപുറം-ചീനിക്കാല | മൺറോഡ് | | 1.5k.m. | | |
| 9. | ആലമ്പാറത്തടം | | | 300m. | | |
| 10. | നെയ്യാർഡാം [illegible] റോഡ് | ടാർ | പഞ്ചായത്ത് | 3.5km | | |
| 11. | നെയ്യാർഡാം - [illegible] | ടാർ | PWD | 5km | | |

ഗതാഗതം.

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ വാർഡ്തിരിച്ചുള്ള പട്ടിക

### വാർഡ് V നിരപ്പുകാല

| നമ്പർ | പേര് | ഇനം | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. | നെയ്യാർഡാം-കണ്ടംതിട്ട | ടാർ | P.W.D | 4k.m. | | |
| 2. | രണ്ടാം ചെറുപ്പണ-കൊഞ്ഞാർ-ദൈവപ്പുര | മൺറോഡ് | | 2k.m | | |
| 3. | പന്ത-ആടുവള്ളി | ടാർറോഡ് | | 3k.m. | | |
| 4. | ഉലയൻകോണം-പടപ്പറ-ഡാം | മൺറോഡ് | | 1.5k.m. | | |
| 5. | നിരപ്പുകാല-പേഴുംകാല | മൺറോഡ് | | 500m. | | |
| 6. | പന്ത-പെട്ടിപ്പാറ-ഇടവാച്ചൽ | മൺറോഡ് | | 2k.m. | | |
| 7. | പെട്ടിപ്പാറ-തേക്കുവിള-കണ്ടംതിട്ട | മൺറോഡ് | | 1.25 km. | | |
| 8. | കണ്ടംതിട്ട-വാവോട് | ടാർ | | 2.5k.m. | | |

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ വാർഡ്തിരിച്ചുള്ള പട്ടിക

### വാർഡ് VI മുകുന്ദറ

| നമ്പർ | പേര് | ഇനം | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. | ആടുവള്ളി-പാങ്കാട്-ഇടവാച്ചൽ | മൺറോഡ് | | 2k.m. | | |
| 2. | വാവോട്-വട്ടപ്പള്ളിൽ റോഡ് | 130m. ടാർ ബാക്കി മൺറോഡ് | കോളനി | 1k.m. | | |
| 3. | വാവോട്-വട്ടപ്പള്ളി-പാങ്കാട് | | | 1k.m. | | |
| 4. | വാവോട്-ചുനപ്പാറ | മൺറോഡ് | | 2k.m. | | |
| 5. | നാല്പറക്കുഴി-നീർവാഴികോണം (ട്രൈബൽ റോഡ്) | 2k.m.ടാർ ബാക്കി മൺറോഡ് | | 3k.m. | | |
| 6. | വാവോട്-പള്ളിനട-പാങ്കാട് | മൺറോഡ് | | 2.5K.M | | |
| 7. | ചൊവ്വള്ളി-പാങ്കാട് | മൺറോഡ് | | 500m. | | |

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ വാർഡ്തിരിച്ചുള്ള പട്ടിക

### വാർഡ് VII ഉലയൻകോണം

| നമ്പർ | പേര് | ഇനം | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. | മങ്കാരമുട്ടം-പുലിക്കുഴി-ആടുവള്ളി | 500m.ടാർ.ബാക്കി മൺറോഡ് | | 2k.m. | | പാലം ഇല്ല |
| 2. | ഉലയൻകോണം-വില്ലിടുംപാറ-പെരിഞ്ഞാംകടവ് | മൺറോഡ് | | 3k.m. | | |
| 3. | നാല്പറക്കുഴി-സ്വർണ്ണക്കോട്-മലവിളറോഡ് | മൺറോഡ് | | 2k.m. | | |
| 4. | നാല്പറക്കുഴി-നെയ്യാർഡാം-ചാനൽബണ്ട് റോഡ് | മൺറോഡ് | ഇറിഗേഷൻ | 4k.m. | | |
| 5. | പുല്ലാണിപ്പാറ-മലവിളറോഡ്(പണി ചെയ്തിട്ടില്ല) | „ | | 2k.m. | | |
| 6. | പെരിഞ്ഞാം-പെരിഞ്ഞാംകടവ് റോഡ് | മൺറോഡ് | | 300m. | | |
| 7. | കിനട്ടുംകരമൂല-ആലാക്കുഴി | മൺറോഡ് | | 1.5k.m. | | |
| 8. | പള്ളിനട-പുലിക്കുഴി തടം | | | | | |

## പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ വാർഡ്തിരിച്ചുള്ള പട്ടിക

### വാർഡ് VIII മൈലക്കര

| നമ്പർ | പേര് | ഇനം | ഉടമസ്ഥത | പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദൂരം | ബസ് യാത്രാ സൗകര്യം | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1. | മൈലക്കര-വള്ളക്കടവ് | ~~തടം~~ ടാർ | | 300m. | | |
| 2. | മൈലക്കര-ആറാട്ടുകടവ് | ~~തടം~~ ടാർ | | 300m. | | |
| 3. | മഞ്ചാടിമൂട്-രണ്ടാംതോട് | ടാർ | | 1k.m. | | |
| 4. | ശ്യാമവിളപ്പുറം-ലക്ഷംവീട് | മൺറോഡ് | | 500m. | | |
| 5. | ലക്ഷംവീട്-കുരങ്ങിൻതോട്ടം | തടം | | 300m. | | |
| 6. | മങ്കാരമുട്ടം-മലവിള | തടം | | 250m. | | |
| 7. | മങ്കാരമുട്ടം-മൈലക്കര | തടം | | 400m. | | |
| 8. | മുള്ളിലവിൻമൂട്-ഉലട്ടിമൂട്-നീർവാഴിക്കോണം | ടാർ | | 1.5k.m. | | |
| 9. | രണ്ടാംതോട്-കോട്ടിയക്കോണം റോഡ് | മൺറോഡ് (ചാനൽബണ്ട്വരെ) | | 800m. | | |
| 10. | മഞ്ചാടിമൂട്-കുന്നുപുറം-മൈലക്കര | ~~തടം~~ ടാർ | | 500m. | | |
| 11. | മൈലക്കര-മലവിള-ശാസ്താംപാറ | തടം | | 1k.m. | | |

## അടിയന്തിരമായി പണിപൂർത്തിയാക്കേണ്ട റോഡുകൾ മുൻഗണനാക്രമത്തിൽ

| വാർഡ് No. | No. | റോഡിന്റെ പേര് | ദൂരം കി. മീ. | ഒരു വർഷത്തിൽ ചെലവഴിച്ച ഫണ്ട് | ടാർ ഉള്ളത് | ടാർ വേണ്ടത് | ഓട ഉള്ളത് | ഓട വേണ്ടത് | വീതി ഉള്ളത് | വീതി വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി | R.T. വാൾ വേണ്ടത് | ശ്രമദാനം | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| I | 1 | കള്ളിക്കാട്-ഏറക്കോണം റോഡ് | | | | ✓ | | ✓ | | ✓ | | ✓ | | ✓ | ✓ | |
| | 2 | വെങ്കിട്ടമൂട്മുതൽ പാട്ടേക്കോണം | | | | ✓ | | | | | | ✓ | | ✓ | ✓ | |
| | 3 | വരെയുള്ള ജീപ്പ് റോഡിന്റെ പണി | | | | | | | | | | | | | | |
| II | 1 | ചന്തനട-പാട്ടേക്കോണം | | | | ✓ | | ✓ | | ✓ | | ✓ | | ✓ | | |
| | 2 | ആഴാംകാൽ-മുണ്ടവൻകുന്ന് | | | | ✓ | | ✓ | | ✓ | | | | ✓ | | |
| III | 1 | തുണ്ടുനട-വേളാംവിളാകം-മരക്കുന്നം | | | | ✓ | | | | ✓ | | ✓ | | ✓ | | |
| | 2 | തുണ്ടുനട-മണ്ണടിറോഡ് | | | | ✓ | | ✓ | | ✓ | | ✓ | | | | |
| IV | 1 | നിരപ്പുക്കാല-ചേമ്പൂര് റോഡ് | | | | ✓ | | ✓ | | ✓ | | ✓ | | | | |
| | 2 | പേഴുംക്കാല-കാഞ്ചിമൂട് | | | | ✓ | | ✓ | | | | ✓ | | | | |
| | 3 | നിരപ്പുക്കാല-പേഴുങ്കാല | | | | | | | | | | | | | | |
| V | 1 | ഉലയൻകോണം-പടപ്പറ-ഡാം | | | | ✓ | | | | ✓ | | ✓ | | ✓ | | |
| | 2 | പന്ത-പെട്ടിപ്പാറ-ഇടവാച്ചൽ | | | | ✓ | | ✓ | | ✓ | | ✓ | | | | |
| VI | 1 | ആടുവള്ളി-പാങ്കാട്-ഇടവാച്ചൽ | | | | ✓ | | | | | | | | | | |
| | 2 | നാല്പറക്കുഴി-നാരകത്തിൻകുഴി-നീർവാഴികോണം | | | | ✓ | | ✓ | | | | | | ✓ | | |
| VII | 1 | മങ്കാരമൂട്ടം-ചെരിഞ്ഞാംകോണം-ആടുവള്ളി-പുലിക്കുഴി | | | | ✓ | | | | ✓ | | ചാനൽ പാലം | | ✓ | | |
| | 2 | ഉലയൻകോണം-കാളിപാറ-വില്ലിടുംപാറ | | | | ✓ | | ✓ | | ✓ | | ✓ | | | | |
| VIII | 1 | ശ്യാമവിളപ്പുറം-രണ്ടാംതോട് റോഡ് | | | | | | | | | | | | | | |
| | 2 | ശ്യാമവിളപ്പുറം-ലക്ഷംവീട് റോഡ് | | | | ✓ | | ✓ | | ✓ | | ✓ | | ✓ | | |
| | 3 | [illegible] റോഡ് | | | | ✓ | | ✓ | | ✓ | | ✓ | | ✓ | | |

# 9. പാർപ്പിടം



കള്ളിക്കാട് പഞ്ചായത്ത് രൂപംകൊള്ളുന്നതിന് മുമ്പ് പരിഷ്കാരം എന്തെന്നറിയാത്ത, പുറംലോകവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു അവികസിത മലയോര ഗ്രാമമായിരുന്നു ഈ പ്രദേശം. കൃഷിയോഗ്യമായ ഭൂമി വളരെ കുറവായിരുന്നു. അടിമത്തരീതിയിലുള്ള കൃഷിസമ്പ്രദായം ഇവിടെ നിലനിന്നിരുന്നു എന്നാണ് വിശ്വാസം.

നെയ്യാർഡാമിന്റെ ആവിർഭാവവും, കാണിപ്പറ്റ് കാർഷിക മേഖലയിലെ കുടിയേറ്റവുമാണ് ഈ ഗ്രാമത്തെ പിന്നീട് സജീവമാക്കിയത്. പാർപ്പിടങ്ങൾ ഈ പ്രദേശത്ത് വളരെ കുറവായിരുന്നു. ആകെക്കൂടി നോക്കിയാൽ മൺ ചുമരുകൾ നിർമ്മിച്ച് ഓലമേഞ്ഞതായിരുന്നു ഇവിടത്തെ കെട്ടിടങ്ങൾ. ഓടുമേഞ്ഞ കെട്ടിടങ്ങൾ വളരെ കുറവായിരുന്നു.

1955 കാലഘട്ടത്തിനുശേഷം കള്ളിക്കാട് മലയോര ഗ്രാമത്തിന് സാംസ്കാരികപരവും, വിദ്യാഭ്യാസപരവുമായുള്ള പുരോഗതി കൈവന്നുതുടങ്ങി. ആയിരത്തിന് താഴെ ജനസംഖ്യയുണ്ടായിരുന്ന കള്ളിക്കാട് പഞ്ചായത്തിന്റെ ഇന്നത്തെ ജനസംഖ്യ പതിമൂവായിരത്തിൽപരമാണ്.

ജനസംഖ്യയിൽ നല്ലൊരുശതമാനവും പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക ജനവിഭാഗങ്ങളാണ്. നെയ്യാർ ഡാം വാർഡിൽ മരക്കുന്നം മുതൽ ചീനിക്കാല വരെയുള്ള പ്രദേശത്ത് മാത്രം, നെയ്യാർ ജലാശയത്തിന്റെ തീരത്ത്. 250-ൽപ്പരം കുടികിടപ്പുകാർ പാർപ്പിടമോ, മറ്റ് പ്രാഥമിക സൗകര്യങ്ങളോ ലഭിക്കാത്തവരാണ്. ഈ പഞ്ചായത്തിന്റെ വിവിധ റോഡ് പുറംപോക്കുകളിലും ധാരാളം കുടികിടപ്പുകാരുണ്ട്. ആകെക്കൂടിനോക്കിയാൽ പാർപ്പിടപ്രശ്നം കള്ളിക്കാട് പഞ്ചായത്തിൽ അതീവ ഗുരുതരമാണ്.

പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 90% പേർക്ക് സ്വന്തമായി വീട് നൽകുവാൻ പഞ്ചായത്തിനും, വിവിധ സർക്കാർ വകുപ്പുകൾക്കും കഴിഞ്ഞിട്ടുണ്ട്, തലചായ്ക്കാൻ ഭൂമിയോ, കിടപ്പാടമോ ഇല്ലാത്ത ഈ മലയോര ഗ്രാമത്തിലെ ദരിദ്ര ജനവിഭാഗത്തിന്റെ അടിസ്ഥാനപ്രശ്നത്തിന് ജനകീയാസൂത്രണ പദ്ധതിയിൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു.

**പഞ്ചായത്തിലെ വീടുകൾ**

| | |
|---|---|
| ആകെ വീടുകൾ | 4074 |
| ഓട് പാകിയത് | 1373 |
| ഓലമേഞ്ഞത് | 500 |
| കോൺക്രീറ്റ് | 262 |
| കുടിലുകൾ | 1498 |
| കടമുറികൾ | 94 |
| ആരാധനാലയങ്ങൾ, ഗവ: സ്ഥാപനങ്ങൾ | 347 |

**ഓരോ വാർഡിലും ഇനി ആവശ്യമുള്ള വീടുകൾ**

| | |
|---|---|
| I-ാം വാർഡ് | 150 |
| II-ാം വാർഡ് | 200 |
| III-ാം വാർഡ് | 150 |
| IV-ാം വാർഡ് | 150 |
| V-ാം വാർഡ് | 75 |
| VI-ാം വാർഡ് | 75 |
| VII-ാംവാർഡ് | 150 |
| VIII-ാം വാർഡ് | 200 |
| ആകെ | 1150 |

## ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. ഈ പഞ്ചായത്തിലെ പള്ളിവേട്ട, തേവൻകോട്, നാല്പറക്കുഴി എന്നീ ഭാഗങ്ങളിലുള്ള റോഡ് പുറംപോക്കുകാരെ ഒഴിപ്പിച്ച് അവർക്ക് വീട്വയ്ക്കുവാനുള്ള ഭൂമിയും, സഹായവും നൽകണം.
2. നെയ്യാർഡാമിലെ ക്യാച്ച്മെന്റ് ഏരിയയിലും, കാണ്ടൂർ ലയിനിലും താമസിക്കുന്നവരെ അവിടെനിന്നും ഒഴിപ്പിക്കുകയും, അവർക്ക് വീടുവയ്ക്കുവാനുള്ള ഭൂമിയും ധനസഹായവും നൽകുകയും ചെയ്യണം.
3. ഈ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ വീടില്ലാത്തവർക്ക് അടിയന്തരമായി സർക്കാർ വീട് നിർമ്മിച്ച് നൽകണം.
4. പള്ളിവേട്ട, നെയ്യാർഡാം, ശ്യാമവിളപ്പുറം എന്നീ ലക്ഷംവീടുകൾ മെയ്ന്റനൻസ് ചെയ്യണം.
5. കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതിയുടെ കാലത്ത് റോഡ് പുറമ്പോക്കിൽനിന്നും ഒഴിപ്പിച്ച പെരിഞ്ഞാംകടവ്, വാവോട് എന്നീ കോളനികളിലെ ഇനിയും വീട് ലഭിക്കാത്തവർക്ക് വീട് നൽകണം.
6. ഈ പഞ്ചായത്തിൽ നിർമ്മിതിയുടെ ഒരു കേന്ദ്രം തുടങ്ങണം.
7. റൂറൽ ഹൗസിംഗ് സഹകരണസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കണം.

## പഞ്ചായത്തിലെ വീടുകളുടെ പട്ടിക

| വാർഡ് നമ്പർ | കുടിൽ | ഓല | ഓട് | കോൺക്രീറ്റ് | കട | ആരാധനാലയങ്ങളും, ഗവ. സ്ഥാപനങ്ങളും | ആകെ |
|---|---|---|---|---|---|---|---|
| I | 137 | 42 | 174 | 46 | 21 | 21 | 441 |
| II | 153 | 138 | 240 | 75 | 27 | 19 | 652 |
| III | 184 | 49 | 149 | 35 | 21 | 124 | 562 |
| IV | 289 | 24 | 126 | 4 | 1 | 119 | 563 |
| V | 158 | 55 | 139 | 23 | 4 | 24 | 403 |
| VI | 152 | 41 | 162 | 27 | 4 | 13 | 399 |
| VII | 190 | 40 | 111 | 8 | 5 | 11 | 365 |
| VIII | 235 | 111 | 272 | 44 | 11 | 16 | 689 |

# 10. ആരോഗ്യം



ഈ പഞ്ചായത്തിൽ ആരോഗ്യസംരക്ഷണത്തിനായി ആവശ്യത്തിന് സ്ഥാപനങ്ങളില്ല. വിദഗ്ദ്ധ ചികിത്സക്കായി കാട്ടാക്കട പ്രാഥമിക ആരോഗ്യകേന്ദ്രം, നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി എന്നിവിടങ്ങളെയാണ് കൂടുതലും ആശ്രയിക്കേണ്ടിവരുന്നത്. കൂടാതെ മറ്റ് സ്വകാര്യ ആശുപത്രികളെയും ആശ്രയിച്ച് ജനങ്ങൾക്ക് ഈ പഞ്ചായത്തിന് പുറത്ത് പോകേണ്ടിവരുന്നു.

നെയ്യാർഡാമിലെ പ്രൈമറി ഹെൽത്ത് സെന്ററാണ് ഈ പഞ്ചായത്തിലെ ആരോഗ്യപരിപാലന രംഗത്ത് പ്രധാനപ്പെട്ട സ്ഥാപനം. ഇപ്പോൾ ഈ ആശുപത്രി മുഴുവൻസമയ പ്രവർത്തനത്തിലല്ല. നെയ്യാർഡാം ഇറിഗേഷനിൽനിന്നും ശ്രീമാൻ. T.K. ദിവാകരൻ പൊതു മരാമത്ത് വകുപ്പ് മന്ത്രിയായിരിക്കെ അനുവദിച്ചുതന്ന ഒരേക്കർ സ്ഥലത്താണ് ഈ ആശുപത്രി സ്ഥിതിചെയ്യുന്നത്. 1983-ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ K. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഈ ആശുപത്രിയുടെ ഭരണാനുമതി നൽകിയത്. സർക്കാരിന്റേയും പഞ്ചായത്തിന്റേയും ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ് ഇപ്പോഴത്തെ കെട്ടിടം.

ഒരു മെഡിക്കൽ ഓഫീസറും 5 ഹെൽത്ത് വിസിറ്റേഴ്സും മറ്റിതര ജീവനക്കാരുമുൾപ്പെടെ പതിനഞ്ചോളംപേർ ഈ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മൈലക്കര, വാവോട്, തേവൻകോട്, പന്ത, ചെരിഞ്ഞാംകോണം എന്നീ ഹെൽത്ത് സെന്ററുകൾ ഇതിന്റെ കീഴിലാണ്.

നെട്ടുകാൽത്തേരി തുറന്ന ജയിലിലെ മുന്നൂറോളം വരുന്ന തടവുകാരും; ഗ്ലാവെട്ടി, നാരകത്തിൻകുഴി എന്നീ ആദിവാസി കോളനികളിലേയും കൂടാതെ ഒൻപതോളം പട്ടികജാതി കോളനികളിലേയും മലയോര ക്യാച്ച്മെന്റ് ഏരിയയിലേയും ബഹുഭൂരിപക്ഷം വരുന്ന നിർദ്ധനകുടുംബങ്ങളും ഈ ആരോഗ്യകേന്ദ്രത്തെയാണ് ആശ്രയിക്കുന്നത്. എന്നാൽ മതിയായ ചികിത്സാസൗകര്യങ്ങളുടേയും, ഉപകരണങ്ങളുടേയും ദൗർലഭ്യം കാരണം ഇതിൽ ഭൂരിഭാഗംപേർക്കും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു.

ശ്രീ. തമ്പാനൂർ രവി MLA യുടേയും പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. A.K. ശശിയുടേയും ശ്രമഫലമായി ഇന്ന് ഈ ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി പത്ത് കിടക്കകളോടുകൂടിയ ഒരു കെട്ടിടത്തിന്റെ പണി പൂർത്തിയായിവരുന്നു.

ആയുർവ്വേദചികിത്സയാണ് ഈ പ്രദേശത്തെ ജനങ്ങൾ പരമ്പരാഗതമായി ആശ്രയിച്ചുവന്നിരുന്നത്. ഇക്കാരണത്താൽ ഒരു ആയുർവ്വേദ ആശുപത്രി ഉലയൻകോണത്ത് ആരംഭിച്ചു. ഇന്ന് ആയുർവ്വേദ ആശുപത്രി ഉണ്ടന്നല്ലാതെ പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. കള്ളിക്കാട്പ്രദേശത്ത് അഞ്ചോളം സ്വകാര്യ ആശുപത്രികളും പ്രവർത്തിച്ചുവരുന്നു. രോഗനിർണ്ണയത്തിനോ ചികിത്സയ്ക്കോ ഉള്ള ഏതൊരുവിധ ആധുനിക ഉപകരണങ്ങളും ഈ ആശുപത്രികളിൽ ഇല്ല.

## നിർദ്ദേശങ്ങൾ

1. അപൂർവ്വങ്ങളായ ആയുർവ്വേദ ഔഷധസസ്യങ്ങളുടെ കലവറയാണ് അഗസ്ത്യാർതാഴ്വരയിലെ നെയ്യാർ വനങ്ങൾ. ഗ്ലാവെട്ടി ഗിരിജൻകോളനിയിലെ നെല്ലിക്കുന്ന് ഒരു ഔഷധത്തോട്ടമായി വികസിപ്പിക്കാൻ നടപടിയുണ്ടാവണം.
2. വംശനാശം വന്നുകൊണ്ടിരിക്കുന്ന ഔഷധച്ചെടികളെ സംരക്ഷിക്കുവാൻ അടിയന്തരനടപടികൾ സർക്കാരിൽ നിന്നും ഉണ്ടാകണം.
3. സമീപ പഞ്ചായത്തുകളിലെ ജനങ്ങൾക്കും, നെട്ടുകാൽത്തേരി തുറന്നജയിലിലെ തടവുകാർക്കും, വനാന്തരങ്ങളിലെ ആദിവാസികൾക്കും, നെയ്യാർഡാമിലെത്തുന്ന വിനോദസഞ്ചാരികൾക്കും ശരിയായ ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി ഇവരുടെ എല്ലാ സൗകര്യങ്ങളും പരിഗണിച്ച് നെയ്യാർഡാം പ്രൈമറി ഹെൽത്ത് സെന്ററിനെ താലൂക്ക് നിലവാരത്തിലുള്ള ഒരു ആശുപത്രിയാക്കി ഉയർത്തണം.
4. നെയ്യാർഡാം പ്രൈമറി ഹെൽത്ത് സെന്ററിൽ എല്ലാ ചികിത്സാസൗകര്യങ്ങളോടുംകൂടിയ 10 കിടക്കകളുള്ള ആശുപത്രി ഉടൻ പ്രവർത്തനം ആരംഭിക്കണം.

5. ലാബ്, എക്സ്റേ, മിനി ഓപ്പറേഷൻ തിയേറ്റർ, മോർച്ചറി എന്നീ അടിസ്ഥാനസൗകര്യങ്ങൾ P.H.Cയിൽ ഉണ്ടാവണം.
6. മുഴുവൻസമയ മെഡിക്കൽ ഓഫീസറും ആവശ്യത്തിന് ജീവനക്കാരും ഉണ്ടാവണം.
7. ഹെൽത്ത്സെന്റർ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചുമതല പൂഴനാട് P.H.Cയിൽനിന്നും നെയ്യാർഡാം P.H.Cയിലേക്ക് മാറ്റണം.
8. മെഡിക്കൽ ഓഫീസർക്കും ജീവനക്കാർക്കും ക്വാർട്ടേഴ്സ് പണിതു നൽകണം.
9. ഗൈനക്കോളജി, കാർഡിയോളജി, തുടങ്ങിയ വിവിധ വൈദ്യശാസ്ത്ര ശാഖകളിലെ സ്പെഷ്യലിസ്റ്റുകളുടെ സേവനം ആഴ്ചയിലൊരിക്കൽ ഈ പഞ്ചായത്തിൽലഭ്യമാക്കണം.
10. P.H.Cയിൽ 'കോമ്പൗണ്ട് വാൾ' കെട്ടി സുരക്ഷിതത്വം ഉറപ്പുവരുത്തണം.
11. മൈലക്കര ഫോറസ്റ്റ് കമ്മ്യൂണിറ്റിഹാളിൽ കിടക്കകളോടുകൂടിയ താലൂക്ക് നിലവാരത്തിലുള്ള വിഷചികിത്സാകേന്ദ്രം തുടങ്ങണം. ഈ സ്ഥാപനത്തിൽ ആയുർവ്വേദ സർജറി സമ്പ്രദായം ഉണ്ടാവണം.
12. ആയുർവ്വേദ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കണം.
13. പഞ്ചായത്ത്പ്രദേശത്ത് പരമ്പരാഗത ചികിത്സാരീതിയേയും, പാരമ്പര്യ വൈദ്യന്മാരേയും പ്രോത്സാഹിപ്പിക്കണം.
14. ആദിവാസികളുടെ ഒറ്റമൂലി ചികിത്സാ സമ്പ്രദായത്തെക്കുറിച്ചുള്ള ഗവേഷണകേന്ദ്രം തുടങ്ങണം.
15. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പച്ചമരുന്നുകൾ അനുകൂലപ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കണം.
16. പഞ്ചായത്ത് പ്രദേശത്ത് സർക്കാർ ഉടമസ്ഥതയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
17. പരമ്പരാഗത ചികിത്സയിൽ വിശ്വാസമുള്ള ഈ പഞ്ചായത്തിൽ സിദ്ധം, യുനാനി പ്രകൃതിചികിത്സ എന്നിവയുടെ ഒരു സ്ഥാപനം തുടങ്ങണം.
18. പഞ്ചായത്തിൽ ഇറിഗേഷൻവക സ്ഥലത്ത് ഒരു പൊതു വൈദ്യുത സ്മശാനം സ്ഥാപിക്കണം.
19. മൈലക്കര ജംഗ്ഷൻ കേന്ദ്രീകരിച്ച് കുളംപുറമ്പോക്കിൽ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.
20. മൈലക്കര കുളംപുറമ്പോക്കിൽ മൈലക്കര മിഡ്വൈഫ് സെന്ററിന് പുതുതായി കെട്ടിടം പണിത് പ്രവർത്തനം ആരംഭിക്കണം.
21. തേവൻകോട് വാർഡ് കേന്ദ്രമാക്കി ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

**ജനന മരണ വിവരങ്ങൾ**

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 172 | 61 | 2 |
| 1994-95 | 176 | 57 | 1 |
| 1995-96 | 165 | 59 | 2 |

**പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ**

| സ്ത്രീകളുടെ പ്രായക്രമം | എണ്ണം |
|---|---|
| 15-19 | 29 |
| 20-24 | 333 |
| 25-29 | 414 |
| 30-34 | 389 |
| 35-39 | 363 |
| 40-44 | 114 |

**ജനസംഖ്യ**

| ഇനം | എണ്ണം | ശതമാനം |
|---|---|---|
| പുരുഷന്മാർ | 4686 | 34 |
| സ്ത്രീകൾ | 4326 | 31 |
| കുട്ടികൾ | 4746 | 33.8 |
| ഒരുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 165 | 1.2 |
| ആകെ | 13923 | |

**ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അമ്മമാരുടെ തരംതിരിവ്**

| കുട്ടികളുടെ എണ്ണം | അമ്മമാരുടെ ആകെ എണ്ണം | കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ |
|---|---|---|
| 1 | 256 | 96 |
| 2 | 946 | 854 |
| 2-ൽ കൂടുതൽ | 374 | 332 |

**കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം**

| പ്രായം | നോർമൽ ആകെ കുട്ടികൾ | 1-ാം ഗ്രേഡ് ആകെ കുട്ടികൾ | 2-ാം ഗ്രേഡ് ആകെ കുട്ടികൾ | 3-ാം ഗ്രേഡ് ആകെ കുട്ടികൾ |
|---|---|---|---|---|
| 1- വയസ്സിനു താഴെ | 40 | 81 | 44 | ഇല്ല |
| 1-3 വയസ്സ് | 85 | 198 | 55 | ഇല്ല |
| 3-6 വയസ്സ് | 128 | 345 | 130 | 14 |

## കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവയ്പ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| ഒരുവയസ്സിൽ താഴെ | 109 | 80 | 82 | 172 | | 80 | 82 | 172 | | | | | | 128 |
| 1-3 വയസ്സ് | | | | | 200 | | | | 200 | | | | | |
| 3-6 വയസ്സ് | | | | | | | | | | 165 | | | | |

### ടെറ്റനസ് ടോക്സോയ്ഡ്

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 50 | 62 | 17 |

| സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | ആകെ | വർഷം |
|---|---|---|---|---|---|---|---|---|
| പബ്ളിക് ഹെൽത്ത് സെന്റർ | അലോപ്പതി | സ്വന്തം | 15 | 1983 | ഇല്ല | 29012 | 29012 | |
| ഗവ: ആയൂർവ്വേദ ആശുപത്രി | ആയൂർവ്വേദം | വാടക | 4 | 1991 | ഇല്ല | 8057 | 8057 | |
| R.V. ആശുപത്രി | ആയൂർവ്വേദം | സ്വന്തം | 1 | 1968 | 325 | 4780 | 5105 | |
| ലക്ഷ്മി ആശുപത്രി | ആയൂർവ്വേദം, അലോപ്പതി | സ്വന്തം | 4 | 1985 | 1038 | 6580 | 7618 | 1992-93 |
| പബ്ലിക് ഹെൽത്ത് സെന്റർ | അലോപ്പതി | സ്വന്തം | 15 | 1983 | ഇല്ല | 30172 | 30172 | |
| ഗവ: ആയൂർവ്വേദ ആശുപത്രി | ആയൂർവ്വേദം | വാടക | 4 | 1991 | ഇല്ല | 9008 | 9008 | |
| R.V. ആശുപത്രി | ആയൂർവ്വേദം | സ്വന്തം | 1 | 1968 | 450 | 6075 | 7158 | |
| ലക്ഷ്മി ആശുപത്രി | ആയൂർവ്വേദം, അലോപ്പതി | സ്വന്തം | 4 | 1985 | 1540 | 7500 | 8040 | 1993-94 |
| പബ്ലിക് ഹെൽത്ത് സെന്റർ | അലോപ്പതി | സ്വന്തം | 15 | 1983 | ഇല്ല | 31400 | 31400 | |
| ഗവ: ആയൂർവ്വേദ ആശുപത്രി | ആയൂർവ്വേദം | വാടക | 4 | 1991 | ഇല്ല | 12800 | 12800 | |
| R.V. ആശുപത്രി | ആയൂർവ്വേദം | സ്വന്തം | 1 | 1968 | 86 | ~~4672~~ 4586 | 4672 | |
| ലക്ഷ്മി ആശുപത്രി | ആയൂർവ്വേദം, അലോപ്പതി | സ്വന്തം | 4 | 1985 | 1850 | 6850 | 8700 | |
| റോയൽ ആശുപത്രി | അലോപ്പതി | വാടക | 2 | 1995 | 1600 | 5000 | 6600 | 1994-95 |
| പബ്ലിക് ഹെൽത്ത് സെന്റർ | അലോപ്പതി | സ്വന്തം | 15 | 1983 | ഇല്ല | 58708 | 58708 | |
| ഗവ: ആയൂർവ്വേദ ആശുപത്രി | ആയൂർവ്വേദം | വാടക | 4 | 1991 | ഇല്ല | 13580 | 13580 | |
| R.V. ആശുപത്രി | ആയൂർവ്വേദം | സ്വന്തം | 1 | 1968 | 27 | 2200 | 2227 | |
| ലക്ഷ്മി ആശുപത്രി | ആയൂർവ്വേദം, അലോപ്പതി | സ്വന്തം | 4 | 1985 | 2000 | 12200 | 14200 | |
| റോയൽ ആശുപത്രി | അലോപ്പതി | വാടക | 2 | 1995 | 5000 | 13490 | 18490 | |
| മെഡിക്കൽ ട്രൈസ്റ്റ് | അലോപ്പതി | വാടക | 2 | 1995 | 500 | 4000 | 4500 | |
| പുലരി ആശുപത്രി | ഹോമിയോ | വാടക | 1 | 1996 | ഇല്ല | 1235 | 1235 | 1995-96 |

**കക്കൂസുകളുടെ ഉപയോഗം**

| ഇനം | തുറസ്സായ സ്ഥലം | കുഴി കക്കൂസുകൾ | ഒറ്റക്കുഴി കക്കൂസുകൾ | ഇരട്ടക്കുഴി കക്കൂസുകൾ | സെപ്റ്റിക് ടാങ്കുകൾ | പൊതു കക്കൂസുകൾ |
|---|---|---|---|---|---|---|
| ഉപയോഗിക്കുന്ന വീടുകൾ | 2823 | 20 | 1129 | 41 | 20 | ഇല്ല |

| തൊഴുത്ത് | | കമ്പോസ്റ്റ് കുഴി | | വൈദ്യുതി | |
|---|---|---|---|---|---|
| വീടിനോട് ചേർന്ന് | പ്രത്യേകിച്ച് | ഉള്ളത് | ഇല്ലാത്തത് | വൈദ്യുതീകരിച്ചവ | അല്ലാത്തവ |
| 45 | 580 | 625 | 3408 | 2860 | 1233 |

# 11. കുടിവെള്ളം

**ഈ** പഞ്ചായത്തിന്റെ വിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗം നെയ്യാർ ജലാശയമാണെങ്കിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം പല പ്രദേശങ്ങളിലും രൂക്ഷമായി അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഉയർന്ന പ്രദേശങ്ങളായ പാങ്കാട്, പള്ളിവേട്ട, തേക്കുവിളക്കുന്ന്, വ്ലാവെട്ടി, മരക്കുന്നം, കാളിപാറ, പെട്ടിപ്പാറ, ചെറുവാളക്കോണം, നെട്ടുകാൽത്തേരി (ഏറെ തേവൻകോട്), പുതുമൂട്ടുമുറി കോളനി എന്നീ പ്രദേശങ്ങൾ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്.

വർഷകാലത്ത് മലമടക്കുകളിൽ നിന്നുള്ള മലവെള്ളപ്പാച്ചിൽ തടഞ്ഞുനിറുത്തി വേനലിൽ കൃഷിക്ക് ഉപയുക്തമാക്കുന്നതിനുവേണ്ടിയാണ് ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് നെയ്യാർ ജലസേചനപദ്ധതി ആരംഭിച്ചത്. എന്നാൽ ഈ അണക്കെട്ട് നമ്മുടെ ഗ്രാമത്തിൽ ഉപകാരങ്ങളോടൊപ്പം ഉപദ്രവങ്ങളും വർഷകാലത്ത് വരുത്തിവയ്ക്കാറുണ്ട്.

നെയ്യാർ റിസർവ്വോയറിലെ സംഭരണശേഷി പകുതിയോളം നശിച്ചുകഴിഞ്ഞു. റിസർവ്വോയറിലെ സംഭരണശേഷിക്കുറവ് വേനൽക്കാലത്ത് കൃഷിക്കാവശ്യമായ വെള്ളംലഭിക്കാതെ കൃഷി നശിക്കുന്നതിന് ഇടയാകുന്നു. വർഷകാലത്ത് വെള്ളപ്പൊക്കംമൂലവും കൃഷിനശിക്കുന്നു.

## ജലസ്രോതസ്സുകൾ

ഈ പഞ്ചായത്തിൽ ഒരു നദിയും, 6 കുളങ്ങളും, 398 സാധാരണ കിണറുകളും, 13 കുഴൽക്കിണറുകളും,പാങ്ങപ്പാറ മിനി വാട്ടർ സപ്ളൈ സ്കീമും, പൊതുവിതരണത്തിനായി 37 ടാപ്പുകളും ഉണ്ട്. ഇത് ഈ പഞ്ചായത്തിൽ വളരെ അപര്യാപ്തമാണ്. കൂടുതൽ പൊതുവിതരണ ടാപ്പുകൾ അനുവദിക്കുന്നതിലൂടെ മാത്രമേ റോഡ്വക്കിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയുള്ളു. ഈ പഞ്ചായത്തിലെ ഉയരംകൂടിയ പ്രദേശങ്ങളിലും, പാറയുള്ള പ്രദേശങ്ങളിലും കിണർ കുഴിച്ചാൽ വെള്ളംലഭിക്കാറില്ല.

## സാദ്ധ്യതകൾ

1. ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മിനിവാട്ടർ സപ്ളൈ സ്കീം നടപ്പിലാക്കുവാൻ സാദ്ധ്യതകൾ ഉണ്ട്.
2. കണ്ടംതിട്ടയിലെ കുരഞ്ചിമം കുളംനന്നാക്കി ജലം പമ്പുചെയ്ത് കയറ്റിയാൽ തേക്കുവിളക്കുന്ന്, പൊട്ടൻതോട്ടം, പെട്ടിപ്പാറ, മുതുമല, ഇടവാച്ചൽ എന്നിവിടങ്ങളിലെഏകദേശം 300-ഓളം വീടുകൾക്ക് കുടിവെള്ളം എത്തിക്കുവാൻ കഴിയും.
3. വ്ലാവെട്ടിയിൽ മില്യൻവെൽ പദ്ധതിപ്രകാരം നിർമ്മിച്ച കുളത്തിന്റെ പണി പൂർത്തിയാക്കി നെല്ലിക്കുന്നിൽ എത്തിച്ച് വിതരണംചെയ്താൽ ആദിവാസിക്കോളനിയിലെ മുഴുവൻ നിവാസികൾക്കും, പരിസരവാസികൾക്കുമുള്ള കുടിവെള്ളം ലഭ്യമാകും.
4. നെയ്യാർ റിസർവ്വോയറിൽനിന്നും ജലം പമ്പുചെയ്ത് ഫോറസ്റ്റ് ഓഫീസ് കുന്നിൽ എത്തിച്ചാൽ തൂറിപ്പാറ, മരക്കുന്നം തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.
5. നിരപ്പുക്കാല, ചാമവിളപ്പുറം, പെട്ടിപ്പാറ, തേക്കുവിള, പള്ളിവേട്ട, ഏറെതേവൻകോട്, ഉലയൻകോണം, പാങ്കാട്, മുണ്ടവൻകുന്ന്, പുലിക്കുഴി, ചെറുവാളക്കോണം, വട്ടപ്പള്ള് എന്നിവിടങ്ങളിൽ മിനി വാട്ടർ സപ്ളൈ സ്കീം നടപ്പിലാക്കുന്നതിന് ആവശ്യമായ ജലസ്രോതസ്സുകളും,സ്ഥലസൗകര്യങ്ങളും ഉണ്ട്.
6. മൈലക്കര വാട്ടർസപ്ളൈ സ്കീമിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും, പൈപ്പ്ലൈൻ നീട്ടുകയും ചെയ്താൽ കൂടുതൽ ശുദ്ധജലവിതരണം നടത്തുവാൻ കഴിയും.

## നിർദ്ദേശങ്ങൾ

1. നെതർലെന്റ് ഗവൺമെന്റ് സഹായത്തോടുകൂടി 12 കോടി രൂപ ചെലവുചെയ്ത് കാളിപാറയിൽ ഒരു വാട്ടർ സപ്ളൈ സ്കീം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ചെയ്തു. എന്നാൽ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ പദ്ധതി നടപ്പിലാക്കിയാൽ നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിലെ ഏകദേശം 10 പഞ്ചായത്തുകൾക്കുള്ള കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയും. നെയ്യാർ റിസർവ്വോയറാണ് ഇതിനുള്ള ജലസ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റിസർവ്വോയർ ഇറിഗേഷൻവകയായതിനാൽ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള സാങ്കേതിക തർക്കങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു.
2. പഞ്ചായത്തിലെ ഉയരംകൂടിയ പ്രദേശമായ തേക്കുവിളക്കുന്നിൽ ഒരു മിനി വാട്ടർ സപ്ളൈ സ്കീം നടപ്പാക്കുന്നതിന് മുൻഗണന നൽകണം
3. വേനൽക്കാലത്ത് വരൾച്ച ബാധിക്കുന്ന പൊതുകിണറുകളും, സ്വകാര്യവ്യക്തികളുടെ (ദരിദ്രരായിട്ടുള്ളവർ) കിണറുകളും ആഴംകൂട്ടണം.
4. നിലവിലുള്ള നീരുറവകൾ സംരക്ഷിച്ച് കുടിവെള്ളം ഉപയോഗ യോഗ്യമാക്കണം.
5. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ പൊതുകിണറുകൾ കുഴിക്കണം.
6. നിലവിലുള്ള കുഴൽകിണറുകൾ കേടുപാടുകൾതീർത്ത് ഉപയോഗയോഗ്യമാക്കണം.
7. ഈ പഞ്ചായത്തിലെ മുഴുവൻ കോളനികളിലും കുടിവെള്ളം അടിയന്തിരമായി ലഭ്യമാക്കണം.
8. പാങ്ങപ്പാറ ലക്ഷംവീട് കോളനിയിൽ നിലവിലുള്ള വാട്ടർസപ്ളൈ സ്കീം വികസിപ്പിക്കണം.
9. മൈലക്കര വാട്ടർ സപ്ളൈ സ്കീമിന് പുതുതായി ഒരു ടാങ്ക് നിർമ്മിക്കണം.
10. പള്ളിവേട്ട കോളനിയിൽ ഒരു മിനി വാട്ടർ സപ്ളൈ സ്കീം നടപ്പിലാക്കണം.
11. ചെറുവാളക്കോണം ലക്ഷംവീട്കോളനിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു മിനി സപ്ളൈ സ്കീം നടപ്പിലാക്കണം.

## കുടിവെള്ള സ്രോതസ്സ്

| സ്രോതസ്സുകൾ | എണ്ണം |
|---|---|
| സാനിട്ടറി വെൽ | 13 |
| സാധാരണ കിണർ | 398 |
| കുളം | 6 |
| നദി | 1 |
| പൈപ്പ് | 35 |
| പൊതുവിതരണം | 37 ടാപ്പുകൾ |

| വാർഡ് | ശുചീകരണാ വശ്യത്തിനുള്ള ജീവനക്കാർ | മൂത്ര പുരകൾ | കക്കൂസുകൾ | പൈപ്പ് പൊതു ടാപ്പുകൾ | വെള്ളം ഹൗസ് കണക്ഷൻ | പൊതു കുഴൽ കിണർ | പൊതു കിണൽ | കുളിക്കട വുകൾ | ശ്മശാനങ്ങൾ | അറവു ശാലകൾ | മാലിന്യം നിക്ഷേപിക്കാനുള്ള സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഇല്ല | ഇല്ല | 200 | 5 | ഇല്ല | 1 | 4 | 3 | ഇല്ല | ഇല്ല | ഇല്ല |
| 2 | ഇല്ല | ഇല്ല | 295 | 8 | ഇല്ല | 2 | 5 | 6 | ഇല്ല | 1 | 1 |
| 3 | ഇല്ല | 1 | 240 | 8 | 7 | 1 | 5 | 9 | 1 | ഇല്ല | ഇല്ല |
| 4 | ഇല്ല | ഇല്ല | 254 | ഇല്ല | 28 | 2 | 8 | 6 | ഇല്ല | ഇല്ല | 1 |
| 5 | ഇല്ല | ഇല്ല | 191 | ഇല്ല | ഇല്ല | 4 | 1 | 2 | ഇല്ല | ഇല്ല | ഇല്ല |
| 6 | ഇല്ല | ഇല്ല | 186 | 4 | ഇല്ല | 1 | 4 | 1 | 1 | ഇല്ല | ഇല്ല |
| 7 | ഇല്ല | ഇല്ല | 172 | 4 | ഇല്ല | ഇല്ല | 1 | 10 | ഇല്ല | ഇല്ല | ഇല്ല |
| 8 | ഇല്ല | ഇല്ല | 317 | 8 | ഇല്ല | 2 | 5 | 7 | ഇല്ല | ഇല്ല | ഇല്ല |

# 12. വിദ്യാഭ്യാസം



## ആമുഖം

മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിന് പ്രാണവായുവിനുള്ള പങ്കാണ് കെട്ടുറപ്പുള്ള ഒരു രാഷ്ട്രനിർമ്മിതിയിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്. രാജ്യസ്നേഹം, ഉത്തമമായ പൗരബോധം, വ്യക്തിപരമായ ഉയർച്ച, സുവ്യക്തമായ ലക്ഷ്യബോധം എന്നിവയൊക്കെ വിദ്യാഭ്യാസംകൊണ്ടുമാത്രം ആർജ്ജിക്കുവാൻ കഴിയുന്നതാണ് എന്നുള്ളത് പണ്ടേ തർക്കമറ്റ വസ്തുതയാണ്. നിർഭാഗ്യവശാൽ നമ്മുടെ വിദ്യാഭ്യാസസംസ്കാരംതന്നെ ഘടകവിരുദ്ധമായി മാറിക്കൊണ്ടിരിക്കുന്നു. ഈ സ്ഥിതിവിശേഷം അത്യന്തം ആശങ്കയോടെ നോക്കിക്കണ്ട് ക്രിയാത്മകമായ പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടത് ഓരോ വിദ്യാഭ്യാസപ്രവർത്തകന്റെ എന്നല്ല ഓരോരുത്തരുടേയും കടമയാണ്. ഇത്തരം ആപത്കരമായ സ്ഥിതിഗതികൾക്ക് കാരണം നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ വിചക്ഷണന്മാരുടെ വീക്ഷണത്തിൽവന്ന അപാകതയാണെന്ന് ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ എല്ലാ മനുഷ്യരിലും എത്തിക്കുവാനും അവ ശരിയായ തോതിൽ ഉപയോഗപ്പെടുത്തുവാനും; അതിലൂടെ അർപ്പണബോധവും, രാജ്യസ്നേഹവും ഉള്ള ഒരു പുത്തൻ തലമുറയെ വാർത്തെടുക്കുവാനും ഈ 9-ാം പദ്ധതിക്ക് കഴിയട്ടെ!.

## ചരിത്രപശ്ചാത്തലം

20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ അതായത് 1910-ൽ ചെറുവാളക്കോണം പ്രദേശത്ത് ബ്രിട്ടീഷുകാർ സ്ഥാപിച്ച 'വെർണ്ണാക്കുലർ വേടർ പ്രൈമറി സ്കൂൾ' (ഇന്നത്തെ സെന്റ് അന്നാസ് എൽ.പി. എസ്) ആണ് ഈ പ്രദേശത്തെ പ്രഥമ വിദ്യാഭ്യാസസ്ഥാപനം. തികച്ചും മലയോരപ്രദേശമായിരുന്നു ഈ സ്ഥലം എന്നത് മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാകുന്നതിനും, അതേപ്പറ്റി ചിന്തിക്കുന്നതിനും ഇടനൽകാത്തത് ആയിരുന്നു. 1932-ൽ മൈലക്കര ഭാഗത്തുവന്ന ലൂഥറൻ എൽ.പി. എസ് ആണ് ഈ മേഖലയിലെ രണ്ടാമത്തെ വിദ്യാഭ്യാസ സ്ഥാപനം. ഇവ രണ്ടുംതന്നെ പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യമാക്കിമാത്രം ആരംഭിച്ചവയാണ്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് അന്ന് കാട്ടാക്കട ഹൈസ്കൂൾ ആണ് ഉന്നത പഠനകേന്ദ്രമായി ആശ്രയിക്കാൻ ഉണ്ടായിരുന്നത്. തുടർന്ന് സ്വതന്ത്ര ഇന്ത്യയിൽ 1964-കാലഘട്ടത്തിൽ കള്ളിക്കാട്പഞ്ചായത്ത് രൂപംകൊണ്ടതോടെയാണ് ഇവിടത്തെ വിദ്യാഭ്യാസരംഗത്ത് അല്പം ഒരു പുരോഗതി കണ്ടുതുടങ്ങിയത്. പോരായ്മകൾ ഏറെയുണ്ടെങ്കിലും സുഗമമായ ഒരു വിദ്യാഭ്യാസ അന്തരീക്ഷം ഇന്നീ പഞ്ചായത്തിൽ ഉണ്ട്.

## ഔപചാരിക വിദ്യാഭ്യാസം

### A. സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഹൈസ്കൂളും, ഒരു മാനേജ്മെന്റ് ഹൈസ്കൂളും, ഒരു മാനേജ്മെന്റ് യു.പി. സ്കൂളും, മൂന്ന് മാനേജ്മെന്റ് എൽ.പി. സ്കൂളും, രണ്ട് ഗവൺമെന്റ് എൽ.പി.എസും, രണ്ട് സ്വകാര്യ കിന്റർഗാർഡനും സ്ഥിരമായി പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ-തുടങ്ങിയ വിവരങ്ങൾ പട്ടിക 1Aൽ രേഖപ്പെടുത്തിയിരിക്കുന്നു.

1995-ലെ എസ്റ്റിമേറ്റ്സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 13,447 ആണ്. 1778 ഹെക്ടർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ സ്കൂളുകൾ തമ്മിലുള്ള അകലം 3 k.m.-ൽ കൂടുതലാണ്.

### പഞ്ചായത്തിലെ സ്കൂളുകൾ

1. സെന്റ് അന്നാസ് എൽ.പി.എസ്, കള്ളിക്കാട് (സ്വകാ:)
2. ലൂഥറൻ എൽ.പി.എസ്, മൈലക്കര (സ്വകാ:)
3. വാവോട് എൽ.പി.എസ് (സ്വകാ:)
4. ട്രൈബൽ എൽ.പി.എസ്, റ്റ്ലാവെട്ടി (ഗവ:)
5. മൈലക്കര യു.പി.എസ് (സ്വകാ:)
6. നെയ്യാർഡാം എച്ച്.എസ് (ഗവ:)
7. വാവോട് എച്ച്. എസ് (സ്വകാ:)
8. സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (അൺ എയ്ഡഡ്), വാവോട്.

ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ലാത്ത ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഉന്നത പഠനത്തിനായി കാട്ടാക്കട, തിരുവനന്തപുരം, ധനുവച്ച

പുരം എന്നിവിടങ്ങളിലെ കോളേജുകളേയും, പാരലൽ കോളേജുകളേയുമാണ് ആശ്രയിച്ചുവരുന്നത്.

വിദ്യാഭ്യാസകാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിജ്ഞാനവേദി, വിദ്യാജ്യോതി, ഡിസ്ട്രിക്ട് പ്രൈമറി എഡ്യുക്കേഷൻ പ്രോഗ്രാം (DPEP), എസ്.എസ്.എൽ.സി വിജയശതമാനം ഉയർത്തൽ, പ്രൈമറിതലത്തിൽ ഉച്ചക്കഞ്ഞിക്ക് ധനസഹായം, വിദ്യാലയങ്ങളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

പഞ്ചായത്തിലെ സ്കൂളുകളുടെ അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത പട്ടിക 1B ലും, സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പട്ടിക 1C യിലും, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്ഥിതിവിവര കണക്കുകൾ പട്ടിക 1Aയിലും, സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം പട്ടിക 2Aയിലും സ്കൂളുകളുടെ സംക്ഷിപ്ത വിവരം പട്ടിക 2Bയിലും കൊടുത്തിരിക്കുന്നു.

## B. ഭൗതിക സാഹചര്യങ്ങൾ

കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. അല്പമെന്തെങ്കിലും മെച്ചം നെയ്യാർഡാം ഗവൺമെന്റ് എച്ച്. എസ്സിലേത് മാത്രമാണ്. എങ്കിലും ആവശ്യമായ ബ്ലാക്ക് ബോർഡുകളോ, കളിസ്ഥലമോ, പഠനസഹായികളോ ഇല്ല. നിലവിൽ ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങൾ ഈ സ്കൂളിൽ ഉണ്ടെങ്കിലും മിക്കവാറും എല്ലാം പ്രവർത്തനരഹിതമാണ്. പഞ്ചായത്തിലെ എല്ലാ എയ്ഡഡ് വിദ്യാലയങ്ങളും തുലോം പരിമിതമായ സാഹചര്യങ്ങളിലാണ് നിലകൊള്ളുന്നത്.

## C. P.T.A

ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും P.T.A കളും മാതൃസംഗമങ്ങളും ഉണ്ടെങ്കിലും കാര്യക്ഷമമായി ഇവ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല എന്നുതന്നെ പറയണം. സമൂഹത്തിന്റേയും, രാജ്യത്തിന്റേയുംസമ്പത്തിനെ സൃഷ്ടിക്കുന്നിടമാണ് വിദ്യാലയമെന്നും, അവ ആഗമാനം നാടിന്റെ ഏറ്റവും പ്രിയപ്പെട്ട സ്വത്താണ് എന്ന് കാണുന്നതിനും നമ്മുടെ P.T.A പ്രവർത്തകർ സങ്കുചിത ചിന്തകൾ വിട്ട് ഉണർന്നേ പറ്റൂ. പേരിനുവേണ്ടിയുള്ള മാതൃസംഗമങ്ങൾ മിക്കവാറും എല്ലാ വിദ്യാലയങ്ങളിലും നിലവിൽ ഉണ്ടെങ്കിലും രക്ഷിതാക്കൾക്കും, അദ്ധ്യാപകർക്കും, പൊതുപ്രവർത്തകർക്കും അവയുടെ അനിവാര്യതയെക്കുറിച്ചുള്ള ചിന്ത ഉണ്ടോ എന്ന് സജീവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ രംഗത്ത് അദ്ധ്യാപകരുടേയും, രക്ഷിതാക്കളുടേയും, സമൂഹത്തിന്റേയും ഇടയിൽ കാര്യമായ ബോധവൽക്കരണം ആവശ്യമാണ്.

## D. പാഠ്യാനുബന്ധപ്രവർത്തനങ്ങൾ

നാമമാത്രമായ പാഠ്യാനുബന്ധപ്രവർത്തനങ്ങൾ മാത്രമേ നമ്മുടെ വിദ്യാലയങ്ങളിൽ നടക്കുന്നുള്ളൂ. വേണ്ടത്രസൗകര്യങ്ങളുള്ള നെയ്യാർഡാം ഗവ: എച്ച്.എസ്-ൽപ്പോലും നന്നായി പ്രവർത്തിച്ചിരുന്ന പല പ്രവർത്തനങ്ങളും ഇന്ന് സ്തംഭനാവസ്ഥയിലാണ്. മറ്റ് സ്കൂളുകലിലെ പ്രവർത്തനങ്ങൾ എല്ലാംതന്നെ സബ്ജില്ലാതലത്തിലും, ജില്ലാതലത്തിലും ഉള്ള മത്സര ഇനങ്ങൾ ഉണ്ടാക്കി സ്കൂളിന്റെ സൽപ്പേരുണ്ടാക്കുക എന്നതിലുപരി കാര്യമായി അതിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് എത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും ഇവയ്ക്കുവേണ്ട ഭൗതിക സൗകര്യങ്ങളുടെ പോരായ്മകളുണ്ട്. ഇതു തരണംചെയ്തുകൊണ്ട് മാത്രമേ വിജയിക്കുവാൻ കഴിയൂ. അതിന് സമൂഹത്തിന്റെ മുഴുവൻ സാന്നിദ്ധ്യവും അനിവാര്യമാണ്.

## E. പാഠ്യേതര പ്രവർത്തനങ്ങൾ

വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ പ്രവർത്തനങ്ങൾ യുവജനോത്സവവേദികളിൽ ഇടം കാണാനും കായിക മാമാങ്കങ്ങളിൽ തലകാണിക്കാനും എന്നതിലുപരിയായി വളരേണ്ടിയിരിക്കുന്നു. കായികരംഗത്ത് ഏറെ സാദ്ധ്യതക ഉള്ള മലയോരപ്രദേശമായ നമ്മുടെ ഗ്രാമം ഇനിയും ഉണർന്ന് എണീക്കേണ്ടിയിരിക്കുന്നു. N.C.C ഗൈഡ്സ്, ചില നീന്തൽ താരങ്ങൾ എന്നതിലുപരി നാം ഇനിയും വളർന്നിട്ടില്ല. മിക്ക വിദ്യാലയങ്ങളിലേയും ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തതയും താല്പര്യമുള്ളവരുടെ അലംഭാവവും അധികൃതരുടെ ആത്മാർത്ഥക്കുറവും മാറിയേ മതിയാകൂ.

## F. അനൗപചാരിക വിദ്യാഭ്യാസം

(a) **ദേശീയ പ്രസ്ഥാനം:** സാമൂഹ്യ-വിദ്യാഭ്യാസ പിന്നോക്കാവസ്ഥമൂലം ദേശീയപ്രസ്ഥാനത്തിന് ഗ്രാമവാസികളിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞില്ല. സമൂഹത്തിന്റെ മുഖ്യധാരയിലുണ്ടായിരുന്ന വിദ്യാസമ്പന്നരായ ചില വ്യക്തികളിൽമാത്രം അവ ഒതുങ്ങി. സ്വാതന്ത്ര്യത്തിന്റെപേരിൽ ഊറ്റംകൊള്ളുന്ന ഇന്നത്തെ തലമുറക്ക് അഭിമാനിക്കാവുന്ന നേട്ടം ഉണ്ടാക്കിത്തന്നതിൽ ഈ വ്യക്തികളുടെ പങ്ക് നിർണ്ണായകമാണ്. അവരിൽ പലരുംതന്നെ വിദ്യാഭ്യാസ പ്രവർത്തകരോ, അദ്ധ്യാപകരോ ആയിരുന്നു. ശ്രീ. V.P. കൃഷ്ണപിള്ളസാർ, ശ്രീ. ശാമുവൽസാർ തുടങ്ങിയവർ ഉദാഹരണം.

**(b) നവോത്ഥാനപ്രസ്ഥാനം:** ദേശീയ പ്രസ്ഥാനത്തിനെന്നപോലെതന്നെ നവോത്ഥാന പ്രസ്ഥാനത്തിനും കാര്യമായ സ്വാധീനം ഗ്രാമീണജനതയിൽ ചെലുത്തുവാൻ

കഴിഞ്ഞിരുന്നില്ല. നിത്യജീവിതത്തിന്റെ കഷ്ടപ്പാടിനിടയിലും സാമൂഹിക പിന്നോക്കാവസ്ഥയിലും അവർക്കത് കഴിയാതെ പോയതായിരിക്കാം പ്രധാന കാരണം. അവരെ നയിക്കാൻ ഒരു മാതൃകാപുരുഷൻ ഈ ഗ്രാമത്തിൽ ഇല്ലാതെപോയതും ഇതിനൊരു കാരണമാകാം.

**(c) വായനശാലകൾ:** ഒരു ഗ്രാമത്തിന്റെ തനത് സാംസ്കാരിക വിദ്യാഭ്യാസ നിലവാരത്തെ ഉയർത്തി കാണിക്കുന്നതാണ് വായനശാലകളും, വായനശാലാ പ്രവർത്തനങ്ങളും. കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ വായനശാലാപ്രവർത്തനങ്ങൾ വളരെ വൈകിയാണ് ആരംഭിച്ചത് എന്നുതന്നെ പറയാം. കള്ളിക്കാട് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന നവജീവൻ ഗ്രന്ഥശാലയാണ് എടുത്തു പറയത്തക്കത്. പെരുംകുളങ്ങര കേന്ദ്രമായി ഇടക്കാലത്ത് പ്രവർത്തിച്ചിരുന്ന ദീപാ ആർട്സ് & കൾച്ചറൽ സൊസൈറ്റിയും വ്യക്തികളിൽ വായനാശീലം വളർത്തുന്നതിന് സഹായിച്ചിരുന്നു. നവജീവൻ ഗ്രന്ഥശാലയിലൂടെ വളർന്നുവന്ന കള്ളിക്കാടിന്റെതന്നെ അഭിമാനമായിമാറിയ പ്രശസ്ത സിനിമാപ്രവർത്തകനും എഴുത്തുകാരനുമായ ശ്രീ. കള്ളിക്കാട് രാമചന്ദ്രന്റെ പേര് ഇവിടെ എടുത്തുപറയേണ്ടതാണ്. ഇന്ന് നവജീവൻ ഗ്രന്ഥശാലയുടെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുന്നു. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു ഗ്രന്ഥശാല നമ്മുടെ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ഗ്രാമകേന്ദ്രങ്ങളിൽ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ചെറുഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നു. നാടിന്റെ ഇളംതലമുറയുടെ വായനാശീലം വളർത്തുന്നതിന് ഇത് സഹായകമാണ്. ഇതിന്റെ ഫലമായി യുവ സാഹിത്യപ്രവർത്തകർ നമ്മുടെയിടയിൽ വളർന്നുവരുന്നുമുണ്ട്. എങ്കിലും പഞ്ചായത്തിലെ വായനശാലാ പ്രവർത്തനം കാര്യക്ഷമമായി ഉയരേണ്ടിയിരിക്കുന്നു.

**(d) സാക്ഷരതാ പ്രവർത്തനം:** കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ പൊതു താല്പര്യത്തെ ലക്ഷ്യമാക്കിക്കൊണ്ട് ജന പങ്കാളിത്തത്തോടെയുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമായിരുന്നു സാക്ഷരതാപ്രസ്ഥാനത്തിന് ഉണ്ടായിരുന്നത്. സാക്ഷരതാപ്രവർത്തനങ്ങളിലെ എല്ലാ ഘട്ടങ്ങളിലും ഈ പങ്കാളിത്തവും, സന്നദ്ധ പ്രവർത്തനവും ഉറപ്പാക്കുന്നതിന് കഴിഞ്ഞു എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ വിജയം. തുടർന്ന് സാക്ഷരതാപ്രവർത്തനത്തിന് നേതൃത്വം നൽകുവാൻ ഭാഗികമായ വേതനത്തോടെ പ്രവർത്തിക്കുന്ന ഒരു പഞ്ചായത്തുതല കോ-ഓർഡിനേറ്റർ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. തുടർസാക്ഷരതാപ്രവർത്തനത്തിനായി ആരംഭിച്ച ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടില്ല. തുടർസാക്ഷരതാ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് സമൂഹത്തിന്റെ സജീവ സാന്നിദ്ധ്യം അനിവാര്യമാണ്.

## G. സമാന്തര വിദ്യാലയങ്ങൾ

മത്സരാധിഷ്ഠിതമായ പ്രവർത്തനം നടത്തുന്ന രണ്ട് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളതുതന്നെയാണ് ഈ ഗ്രാമത്തിന്റെ ചെറിയതോതിലുള്ള വിദ്യാഭ്യാസ പുരോഗതിക്ക് പ്രധാന കാരണം. മിതമായ ഭൗതിക സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതുപോലെതന്നെ നാട്ടിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ചെറിയതോതിലെങ്കിലും അദ്ധ്യാപനരംഗത്ത് സഹായിക്കുകയും ചെയ്യുന്നു. സ്കൂൾ ക്ലാസ്സുകളുടെ സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഇവ. സമൂഹത്തിന്റെ പൊതുവിലുള്ള പിന്നോക്കാവസ്ഥ ഇവയിലും ദൃശ്യമാണ്.

## H. സാങ്കേതിക വിദ്യാലയങ്ങൾ

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ഒരു തയ്യൽ പരിശീലനകേന്ദ്രവും (നെയ്യാർഡാം), ആദിവാസികൾക്കായുള്ള ഒരു നൂൽനൂല്പ് പരിശീലനകേന്ദ്രവും ഒഴിച്ചാൽ അസംഖ്യം തൊഴിൽരഹിതരുള്ള ഈ ഗ്രാമത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ മറ്റൊന്നുംതന്നെ ഇല്ല. തൽഫലമായി നിലനിൽക്കുന്ന തൊഴിലില്ലായ്മ അത്യന്തം ആശങ്കാജനകമാണ്.

## നിർദ്ദേശങ്ങൾ

സാങ്കേതിക വിദ്യാഭ്യാസം നൽകിയാൽ മാത്രമേ തൊഴിലില്ലായ്മക്ക് ഒരു പരിഹാരം കാണുവാൻ കഴിയുകയുള്ളൂ.

1. ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന റബ്ബറിനെ ബന്ധപ്പെടുത്തിയുള്ള വ്യവസായത്തിനുതകുന്ന സാങ്കേതികസഹായം ലഭ്യമാക്കാൻ കേന്ദ്രങ്ങൾ ഉണ്ടാകണം.
2. കൂൺകൃഷിയെ വ്യാപിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകാൻ കഴിയണം.
3. കൃഷിയെ അധികരിച്ചുള്ള ഒരു V.H.S.C സ്ഥാപനമോ, ഹയർസെക്കന്ററി വിദ്യാലയമോ അടിയന്തിരമായി ഗ്രാമപഞ്ചായത്തിൽ ഉണ്ടാകണം.
4. പെൺകുട്ടികൾക്ക് പരിശീലനംനൽകാൻ വേണ്ട തയ്യൽപരിശീലന കേന്ദ്രങ്ങൾ ഉണ്ടാകണം.
5. ഫിഷറീസ് മേഖലക്ക് വളരെ സാദ്ധ്യത ഉള്ളതുകൊണ്ട് ഒരു ഉൾനാടൻ ഫിഷറീസ് ടെക്നോളജി സ്കൂൾ സ്ഥാപിക്കണം.
6. ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളുടെ അനന്ത സാദ്ധ്യതകളെ കണ്ടറിയുന്നതിനും, അവയുടെ സാങ്കേതിക വശങ്ങൾ അഭ്യസിക്കുന്നതിനും അതിലൂടെ പുതിയ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും പുന

യിലെ ഫിലിം & ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (F.T.I) മാതൃകയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

7. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
8. നെയ്യാർഡാം സ്കൂളിൽ തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിദ്യാഭ്യാസം ആരംഭിക്കണം.
9. നെയ്യാർഡാം കേന്ദ്രമാക്കി ഒരു ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കണം.
10. നെയ്യാർഡാം സ്കൂൾ കേന്ദ്രീകരിച്ച് ഒരു പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് സ്ഥാപിക്കണം.
11. പഞ്ചായത്തിൽ S.S.L.C വരെയുള്ള വിദ്യാഭ്യാസം നിർബന്ധമാക്കണം.
12. വിദ്യാർത്ഥികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കണം.
13. നിർദ്ധന വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ കഴിയാതെവന്നാൽ ഗ്രാമപഞ്ചായത്ത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തികസഹായം നൽകണം.
14. പ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമാക്കുവാൻ കണ്ടംതിട്ടയിലും, ഉലയൻകോണത്തും പ്രൈമറിസ്കൂളുകൾ സ്ഥാപിക്കണം.
15. പ്ലാവെട്ടി ട്രൈബൽ എൽ.പി.എസ്-നെ യു.പി.എസ് ആയി ഉയർത്തണം.
16. പ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് രോഗപ്രതിരോധ പദ്ധതിയും, പോഷകാഹാര ലഭ്യതയും ഉറപ്പുവരുത്തണം.
17. നെയ്യാർഡാം ഹൈസ്കൂളിലെ ആഡിറ്റോറിയം മെയിന്റനൻസ് ചെയ്യണം.
18. നെയ്യാർഡാം നീന്തൽപരിശീലനകേന്ദ്രം വികസിപ്പിക്കണം. മൈലക്കരയിലെ വലിയകുളം നീന്തൽക്കുളമാക്കി മാറ്റണം.
19. നെയ്യാർഡാമിൽ ഒരു പർവ്വതാരോഹണ പരിശീലനകേന്ദ്രം സ്ഥാപിക്കണം.

പട്ടിക 1 A

| നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | S.C/S.T ആൺ | S.C/S.T പെൺ | ആകെ | അനുവദിച്ച പോസ്റ്റുകൾ | നിലവിലുള്ളവർ | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| 1 | സെന്റ് അന്നാസ് L.P.S,കള്ളിക്കാട് | 134 | 107 | 241 | 18 | 12 | 30 | 7 | 7 | ഇല്ല |
| 2 | ലൂഥറൻ L.P.S., കള്ളിക്കാട് | 124 | 139 | 263 | 6 | 7 | 13 | 6 | 6 | ഇല്ല |
| 3 | L.P.S., വാവോട് | 134 | 140 | 274 | 15 | 13 | 28 | 8 | 8 | ഇല്ല |
| 4 | ഗവ: ട്രൈബൽ L.P.S., വ്ളാവെട്ടി | 72 | 71 | 143 | 27 | 20 | 47 | 5 | 5 | ഇല്ല |
| 5. | U.P.S. മൈലക്കര | 254 | 190 | 424 | 34 | 31 | 65 | 17 | 17 | ഇല്ല |
| 6 | ഗവ: H.S.,നെയ്യാർ ഡാം | 400 | 403 | 803 | 60 | 53 | 113 | 28 | 27 | 1 |
| 7 | H.S., വാവോട് | 258 | 233 | 491 | 4 | 2 | 6 | 25 | 25 | ഇല്ല |

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല | ലബോറട്ടറി ഉണ്ട്/ഇല്ല | മാപ്പുകൾ ഉണ്ട്/ഇല്ല | റേഡിയോ ഉണ്ട്/ഇല്ല | ടേപ്പ്റിക്കാർഡർ ഉണ്ട്/ഇല്ല | ടി.വി.സെറ്റ് ഉണ്ട്/ഇല്ല | സിനിമാപ്രൊജക്ടർ ഉണ്ട്/ഇല്ല | VCR/VCP | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ലഭിച്ച അധ്യയന ദിവസം | നഷ്ടപ്പെട്ട അധ്യയനദിവസം | പ്രത്യേക ആവശ്യമുള്ളം | മാതൃസംഗമം | ക്ലാസ് പി.റ്റി.എ. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. സെന്റ് അന്നാസ് L.P.S., | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 192 | ഇല്ല | ഇല്ല | സജീവം | നിലവിലില്ല |
| 2. ലൂഥറൻ L.P.S.,മൈലക്കര | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 192 | ഇല്ല | ഇല്ല | സജീവം | നിലവിലില്ല |
| 3. L.P.S., വാവോട് | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 192 | ഇല്ല | ഇല്ല | സജീവം | നിലവിലില്ല |
| 4. ഗവ: ട്രൈബൽ L.P.S., വ്ളാവെട്ടി. | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 192 | ഇല്ല | 10 | സജീവമല്ല | നിലവിലില്ല |
| 5. U.P.S., മൈലക്കര | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 192 | 3 | 10 | സജീവം | പ്രവർത്തിക്കുന്നു |
| 6. ഗവ: H.S., നെയ്യാർഡാം | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് പ്രവർത്തനം ഇല്ല | ഉണ്ട | ഉണ്ട് | ഉണ്ട് റിപ്പയർ | ഇല്ല | ഉണ്ട് റിപ്പയർ | ഉണ്ട് റിപ്പയർ | ഇല്ല | 189 | 6 | 10 | സജീവം | പ്രവർത്തിക്കുന്നു |
| 7. H.S., വാവോട് | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 192 | 3 | 10 | സജീവമല്ല | പ്രവർത്തിക്കുന്നു |

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം— പട്ടിക 1C

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകൾ | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ആവശ്യമുള്ള മുറികൾ | ഭൂമി ആവശ്യമുണ്ടോ | നിലവിലുള്ള മൂത്രപ്പുര | കുടിവെള്ള സംവിധാനം | വൈദ്യുതി | സ്റ്റാഫ് റൂം | ഇനി ആവശ്യമുള്ളവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താത്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താത്കാലികം | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1. സെന്റ് അന്നാസ് L.P.S., | 7 | 2 | | | 8 | | | ഇല്ല | | 2 | ഉണ്ട്<br>കിണർ | ഉണ്ട് | ഇല്ല | 10 | 10 | 2 | 5 | അലമാര–1 |
| 2. ലൂഥറൻ L.P.S.,മൈലക്കര | 7 | 1 | 1 | | ഹാൾ | ഹാൾ | | 3 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 20 | 4 | 10 | മേശ–2 |
| 3. L.P.S., വാവോട് | 7 | 1 | | | ഹാൾ | | | 4 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 20 | 20 | 4 | 7 | മേശ–3 |
| 4. ഗവ: ട്രൈബൽ L.P.S., വ്ളാവെട്ടി | 4 | 1 | | | ഹാൾ | | | 2 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 30 | | 2 | 7 | അലമാര–2 |
| 5. U.P.S., മൈലക്കര | 11 | 2 | | | | | | 4 | ഉണ്ട് | 2 | ഉണ്ട്<br>പൈപ്പ് | ഉണ്ട് | ഉണ്ട് | 15 | 8 | 3 | 10 | അലമാര–2 |
| 6. ഗവ: H.S., നെയ്യാർഡാം | 22 | 4 | | | 25 | 4 | | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട്<br>പൈപ്പ് | ഉണ്ട് | ഉണ്ട് | 10 | 10 | | | |
| 7. H.S., വാവോട് | 13 | 3 | | | 18 | | | ഇല്ല | ഇല്ല് | 2 | ഉണ്ട്<br>പൈപ്പ് | ഉണ്ട് | | | | | | |

**സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം പട്ടിക II A**

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെരിറ്റ് സ്കോളർ ഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺകുട്ടി കളുടെ സ്കോളർ ഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | ജവാന്മാരുടെ മക്കൾക്കു ള്ള ആനു കൂല്യം | ബീഡി തൊഴിലാളി കുട്ടികൾ ക്കുള്ള സ്കോളർ ഷിപ്പ് | മത്സ്യ തൊഴിലാളി കളുടെ കുട്ടി കൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1 | സെന്റ് അന്നാസ് L.P.S., കള്ളിക്കാട് | – | 24 | ഇല്ല | 3 | – | – | – | – |
| 2 | ലൂഥറൻ L.P.S., മൈലക്കര | 2 | 18 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3. | L.P.S., വാവോട് | – | 19 | ഇല്ല | 2 | – | – | – | – |
| 4 | ഗവ: ട്രൈബൽ L.P.S., വ്ളാവെട്ടി | ഇല്ല | 47 | | – | – | – | – | – |
| 5. | U.P.S., മൈലക്കര | 5 | 65 | 1 | 3 | ഇല്ല | ഇല്ല | ഇല്ല | |
| 6 | ഗവ: H.S., നെയ്യാർഡാം | ഇല്ല | 130 | 16 | 15 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7. | H.S., വാവോട് | ഇല്ല | 63 | 7 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംക്ഷിപ്ത വിവരണം**

| | | |
|---|---|---|
| ആൺകുട്ടികൾ | – | 1376 |
| പെൺകുട്ടികൾ | – | 1083 |
| ആകെ | – | 2459 |
| ഗവ: സ്കൂളുകൾ | – | 2 |
| പ്രൈവറ്റ് സ്കൂളുകൾ | | 5 |
| ആകെ | – | 7 |
| ആകെയുള്ള അദ്ധ്യാപകരുടെ തസ്തിക | – | 96 |
| നിലവിലുള്ള അദ്ധ്യാപകർ | – | 95 |
| ഒഴിവുകൾ | – | 1 |
| ചുറ്റുമതിലുള്ള സ്കൂളുകൾ | – | 1 |
| ഭാഗികമായുള്ളത് | – | 1 |
| ചുറ്റുമതിൽ ഇല്ലാത്തത് | – | 5 |
| മെരിറ്റ് സ്കോളർഷിപ്പ് വാങ്ങുന്ന കുട്ടികൾ | | 8 |
| ലംസംഗ്രാന്റ് വാങ്ങുന്ന കുട്ടികൾ | | 366 |
| മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | – | 24 |
| വികലാംഗ സ്കോളർഷിപ്പ് | – | 26 |

# 13. സംസ്കാരം

ജന്മി-കുടിയാൻ വ്യവസ്ഥയുടേയും, ആദിവാസി സംസ്കാരത്തിന്റേയും ഒരു സങ്കലന സംസ്കാരത്തിൽനിന്നാണ് ഈ പഞ്ചായത്തിന്റെ സാംസ്കാരികചരിത്രം ഉടലെടുക്കുന്നത്. ജാതി-മത സംഘടനകളും ആചാരാനുഷ്ഠാനങ്ങളും ഇവിടത്തെ സംസ്കാരത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിരുന്നു. ജന്മി-കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്നു എങ്കിലും തൊഴിലാളികളെ പീഡിപ്പിച്ചുകൊണ്ടുള്ള ഒരു നയത്തിന് ഇവിടെ പ്രസക്തിയില്ലായിരുന്നു. ഏകദേശം ഈ അടുത്ത കാലംവരേയും അന്ധവിശ്വാസത്തിന്റെപേരിൽ ഭൂവുടമകൾ ആദിവാസിതലവന്മാരെ ഉപയോഗിച്ച് കാർഷികവിഭവങ്ങളെ സംരക്ഷിച്ചുപോരുന്ന ഒരു അവസ്ഥ ഇവിടെ നിലനിന്നിരുന്നു. നല്ലൊരു വിഭാഗം ആദിവാസികൾ വനവിഭവങ്ങൾ സംഭരിച്ച് വിപണനം നടത്തി ഉപജീവനം നടത്തിയിരുന്നു. ചികിത്സാരംഗത്ത് മാന്ത്രിക രീതികൾ അവലംബിച്ചും, പച്ചമരുന്നുകൾ ഉപയോഗിച്ചും ആണ് ഏറിയ ജനങ്ങളും മോചനം നേടിയിരുന്നത്. ഗതാഗതരംഗത്ത് കാളവണ്ടികളും വില്ലുവണ്ടികളും മാത്രം ഉണ്ടായിരുന്നതിനാൽ വിദ്യാഭ്യാസം വളരെ ശോചനീയ നിലവാരം പുലർത്തിയിരുന്നു. ശ്രീ. A.K. ആന്റണിയുടെ ഗവൺമെന്റ് നടപ്പിലാക്കിയ ചാരായനിരോധനം സാംസ്കാരിക-വിദ്യാഭ്യാസ രംഗത്ത് പുരോഗമനത്തിന്റെ തരംഗങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്.

ക്രിസ്ത്യൻ മിഷണറിമാരുടെ വരവോടെയാണ് ഈ പ്രദേശത്ത് നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്തിതിയിൽ അടിമത്തം അനുഭവിച്ചിരുന്ന പിന്നോക്കവിഭാഗങ്ങൾക്ക് വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിൽ ചുവടുവയ്ക്കാൻ കഴിഞ്ഞത് എന്ന വസ്തുത എടുത്തുപറയേണ്ടതാണ്. മുന്നോക്ക-പിന്നോക്ക സമുദായങ്ങൾക്ക് നിർണ്ണായക സ്വാധീനമുള്ള ഈ പ്രദേശത്ത് ജാതി-മത ചിന്തയുടെപേരിൽ ഉണ്ടാകാറുള്ള അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നില്ല എന്നത് ഇവിടത്തെ സവിശേഷതയാണ്. സാമുദായിക സംഘടനകളുടെ പ്രവർത്തനം സജീവമായിട്ടുണ്ടെങ്കിലും സാംസ്കാരിക പരിവർത്തനരംഗത്ത് ശോഭനമായ ഒരു ഭാവി ഇതുവരേയും നൽകാൻ കഴിഞ്ഞില്ല. എന്നാൽ ചില ക്രിസ്ത്യൻ മിഷണറികൾ സാമുദായിക ചിന്തയില്ലാതെതന്നെ സാധുപരിപാലനരംഗത്ത് മികവുറ്റ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ഉത്സവങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഹിന്ദു ആരാധനാലയങ്ങളാണ് മുൻപന്തിയിൽ. വിളവെടുപ്പ് മഹോത്സവുമായി ബന്ധപ്പെട്ടാണ് ക്ഷേത്രങ്ങളിൽ ഉത്സവങ്ങൾ കൊടിയേറിയിരുന്നത്. എന്നാൽ നെൽപ്പാടങ്ങളിൽ നാണ്യവിളകൾ സ്ഥാനംപിടിച്ചതോടുകൂടി ഉത്സവങ്ങളുടെ പൊലിമ നഷ്ടപ്പെടുകയും, ചടങ്ങിനുമാത്രം നടത്തപ്പെടുകയും ചെയ്യുന്നു. എങ്കിലും ചില ആദിവാസി ക്ഷേത്രങ്ങളിലും, കുടുംബ കാവുകളിലും കൊടുതി, ചാറ്റ്, തോറ്റംപാട്ട്, തുള്ളൽ എന്നീ പ്രാചീന ആചാരങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. മുൻകാലങ്ങളിൽ കുടുംബ ആർഭാടം കാണിക്കുന്നതിലും, സർപ്പാരാധന നടത്തുന്നതിലും കാണിച്ചിരുന്ന നശീകരണ സ്വഭാവപ്രവണത ഇന്ന് കാണുന്നില്ല. ജനങ്ങളുടെ സഹകരണത്തോടെയാണ് ഇന്ന് ഉത്സവങ്ങൾ നടത്തപ്പെടുന്നത്. തനതുകലകളായ കഥകളി,തിരുവാതിരക്കളി, കമ്പടികളി, ഓട്ടൻതുള്ളൽ തുടങ്ങിയവയ്ക്ക് പ്രാധാന്യം നഷ്ടപ്പെടുന്നു.

ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നതും, കേരളത്തിലെ പ്രമുഖ വിനോദസഞ്ചാരകേന്ദ്രവുമായ നെയ്യാർഡാമിൽ ഓണാഘോഷപരിപാടികൾ നടന്നുവരുന്നു. അതുപോലെ ക്രിസ്തുമസ്, ദീപാവലി തുടങ്ങിയ ആഘോഷങ്ങൾ ജാതി-മത ഭേദമന്യേ ആഘോഷിക്കുന്നു. ശാസ്ത്രീയ മനോഭാവം അറിയാതെയാണെങ്കിലും കാർത്തിക ഉത്സവത്തിന് പാടങ്ങളിലും, വീടുകളിലും കാർത്തികവിളക്ക് കത്തിക്കുന്ന രീതി വളരെയേറെ ആവേശം ഉണ്ടാക്കുന്നു. ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവയിൽ മതപരമായ ആചാരങ്ങളും; വിവാഹം, മരണം തുടങ്ങിയ കാര്യങ്ങളിൽ ജാതീയമായ ആചാരങ്ങളും നിലവിലുണ്ട്.

കലാ-കായിക രംഗത്തും പത്തൊൻപതോളം സംഘടനകൾ പ്രവർത്തിക്കുന്നുവെങ്കിലും മികവാർന്ന പ്രവർത്തനങ്ങൾ നടത്തുന്നില്ല. എന്നാൽ പെരിഞ്ഞാംകടവി

ലെ അനശ്വര പോലുള്ള ക്ലബ്ബുകൾ പ്രാദേശിക സ്വഭാവത്തോടുകൂടിയാണെങ്കിലും കായികരംഗത്ത് ശ്രദ്ധചെലുത്തുന്നു എന്നത് വിസ്മരിക്കേണ്ടതല്ല. ഈ പഞ്ചായത്തിലെ ഏക കായികപ്രസ്ഥാനമായ സ്പോർട്ടിംഗ് യൂണിയൻ വർഷാവർഷം കായിക ടൂർണമെന്റ് നടത്തുകയും അത് ഒട്ടേറെ യുവജനങ്ങളുടെ കായികവും മാനസികവുമായ ഉന്നമനത്തിന് വേദിയൊരുക്കുകയും ചെയ്യുന്നു. ഓണക്കാലത്ത് കബഡി, നാടൻ പന്തുകളി മുതലായ കായിക വിനോദങ്ങൾ പല സംഘടനകളും നടത്തിവരുന്നുണ്ട്. ഈ രംഗത്ത് സ്കൂളുകൾ പ്രത്യേക ശ്രദ്ധ ചെലുത്തുകയും അതിന്റെ ഫലമായി നീന്തൽരംഗത്ത് ദേശീയ നിലവാരത്തിലുള്ള ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തു. കൂടാതെ ദേശീയനിലവാരത്തിലുള്ള പർവ്വതാരോഹണ പരിശീലനങ്ങളും, എൻ.സി.സി. ക്യാമ്പുകളും നെയ്യാർഡാമിൽ സംഘടിപ്പിക്കാറുണ്ട്. നീന്തൽരംഗത്തും മറ്റ് കായിക രംഗങ്ങളിലും ദേശീയപ്രതിഭകളെ സൃഷ്ടിക്കുന്നതിൽ റിട്ടയേർഡ് ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ ശ്രീ. സദാനന്ദൻ നിർവ്വഹിച്ച സേവനം സ്മരണീയമാണ്.

സാംസ്കാരികരംഗത്ത് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് മികവുറ്റ പ്രവർത്തനം നടത്തുന്നു. ചില ക്ലബ്ബുകളും സ്കൂളുകളും കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നത് കുട്ടികളുടെ സാംസ്കാരിക വളർച്ചക്ക് വളരെ പ്രയോജനം ലഭിക്കുന്നു. കൂടാതെ പഞ്ചായത്ത് സംഘടിപ്പിക്കുന്ന കേരളോത്സവം കലാ-കായികപരമായി യുവജനങ്ങൾക്ക് മുന്നേറുന്നതിനും അമച്വർ നാടകരംഗത്ത് ജില്ലാശ്രദ്ധ പിടിച്ചുപറ്റുന്നതിനും സഹായിച്ചിട്ടുണ്ട്.

സാംസ്കാരികരംഗത്ത് പത്രമാദ്ധ്യമങ്ങൾ വളരെയേറെ പരിവർത്തനങ്ങൾ കൈവരിക്കുന്നതിന് സഹായിക്കുന്നു. എന്നാൽ ഇവ വനിതാരംഗത്ത് പുരോഗതി കൈവരിക്കുന്നില്ല എന്നുള്ള വസ്തുത എടുത്തുപറയേണ്ടിയിരിക്കുന്നു. പൈങ്കിളിപ്രസിദ്ധീകരണങ്ങളാണ് ഈ അവസ്ഥയ്ക്ക് കാരണം. മറ്റ് മാദ്ധ്യമങ്ങളായ ആകാശവാണി, ദൂരദർശൻ എന്നിവ വളരെയേറെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ബാലശാസ്ത്ര മാസികകൾക്കും നല്ല പ്രചാരം ഈ ഗ്രാമത്തിലുണ്ട്.

ഗ്രന്ഥശാലകളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ നവജീവൻ ഗ്രന്ഥശാല (രജി: നമ്പർ 3186) വിജ്ഞാനരംഗത്ത് വളരെയേറെ ചലനങ്ങൾ ഉണ്ടാക്കിയിരുന്നു. 1954-ൽ രൂപംകൊണ്ട ഈ ജനകീയ പ്രസ്ഥാനം 5000-ൽപ്പരം പുസ്തകങ്ങളും 2000-ൽപ്പരം അംഗങ്ങളും; കൃഷി പുസ്തകകോർണർ, ശിശുപുസ്തകകോർണർ, റഫറൻസ് വിഭാഗം എന്നിവയോടുകൂടി B ഗ്രേഡ് നിലവാരത്തിൽ വളർന്നുവന്നത് ശ്രീ R. സുകുമാരൻനായർ, കള്ളിക്കാട് രവി, പോൾ ചിറക്കരോട്, M. സേതുഖാൻ, A. വേലായുധൻ നായർ, S. യതീന്ദ്രൻ, A. ബാബു, G. രാജേന്ദ്രൻ, R. ബാബു എന്നിവരുടെ നിസ്വാർത്ഥ സേവനം ഉണ്ടായിരുന്നതുകൊണ്ടാണ്. മൺമറഞ്ഞ ജനകീയനേതാക്കളുടെ സ്മാരകമായി നിലനിൽക്കേണ്ട ഈ ഗ്രന്ഥശാല ഇന്ന് പരിതാപകരമായ നിലയിൽ അടഞ്ഞുകിടക്കുന്നു. 1992-ൽ ഉദ്ഘാടനംചെയ്യപ്പെട്ട പഞ്ചായത്ത് ലൈബ്രറിയ്ക്ക് വായനക്കാരിൽ ഏതെങ്കിലുവിധ സ്വാധീനവും ചെലുത്താൻ സാധിച്ചിട്ടില്ല.

### പ്രശ്നങ്ങൾ

1. നവജീവൻ ഗ്രന്ഥശാലയുടെ പ്രവർത്തനം ഇല്ല.
2. നെയ്യാർ ഡാമിൽ പർവ്വതാരോഹണത്തിനുള്ള പരിശീലനകേന്ദ്രം ഇല്ല.
3. പഞ്ചായത്ത് തലത്തിൽ കൈയെഴുത്തു മാസികകൾ പ്രസിദ്ധീകരിക്കുന്നില്ല.
4. കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിനും വിപണനം നടത്തുന്നതിനും സൗകര്യങ്ങൾ ഇല്ല.
5. നാടൻ കലകൾ പരിശീലിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങളില്ല.
6. സാംസ്കാരിക ചർച്ചകൾ സംഘടിപ്പിക്കാറില്ല.
7. നീന്തൽതാരങ്ങളെ വളർത്തുന്നതിനുള്ള സംവിധാനങ്ങളില്ല.
8. നൃത്തം സംഗീതം എന്നിയ അഭ്യസിക്കുവാനുള്ള സൗകര്യങ്ങളില്ല.
9. ചലച്ചിത്രപഠനത്തിനായി സൗകര്യങ്ങളില്ല.

## നിർദ്ദേശങ്ങൾ:

1. നവജീവൻ ഗ്രന്ഥശാല പഞ്ചായത്ത് ഏറ്റെടുക്കണം.
2. അക്വാട്ടിക് ക്ലബ്ബ് സ്ഥാപിക്കണം.
3. റിക്രിയേഷൻ ക്ലബ്ബ് സ്ഥാപിക്കണം.
4. പഞ്ചായത്ത്തലത്തിൽ കൈയ്യെഴുത്ത് മാസികകൾക്ക് പ്രചോദനം നൽകണം.
5. ആധുനികരീതിയിലുള്ള ഓപ്പൺ എയർ-ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കണം.
6. സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കണം.
7. ഉത്സവങ്ങളും ആഘോഷങ്ങളും സംഘടിപ്പിക്കണം.
8. കരകൗശലവസ്തുക്കൾക്ക് പ്രചാരംനൽകുകയും വില്പനമേളകൾ സംഘടിപ്പിക്കുകയും ചെയ്യണം.
9. നാടൻകലകൾ പരിശീലിപ്പിക്കുന്നതിനുള്ള സ്ഥാപ

# 14. പട്ടികജാതി-പട്ടികവർഗ്ഗ വികസനം

**ക**ള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതിവിഭാഗത്തിൽ 1072 പേരും പട്ടികവർഗ്ഗവിഭാഗത്തിൽ 538 പേരുമാണുള്ളത്. പട്ടികവർഗ്ഗവിഭാഗങ്ങൾ രണ്ട് കോളനികളായിട്ടാണ് താമസിക്കുന്നത്. നെയ്യാർഡാം വാർഡിലെ റ്റ്ലാവെട്ടിയിലും, മുകുന്ദറ വാർഡിലെ നാരകത്തിൻകുഴിയിലുമായി ഏകദേശം 538 പേരാണുള്ളത്.

## പട്ടികജാതിക്കാർ

ഒന്നാം വാർഡിൽ (തേവൻകോട്)-പള്ളിവേട്ട; രണ്ടാം വാർഡിൽ (കള്ളിക്കാട്)-മുണ്ടവൻകുന്ന്, ആഴാംകാൽ; മൂന്നാം വാർഡിൽ (പെരുംകുളങ്ങര)-കുഴിമണ്ണടി; നാലാം വാർഡിൽ (നിരപ്പുക്കാല)-കോലിയക്കോട്; ആറാംവാർഡിൽ (മുകുന്ദറ)-വട്ടപ്പുല്ല്; എട്ടാംവാർഡിൽ (മൈലക്കര)-സ്വർണ്ണക്കോട്, തുരുത്തുംമൂല എന്നിവയാണ് അംഗീകൃത പട്ടികജാതി കോളനികൾ. ഇതിൽ രണ്ടാംവാർഡിലെ മുണ്ടവൻകുന്ന് ഒരു I.H.D.P കോളനിയാണ്.

മേൽപ്പറഞ്ഞ കോളനികളിൽ എല്ലാ വീടുകളിലും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ക്രിസ്ത്യൻ വിഭാഗത്തിന് നിയമപരമായി (സൗജന്യമായി) കക്കൂസും, വൈദ്യുതിയും, ഭവനവും നൽകാൻ കഴിയാത്തതാണ് ഇതിനു കാരണം. പള്ളിവേട്ട, മുണ്ടവൻകുന്ന് എന്നീ കോളനികളിൽ കുറേ ഭാഗം വൈദ്യുതി എത്തിയിട്ടുണ്ട്. മറ്റ് കോളനികളിൽ ഒന്നുംതന്നെ വൈദ്യുതി എത്തിയിട്ടില്ല. കുടിവെള്ളത്തിന് എല്ലാ കോളനികളിലും പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള സൗകര്യങ്ങൾ ഒന്നുംതന്നെ തൃപ്തികരമായിട്ടുള്ളതല്ല. വേനൽക്കാലം ആരംഭിക്കുമ്പോൾത്തന്നെ മിക്ക കോളനികളിലും കുടിവെള്ളപ്രശ്നം രൂക്ഷമാകുന്നു.

നിർമ്മാണപ്രവർത്തനങ്ങളിലും, ചുമടെടുക്കുന്നതിലും, കയറ്റിറക്ക് പണികളിലും ഈ വിഭാഗത്തിൽപ്പെട്ടവർ പണിചെയ്യുന്നു. നെൽകൃഷി കുറഞ്ഞുവന്നതോടെ ഇവർ മേൽപ്പറഞ്ഞ തൊഴിലുകളിലേക്ക് മാറുകയാണ് ഉണ്ടായത്. ഇവരിൽ അധികവും സ്വന്തമായി വീടില്ലാത്തവരും, ഒരു വീട്ടിൽത്തന്നെ ഒന്നിലധികം കുടുംബങ്ങളായി താമസിക്കുന്നവരുമാണ്. മറ്റ് വിഭാഗങ്ങളെക്കാൾ നിരക്ഷരത ഇവരിൽ കൂടുതലാണെങ്കിലും അഭ്യസ്തവിദ്യരും ഉന്നത ബിരുദധാരികളുമായ അസംഖ്യം പട്ടികജാതിക്കാർ ഈ പഞ്ചായത്തിലുണ്ട്. സർക്കാർ സർവ്വീസിലും, സ്വകാര്യമേഖലകളിലും, ഭാഗികമായി ബിസിനസ്സ്മേഖലയിലും ഈ വിഭാഗക്കാരുണ്ട്. സാമൂഹിക രാഷ്ട്രീയ നേതൃത്വത്തിലും പൊതുപ്രവർത്തന രംഗങ്ങളിലും ഈ വിഭാഗക്കാരുടെ സാന്നിദ്ധ്യം ഉണ്ടായിട്ടുണ്ട്. പള്ളിവേട്ടയിൽ അന്തരിച്ച ശ്രീ. അന്ത്രോസ്, മുണ്ടവൻകുന്നിൽ അന്തരിച്ച ശ്രീ. കെ. സുകുമാരൻ എന്നിവർ ഇവരിൽ എടുത്തുപറയേണ്ട വ്യക്തികളാണ്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം ഈ വിഭാഗത്തിൽ വളരെ കൂടുതലാണ്.

## അവശക്രൈസ്തവർ

കള്ളിക്കാട് പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ അംഗസംഖ്യക്ക് ഏതാണ്ട് തുല്യമായ എണ്ണം അവശക്രൈസ്തവർ ഉണ്ട്. ഇവർ പട്ടികജാതിക്കാരുടെ സമുദായത്തിൽപ്പെട്ടവരാണെങ്കിലും ക്രൈസ്തവമതവിശ്വാസികൾ ആയതിനാൽ പട്ടികജാതിക്കാർക്ക് ഗവൺമെന്റിൽനിന്നും ലഭിക്കുന്ന ഏതൊരുവിധ ആനുകൂല്യങ്ങളും ഈ വിഭാഗക്കാർക്ക് കിട്ടുന്നില്ല. ഇക്കാരണത്താൽ തീരെ ദുർബലരാണ് പട്ടികജാതി ക്രിസ്ത്യാനികൾ.

## പട്ടികവർഗ്ഗം

കള്ളിക്കാട്പഞ്ചായത്തിലെ റ്റ്ലാവെട്ടി, നാരകത്തിൻകുഴി എന്നീ സങ്കേതങ്ങളിലാണ് കാണിക്കാരായ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നത്. കേരളത്തിലെ മറ്റ് ജില്ലകളിലെ പട്ടികവർഗ്ഗത്തെ അപേക്ഷിച്ച് ഇവിടെയുള്ളവർ മുന്നോക്ക നിലയിലേക്ക് ഉയർന്നിട്ടുണ്ട്. ഇവർ വിദ്യാഭ്യാസരംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതാണ് ഈ മാറ്റത്തിന് കാരണം. കൈവശ വനഭൂമികൾ കാലംകഴിയുന്തോറും പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും അന്യാധീനപ്പെട്ടുകൊണ്ടിരിക്കുകയാണ്. സർക്കാർ മേഖലകളിൽ ജോലികിട്ടുന്നുണ്ടെങ്കിലും അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം നാൾക്കുനാൾ ഇവരിൽ വർദ്ധിച്ചുവരുന്നു.

സാംസ്കാരികരംഗത്തും പട്ടികവർഗ്ഗക്കാർ പിന്നിലല്ല. വ്ലാവെട്ടിയിൽ പ്രവർത്തിക്കുന്ന അഗസ്ത്യ കലാക്ഷേത്രം, നാരകത്തിൻകുഴിയിലെ സാധനാ സർവ്വീസ് സൊസൈറ്റി എന്നീ സംഘടനകളിലൂടെ ഇവരുടെ കലാ-സാംസ്കാരിക പരിപാടികൾ പുറംലോകത്ത് അവതരിപ്പിക്കാറുണ്ട്. പൊതുരംഗത്തും, രാഷ്ട്രീയരംഗത്തും പട്ടികവർഗ്ഗക്കാരായ നേതാക്കൾ പ്രവർത്തിച്ചിട്ടുണ്ട്. വ്ലാവെട്ടിയിലെ അന്തരിച്ച ഭാസ്കരൻ കാണിയും ഇപ്പോൾ ജീവിച്ചിരിക്കുന്ന കുട്ടൻ കാണിയും ഇവരിൽ ഉൾപ്പെടുന്നു.

## നിർദ്ദേശങ്ങൾ

1. പള്ളിവേട്ട പട്ടികജാതി കോളനിയിൽ ഒരു തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കണം.
2. ലക്ഷംവീട് കോളനി പള്ളിവേട്ട പട്ടികജാതി കോളനി, വ്ലാവെട്ടി പട്ടികവർഗ്ഗ കോളനി, നിരപ്പുക്കാല, പാട്ടേക്കോണം എന്നീ സ്ഥലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണം.
3. ലക്ഷംവീടുകളിലും കോളനികളിലും മെയിന്റനൻസിനുള്ള തുക അനുവദിക്കണം.
4. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസത്തിന് മുൻതൂക്കം നൽകണം.
5. വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീടും, സ്ഥലമില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനുള്ള സ്ഥലവും അനുവദിക്കണം.
6. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കണം.
7. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വയംതൊഴിൽ ശാലയും, ഒരു സഹകരണസംഘവും, സാംസ്കാരിക നിലയവും, വായനശാലയും രൂപീകരിക്കണം.
8. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി ഇൻഷ്വറൻസ് രൂപീകരിക്കണം.
9. നിലമേൽ, കുരഞ്ചിമം, മുണ്ടവൻകുന്ന് എന്നീ കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കണം.
10. ആഴാംകാൽ-മരുതുംമൂട് കോളനിയിൽ ഒരു പൊതുകിണറും, ഒരു പൊതുവഴിയും, റ്റി.വി. കിയോസ്കും നിർമ്മിക്കണം.
11. ആഴാംകാൽ-മുണ്ടവൻകുന്ന് കോളനിയിലേക്ക് പോകുന്ന റോഡ് ടാർചെയ്യുകയും, റോഡിന്റെ മദ്ധ്യഭാഗത്ത് നിൽക്കുന്ന ഇലക്ട്രിക്പോസ്റ്റ് മാറ്റുകയും, കുടിവെള്ളക്ഷാമം പരിഹരിക്കുകയും ചെയ്യണം.
12. പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീകളുടെ ഉന്നമനത്തിന് മഹിളാസമാജങ്ങൾ രൂപീകരിക്കണം.
13. പട്ടികജാതി-പട്ടികവർഗ്ഗത്തിലെ ഒരംഗത്തിനുവീതം തൊഴിൽനൽകണം.
14. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആടുമാടുകളേയും, കോഴിക്കുഞ്ഞുങ്ങളേയും സൗജന്യമായി വിതരണം ചെയ്യണം.
15. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി ഒരു സൊസൈറ്റി രൂപീകരിക്കുകയും കോളനികളിൽ ഓരോ നഴ്സറിസ്കൂളുകൾ സ്ഥാപിക്കുകയും ചെയ്യണം.
16. പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിൽ മുൻഗണന നൽകണം
17. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം.
18. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും ആദിവാസികളെ സംരക്ഷിക്കുകയും, അതിനു വിധേയരാകുന്നവർക്ക് സാമ്പത്തികസഹായം നൽകുകയും വേണം.
19. ആദിവാസികുട്ടികളെ കൃത്യമായി സ്കൂളിൽ എത്തിക്കുവാൻ നടപടികൾ സ്വീകരിക്കണം.
20. നെയ്യാർ റിസർവോയറിന് സമീപം താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീടും, സ്ഥലവും സൗജന്യമായി കൊടുത്ത് മാറ്റി താമസിപ്പിക്കണം.
21. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി കിണറും, കക്കൂസും അനുവദിക്കണം.
22. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ആനുകൂല്യങ്ങൾ ഏർപ്പെടുത്തണം.
23. കരകൗശലവസ്തുക്കൾ ഉണ്ടാക്കുന്നതിനും, വിൽക്കുന്നതിനും ഒരു സഹകരണസംഘം രൂപീകരിക്കണം.
24. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് 15 വയസ്സുവരെ നിർബന്ധിത വിദ്യാഭ്യാസവും; പഠനോപകരണങ്ങൾ, യൂണിഫോമുകൾ എന്നിവ സൗജന്യമായും ഏർപ്പെടുത്തണം.
25. വാവോട്-വട്ടപ്പുല്ല് കോളനിയെ S.C കോളനിയാക്കണം.
26. പാറത്തൊഴിലാളികളായ പട്ടികജാതിക്കാർക്ക് ശമ്പളപരിഷ്കരണം ഏർപ്പെടുത്തണം.
27. കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ പ്രോത്സാഹിപ്പിക്കുകയും, വില്പന

യ്ക്ക് ഒരു യൂണിറ്റ് രൂപീകരിക്കുകയും ചെയ്യണം.

28. കയർ, ഈറ്റ തുടങ്ങിയ കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും; ഇതിനായി ഒരു സൊസൈറ്റിയും,ക്ഷേമനിധിയും ഏർപ്പെടുത്തുകയും ചെയ്യണം.
29. പൂർണ്ണമായും മദ്യനിരോധനം ഏർപ്പെടുത്തണം.
30. സ്വർണ്ണക്കോട്, തുരുത്തുംമൂല എന്നീ സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികജാതിക്കാരുടെ വസ്തുക്കൾക്ക് പട്ടയം നൽകണം.
31. പുറംപോക്കിൽതാമസിക്കുന്ന പട്ടികജാതിക്കാർക്ക് സ്വന്തമായി സ്ഥലവും, വീടും കൊടുത്ത് മാറ്റിപ്പാർപ്പിക്കുകയും; തൊഴിൽശാലകൾ രൂപീകരിക്കുകയും ചെയ്യണം.
32. നെയ്യാർഡാം വാർഡിലെ 512 വീടുകളിൽ ഭൂരിഭാഗവും ക്യാച്ച്മെന്റ് ഏരിയയിലെ കുടിലുകളായതിനാൽ സൗജന്യമായി വീടുകൾ നൽകണം.
33. നെയ്യാർഡാം പ്ലാവെട്ടി റോഡ് വികസിപ്പിക്കണം.
34. പട്ടികജാതി-പട്ടികവർഗ്ഗക്കോളനികളിൽ കമ്മ്യൂണിറ്റിഹാൾ പണികഴിപ്പിക്കണം.
35. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പഴയവീടുകൾ പുതുക്കിപണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
36. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കും, യുവാക്കൾക്കും പഞ്ചായത്ത്തലത്തിൽ സംഗീതം, കല, നൃത്തം, ഉപകരണവായന എന്നിവയിൽ പരിശീലനം നൽകണം.
37. വർഷങ്ങൾക്കുമുമ്പ് സൗജന്യമായി വയറിംഗ്ചെയ്ത പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വീടുകൾക്ക് ഉടൻ തന്നെ വൈദ്യുതകണക്ഷൻ നൽകണം.
38. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.
39. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് ഒരു ടെയ്ലറിംഗ് സ്കൂളും, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും രൂപീകരിക്കണം.
40. വിധവകൾ, വാർദ്ധക്യത്തിലുള്ളവർ, അംഗവൈകല്യം സംഭവിച്ചവർ തുടങ്ങിയ ഈ വിഭാഗത്തിലുള്ളവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും കൃത്യസമയത്ത് കൊടുക്കുകയും ചെയ്യണം.
41. ഈ വിഭാഗത്തിലുള്ള യുവതികൾക്ക് കമ്പ്യൂട്ടർ പരിശീലനംനൽകുവാനുള്ള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം.
42. ഈ വിഭാഗത്തിലെ യുവതീയുവാക്കൾക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകണം.
43. വനമേഖലകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണം.
44. മത്സ്യത്തൊഴിലാളികളായ പട്ടികജാതിവർഗ്ഗക്കാർക്ക് സഹകരണമേഖലയിലൂടെ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കണം.
45. കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ വനിതകൾക്ക് D.W.C.R.A ആനുകൂല്യം നൽകണം.
46. നിരപ്പുക്കാല, പള്ളിവേട്ട, കുരഞ്ചിമം, കുഴിമണ്ണടി, മുണ്ടവൻകുന്ന് എന്നീ കോളനി റോഡുകൾ ടാർ ചെയ്യണം. ഇവിടങ്ങളിൽ മിനി വാട്ടർ സപ്ളൈ സ്കീമുകൾ നടപ്പിലാക്കണം.
47. ടൂറിസംമേഖലകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തണം.

അധികാരം ജനങ്ങളിലേക്ക്

# 15. വനിതാക്ഷേമം



ഈ പഞ്ചായത്തിൽ 6779 പുരുഷന്മാരും 6668 സ്ത്രീകളുമാണ് ഉള്ളത്. വിദ്യാഭ്യാസപരമായി സ്ത്രീകൾ പിന്നിലാണെങ്കിലും ഇന്നത്തെ വിദ്യാഭ്യാസനിരക്കിൽ സ്ത്രീകൾ മുന്നിലാണ്. ആരോഗ്യരംഗത്ത് ഇവർ പുറകിലാണ്. ചികിത്സനടത്തുന്നതിനുള്ള വൈമനസ്യവും, കുടുംബപ്രാരാബ്ധങ്ങളും, അറിവില്ലായ്മയും ഇതിന് പ്രധാന കാരണങ്ങളാണ്. തൊഴിൽരംഗത്ത് പുരുഷന്മാരോടൊപ്പം സ്ത്രീകളും ജോലിചെയ്യുന്നുണ്ട്. പൊതുരംഗത്ത് വനിതകളുടെ എണ്ണം കുറവാണ്. മഹിളാസമാജങ്ങളും, വനിതാസംഘടനകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

തൊഴിൽരംഗത്ത് 1961 നേക്കാൾ സ്ത്രീകൾ മുൻപന്തിയിൽ വന്നിട്ടുണ്ട്. വനിതകൾക്കായി തൊഴിൽരംഗത്ത് പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. കൂലിപ്പണിക്കാരായ സ്ത്രീകളാണ് അധികവും. ഇഷ്ടികപ്പണി, കെട്ടിടനിർമ്മാണം, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ, തലച്ചുമട് തുടങ്ങിയ മേഖലകളിൽ തൊഴിലാളികളുടെ വർദ്ധിച്ച പ്രാതിനിധ്യമുണ്ട്. വീട്ടുജോലിക്കുപോകുന്ന സ്ത്രീകളും വിരളമായിട്ടെങ്കിലും നമ്മുടെ ഗ്രാമത്തിൽ ഉണ്ട്. ഈ പഞ്ചായത്തിലെ സ്വകാര്യ വ്യവസായമായ തീപ്പെട്ടിനിർമ്മാണത്തിൽ 80% വും വനിതകളാണ്. സ്ത്രീകൾ ചെയ്തുവന്നിരുന്ന പരമ്പരാഗത കുടിൽവ്യവസായമായ പനമ്പുവട്ടി-കുട്ട, ഈറ്റ ഉല്പന്നങ്ങൾ തുടങ്ങിയവയുടെ നിർമ്മാണജോലികൾ നാമമാത്രമായിട്ടേ ഇന്നുള്ളു. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള അനേകം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇക്കൂട്ടരുടെ ദാരിദ്ര്യം നിർമ്മാർജ്ജനംചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

9 അങ്കണവാടികളും, പഞ്ചായത്തിന്റെ ഒരു ശിശുമന്ദിരവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യരംഗത്ത് 'മഹിളാസ്വസ്ഥ്' എന്ന സംഘടന പ്രതിഫലം ഇല്ലാതെ തന്നെ കാര്യമായ പ്രവർത്തനം നടത്തിവരുന്നു. സാമൂഹ്യ-രാഷ്ട്രീയരംഗത്തും വനിതകളുടെ പ്രാതിനിധ്യം ഉണ്ട്. തുന്നൽജോലിയിൽ വനിതകളുടെ നല്ലൊരു ശതമാനവും പ്രവർത്തിക്കുന്നുണ്ട്. നെൽപ്പാടങ്ങളിൽ വാഴ, റബ്ബർ, തെങ്ങ് ഇവ കൃഷിചെയ്തുവരുന്നതിനാൽ സ്ത്രീകളുടെ ജോലിസാദ്ധ്യതകളിൽ കുറവുവന്നു. ചുമടെടുക്കുന്നതിലും,നിർമ്മാണപ്രവർത്തനങ്ങളിലും, പുരുഷന്മാരുടേതിന് തുല്യമായ വേതനം സ്ത്രീകൾക്കും ലഭിക്കുന്നുണ്ട്. മദ്യപാനികളായ കുടുംബനാഥന്മാരുള്ള വീടുകളിൽ പലയിടത്തും സ്ത്രീകൾക്ക് നരകയാതന അനുഭവിക്കേണ്ടിവരുന്നു. സ്ത്രീധനം ഇപ്പോഴും സ്ത്രീകളെ വേട്ടയാടുന്ന ഒരു പ്രതിഭാസമായി തുടരുന്നു. സ്ത്രീപീഡനങ്ങൾ കുറവാണെങ്കിലും പലപ്പോഴും ഉണ്ടാകാറുണ്ട്. വിറക് ചുമന്ന് വിറ്റും, കറവമാടുകളെ വളർത്തിയും ഉപജീവനം നടത്തുന്ന കുടുംബനാഥകളും ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ 131 പേർക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്. 9 അങ്കണവാടികളിലുമായി ഏകദേശം 52 ഗർഭിണികളും 85 മുലയൂട്ടുന്ന അമ്മമാരുമാണ് ഉള്ളത്.

## പ്രശ്നങ്ങൾ

1. സ്ത്രീപീഡനത്തെ നിയമപരമായി പ്രാദേശികാടിസ്ഥാനത്തിൽ തടയുന്നതിനുള്ള അധികാരമില്ലായ്മ.
2. സ്ത്രീധനം നിയമംമൂലം നിരോധിച്ചെങ്കിലും വേണ്ടത്ര ബോധവൽക്കരണം നടന്നിട്ടില്ല.
3. സ്ത്രീകൾക്ക് പ്രത്യേകം തൊഴിൽപരിശീലനകേന്ദ്രങ്ങൾ ഇല്ല.
4. ഈ പഞ്ചായത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഡേകെയർ സെന്ററുകൾ ഇല്ല.
5. D.W.C.R.A യൂണിറ്റുകൾ വേണ്ടത്ര ഇല്ല. ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമവുമല്ല.
6. 'മഹിളാ സ്വസ്ഥ് സംഘ്' പ്രവർത്തകർക്ക് വേണ്ടത്ര പരിരക്ഷയോ വേതനമോ ലഭിക്കുന്നില്ല.
7. പെൺകുട്ടികളുടെ ഉപരിപഠനത്തിൽ നിർധനരായ മാതാപിതാക്കൾക്ക് താല്പര്യമില്ല.
8. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക ചികിത്സാസൗകര്യങ്ങൾ ഇല്ല.
9. സ്ത്രീകൾക്ക് പ്രാഥമിക ആവശ്യത്തിന് വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ ഭൂരിഭാഗം വീടുകളിലും ഇല്ല.
10. പ്രധാന ബസ് സ്റ്റോപ്പുകളിൽ സ്ത്രീകൾക്ക്വേണ്ടി

വെയിറ്റിംഗ്ഷെഡ്ഡുകളോ പ്രാഥമിക സൗകര്യങ്ങളോ ഇല്ല.

## നിർദ്ദേശങ്ങൾ

1. സ്ത്രീപീഡനത്തിനെതിരെ നടപടി സ്വീകരിക്കുവാൻ പഞ്ചായത്തിന് നിയമപരമായ അധികാരം നൽകുക.
2. സ്ത്രീധനത്തിനെതിരെ വേണ്ടത്ര ബോധവൽക്കരണം നടത്തുക.
3. സ്ത്രീകൾക്കായി പ്രാദേശികാടിസ്ഥാനത്തിൽ പ്രത്യേക തൊഴിൽ ദാനപദ്ധതികൾ ഉണ്ടാക്കുക.

(a) തയ്യൽ പരിശീലനം (b) നെയ്ത്ത് പരിശീലനം (c) കരകൗശലനിർമ്മാണം (d) പ്ലാസ്റ്റിക് ഉല്പന്ന നിർമ്മാണം (e) പുല്പായ് നെയ്ത്ത് (f) ഈറ്റ ഉല്പന്നങ്ങളുടെ നിർമ്മാണം (g) റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം. (h) ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയവയുടെ കൃഷി രീതിയെക്കുറിച്ചുള്ള പരിശീലനം

മുകളിൽ വിവരിച്ചിരിക്കുന്നവയുടെ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുമൂലം ഈ ഗ്രാമത്തിൽതന്നെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് വിവിധയിനം വ്യവസായങ്ങൾ സ്ത്രീകൾക്കായി നടപ്പാക്കാൻ കഴിയും.

4. ഈ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഡേ കെയർ സെന്ററുകൾ സ്ഥാപിക്കേണ്ടതാണ്.
5. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനോടനുബന്ധിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തണം.
6. എല്ലാ വീടുകൾക്കും കക്കൂസ് അനുവദിക്കണം.
7. വനിതായാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് കള്ളിക്കാട് മുതലായ പ്രധാന ജംഗ്ഷനുകളിൽ വെയിറ്റിംഗ്ഷെഡ്ഡും, മൂത്രപ്പുരയും സ്ഥാപിക്കണം.
8. സ്ത്രീകൾക്കുവേണ്ടി അടുക്കളത്തോട്ടനിർമ്മാണം, കോഴിവളർത്തൽ എന്നിവയ്ക്ക് ആവശ്യമായ ധനസഹായവും, പരിശീലനവും നൽകണം.
9. പകർച്ചവ്യാധികൾ ബാധിച്ച സ്ത്രീകൾക്ക് ധനസഹായവും ചികിത്സാസൗകര്യവും പഞ്ചായത്ത്തലത്തിൽ ഏർപ്പെടുത്തണം.
10. പഞ്ചായത്ത്പ്രദേശത്ത് ബ്യൂട്ടിപാർലർ സ്ഥാപിക്കണം.
11. ഫാൻസി സ്റ്റോറുകളും, ഗാർമെന്റ് മേക്കിംഗിനുള്ള സംരംഭങ്ങളും നടപ്പിലാക്കണം.
12. D.W.C.R.A ഗ്രൂപ്പുകളുടെ എണ്ണം പഞ്ചായത്തിൽ നിലവിലുള്ളതിന്റെ 100% വർദ്ധനവുണ്ടാക്കി തൊഴിലില്ലായ്മ പരിഹരിക്കണം.
13. 'മഹിളാ സ്വസ്ഥ്' പ്രവർത്തകർക്ക് വരുമാനമാർഗ്ഗം ഉറപ്പാക്കണം.
14. വനിതകൾക്കായി വീവിംഗ് സെന്ററുകളും, ഖാദി യൂണിറ്റുകളും സ്ഥാപിക്കണം. ഇതിന്റെ നടത്തിപ്പിനായി ബാങ്കുകളുടെ സഹായം ഉറപ്പുവരുത്തണം.
15. ചാരായനിരോധനം കർശനമായി നടപ്പിലാക്കണം.
16. വനിതകൾക്ക് തൊഴിൽ അഭ്യസിക്കുന്നതിനായി പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
17. പഞ്ചായത്ത്തലത്തിൽ മഹിളാസമാജം രൂപീകരിച്ചിട്ടില്ലാത്തിടത്ത് പുതിയത് രൂപീകരിക്കുകയും, രൂപീകൃതമായതിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

# 16. സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് വളരെക്കൂടുതൽ പ്രവർത്തനം നടത്തേണ്ട മേഖലയാണ് നമ്മുടെ പഞ്ചായത്ത്. സാമ്പത്തിക-വിദ്യാഭ്യാസ നിലവാരങ്ങളിലെ പിന്നോക്കാവസ്ഥ ഇപ്പോഴും തുടരുന്നതുകൊണ്ടാണ് കൂടുതൽ കർമ്മപരിപാടികളും പ്രവർത്തനങ്ങളും വേണ്ടിയിരിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ എന്നിവർക്ക് സാമൂഹികക്ഷേമ വകുപ്പിലൂടെയും, സാമൂഹ്യ വികസനവകുപ്പിലൂടെയും വിവിധ പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുന്നുണ്ടെങ്കിലും ഇനിയും അനേകം ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാനുണ്ട്.

## സാമൂഹ്യവികസനവകുപ്പ്:

പെരുങ്കടവിള ബ്ളോക്കിന്റെ പരിധിയിലാണ് കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രവർത്തിക്കുന്നത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഗ്രാമീണമേഖലകളിൽ നടപ്പാക്കുന്ന വികസനപദ്ധതികൾ അധികവും ഈ ബ്ളോക്കിലൂടെയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. ഗ്രാമീണ മേഖലകളിലെ തൊഴിൽലഭ്യത വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഊന്നൽ നൽകിയാണ് വികസന ബ്ളോക്കുകൾ ഈ പദ്ധതികൾ ഗ്രാമപഞ്ചായത്തിലൂടെ നടപ്പാക്കുന്നത്. എട്ടാം പഞ്ചവത്സരപദ്ധതി അവസാനിക്കുമ്പോൾ ഗ്രാമീണ റോഡ് നിർമ്മാണപദ്ധതികൾ, തൊഴിലധിഷ്ഠിത പദ്ധതികൾ, ചെറുകിട ജലസേചനം എന്നിവ വികസനബ്ളോക്കിലൂടെ പഞ്ചായത്തുകൾ നടപ്പാക്കുന്നു.

### JRY:

ഭവനനിർമ്മാണം, റോഡ്, സാനിട്ടേഷൻ എന്നിവ ഈ പദ്ധതിയിലൂടെ പഞ്ചായത്ത് നടപ്പാക്കിവരുന്നു. തുണ്ടുനട, കുഴിമണ്ണടി കോളനിറോഡും, കള്ളിക്കാട് നിർദ്ദിഷ്ട ടെലഫോൺ എക്സ്ചേഞ്ചിനുവേണ്ടി ജയേന്ദ്രബാബു സ്മാരക സാംസ്കാരിക നിലയവും, പഞ്ചായത്ത് സ്റ്റേഡിയവും പുതുക്കിപണിയുന്നത് ഈ പദ്ധതി തുകകൊണ്ടാണ്.

### E.A.S.

ഗ്രാമീണ തൊഴിലവസരം സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതി പഞ്ചായത്തുകളിൽ നടപ്പാക്കുന്നത്. ഇടവാച്ചൽ-പെട്ടിപ്പാറ റോഡും, കള്ളിക്കാട്-ഏറക്കോണം റോഡും, നാരകത്തിൻകുഴി-മൂഴിതോടും ഈ സ്കീമിലൂടെയാണു പുതുക്കിപണിതത്. ഇപ്പോൾ നിർദ്ദിഷ്ട നെയ്യാർഡാം-മ്ലാവെട്ടിറോഡും ഈ പദ്ധതിയിലൂടെയാണു നിർമ്മിക്കുന്നത്.

കൂടാതെ IRDP, മില്യൻവെൽ, DWRCA, ചെറുകിട ജലസേചന പദ്ധതികൾ എന്നിവ പഞ്ചായത്തിലൂടെ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് നടപ്പാക്കിവരുന്നു.

## ശിശുക്ഷേമം.

I.C.D.S പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ 9 അങ്കണവാടികൾ പ്രവർത്തിച്ചുവരുന്നു. പോഷകാഹാരക്കുറവും, നാമമാത്രം മരുന്നുകളും ഈ അംഗൻവാടികളിലൂടെ കുഞ്ഞുങ്ങൾക്ക് നൽകിവരുന്നു. ചില അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. കൂടാതെ കുഞ്ഞുങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങളും ഇല്ല.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വിധവകളുടേയും ഉപേക്ഷിക്കപ്പെട്ട സ്ത്രീകളുടേയും എണ്ണം കൂടുതലാണ്. പ്രത്യേക സംരക്ഷണം ഇല്ല.
2. അർഹതപ്പെട്ട വികലാംഗർക്ക് ഇനിയും പെൻഷൻ ലഭിക്കാനുണ്ട്.
3. ഒരു വൃദ്ധ അഗതിമന്ദിരം ഇല്ല.
4. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും തൃപ്തികരമായ പരിചരണം ലഭിക്കുന്നില്ല.
5. അങ്കണവാടികൾക്ക് സ്വന്തമായ കെട്ടിടങ്ങളും പ്രാഥമിക സൗകര്യങ്ങളും ഇല്ല.
6. പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അങ്കണവാടികെട്ടിടങ്ങളുടെ മെയിന്റനൻസ് നടന്നിട്ടില്ല.
7. അർഹതപ്പെട്ട പലർക്കും വിധവാപെൻഷൻ, വാർദ്ധക്യ കാല പെൻഷൻ, വികലാംഗപെൻഷൻ എന്നിവ ലഭിക്കുന്നില്ല.
8. കാർഷക തൊഴിലാളിപെൻഷൻ പലർക്കും ലഭിക്കുന്നില്ല
9. IRDP ആനുകൂല്യം അർഹതപ്പെട്ട പലർക്കും ലഭിക്കുന്നില്ല.
10. ട്രൈസം, DWRCA തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യം നാമമാത്രമായേ ലഭിക്കുന്നുള്ളു.

11. EAS, IRY മുതലായ പദ്ധതി വിഹിതം പഞ്ചായത്തിന് പരിമിതമായാണ് ലഭിക്കുന്നത്.
12. ചെറുകിട ജലസേചന പദ്ധതികൾ പുനരുദ്ധരിക്കേണ്ടതുണ്ട്.
13. ഭവനരഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നു.
14. ഗ്രാമീണ തൊഴിൽരഹിതരുടെ എണ്ണം കൂടുന്നു
15. I.C.D.S.ന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
16. വരൾച്ചപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
17. കാലവർഷക്കെടുതിമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് തൃപ്തികരമായ പരിഹാരം കണ്ടെത്തുന്നില്ല.

## നിർദ്ദേശങ്ങൾ

1. വിധവകൾക്കും, ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകൾക്കും പ്രത്യേക പദ്ധതികളും പുനരധിവാസവും കണ്ടെത്തണം.
2. അർഹതപ്പെട്ട മുഴുവൻ വികലാംഗർക്കും പെൻഷൻ അനുവദിക്കണം.
3. പഞ്ചായത്തിൽ വൃദ്ധ അഗതിമന്ദിരം നിർമ്മിക്കണം.
4. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരങ്ങളും രോഗപ്രതിരോധമരുന്നുകളും ലഭ്യമാക്കണം.
5. പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാവണം.
6. നിലവിലുള്ള അംഗൻവാടികൾ മെയ്ന്റനൻസ് ചെയ്യണം.
7. വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ അർഹതപ്പെട്ട എല്ലാപേർക്കും അനുവദിക്കണം.
8. അർഹതയുള്ള മുഴുവൻ കർഷക തൊഴിലാളികൾക്കും പെൻഷൻ നൽകണം.
9. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാപേർക്കും I.R.D.A ആനുകൂല്യം ഉറപ്പാക്കണം.
10. ട്രൈസം, DWRCA തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യം കൂടുതൽപേർക്ക് ലഭ്യമാക്കണം.
11. EAS, JRY, മില്യംവെൽ തുടങ്ങിയവയുടെ വിഹിതം പഞ്ചായത്തിന് കൂടുതൽ ലഭ്യമാക്കണം.
12. കുടിവെള്ളത്തിനും, നാമമാത്ര കൃഷിക്കാരൻ ഉപയോഗിക്കുന്ന മറ്റ് ജലസ്രോതസ്സുകൾക്കും കാലാകാലങ്ങളിൽ മെയ്ന്റനൻസ് ചെയ്യണം.
13. ഭവനരഹിതരായ താഴ്ന്ന വരുമാനക്കാർക്ക് വിവിധ പദ്ധതികൾപ്രകാരവും, മറ്റ് ഏജൻസികൾവഴിയും സമയബന്ധിതമായി വീടുകൾ നിർമ്മിച്ച് നൽകണം.
14. ഗ്രാമീണമേഖലയിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകണം.
15. ICDSന്റെ പ്രവർത്തനം പ്രയോജനപ്രദമാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പാക്കണം.
16. വരൾച്ചബാധിത പ്രദേശങ്ങൾക്ക് മുൻഗണനാക്രമത്തിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
17. വരൾച്ച, വെള്ളപ്പൊക്കം എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുമ്പോൾ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തണം.

| | |
|---|---|
| വിധവാപെൻഷൻ | 139 |
| വാർദ്ധക്യകാലപെൻഷൻ | 20 |
| വിധവകളുടെ പെൺമക്കളുടെ വിവാഹസഹായം | 2 |

### ട്രൈസം

| വർഷം | OC | SC | ST |
|---|---|---|---|
| 1993-94 | 1 | - | - |
| 1994-95 | 2 | 1 | - |
| 1995-96 | 1 | - | - |
| 1996-97 | 2 | 1 | - |

### IRDP

| വർഷം | ലോൺ ലഭിച്ചവരുടെ എണ്ണം | SC | OC |
|---|---|---|---|
| 1993-94 | 24 | 9 | 15 |
| 1994-95 | 32 | 16 | 16 |
| 1995-96 | 24 | 11 | 13 |
| 1996-97 | 27 | 15 | 12 |

## ഹൗസിംഗ്

| വർഷം | സ്കീം | SC | ST | OC |
|---|---|---|---|---|
| 1993-94 | MWS | 5 | - | - |
| 1994-95 | JRY | 8 | - | |
| 1995-96 | JRY | - | - | 4 |
| 1995-96 | IAY | 14 | 2 | 11 |
| 1996-97 | IAY | 7 | - | 5 |

## ലാട്രിൻസ്

| വർഷം | സ്കീം | OC | SC | ST |
|---|---|---|---|---|
| 1994-95 | C.D | 2 | - | - |
| 1995-96 | C.R.S.P | 14 | 2 | 1 |
| 1996-97 | C.R.S.P | 8 | 4 | - |

# 17. സഹകരണ മേഖല



## ചരിത്രം

കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടംതന്നെ പിൻതലമുറകൾക്ക് ഭാഗിച്ചുകൊടുത്തുകൊണ്ട് മരണമടയുന്ന രീതിക്ക് മാറ്റംവരുത്തുന്നതിന് കർഷകരെ സഹായിക്കുന്നതിനുവേണ്ടി രൂപംകൊടുത്തതാണ് ഇവിടത്തെ സഹകരണസംഘങ്ങൾ.

കള്ളിക്കാട് പഞ്ചായത്ത് നിലവിൽ വരുന്നതിന് മുമ്പുതന്നെ സഹകരണപ്രവർത്തനം ഇവിടെ ആരംഭിച്ചിരുന്നു. കൊല്ലവർഷം 1095-ൽ 'മുകുന്ദറ സഹകരണസംഘം' എന്നപേരിൽ മൈലക്കര കൈയ്പടയം വീട്ടിൽ ശ്രീ. കേശവപിള്ള സാറിന്റെ നേതൃത്വത്തിൽ മൈലക്കര ജംഗ്ഷനിലുള്ള വഴിയമ്പലത്തിൽവച്ച് സഹകരണപ്രസ്ഥാനത്തിന് രൂപംനൽകി. ഈ സംഘം കൊല്ലവർഷം 1099-ൽ പരസ്പര സഹായ സഹകരണസംഘം (668-ാം നമ്പർ) എന്ന പേരിൽ കള്ളിക്കാട് കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു.

ഈ സംഘത്തിന്റെ പ്രഥമ പ്രസിഡന്റായി ശ്രീ. കേശവപിള്ള സാറും, സെക്രട്ടറിയായി ശ്രീ. P. കൃഷ്ണപിള്ള സാറുമാണ് പ്രവർത്തിച്ചിരുന്നത്. കള്ളിക്കാട് ജംഗ്ഷനിൽ ശ്രീ. നാല്പറത്തലയ്ക്കൽ ചെല്ലപ്പൻപിള്ളയുടെ ഒരു ചെറിയ കടമുറിയിൽ വാടകയ്ക്ക് പ്രവർത്തിച്ചിരുന്ന സംഘം പിന്നീട് ശ്രീ. V.P. കൃഷ്ണപിള്ളസാർ പ്രസിഡന്റായും, ശ്രീ. വിക്രമൻ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു. തുടർന്ന് ഈ സംഘം ലിക്വിഡേഷന്റെ വക്കിലെത്തി. അന്നത്തെ അസി: രജിസ്ട്രാർ ആയിരുന്ന ശ്രീ. വാസുദേവമേനോന്റെയും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ. പത്മനാഭപിള്ളയുടേയും സഹായത്താൽ, ശ്രീ. കള്ളിക്കാട് ഗംഗന്റെ നേതൃത്വത്തിൽ, ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ശ്രീ. താഴവിളാകം വേലായുധൻപിള്ള, ശ്രീ. P. സുന്ദരംപിള്ള, ശ്രീ. K. കുഞ്ഞുരാമൻപിള്ള, ശ്രീ. നാല്പറത്തലയ്ക്കൽ ചെല്ലപ്പൻപിള്ള എന്നിവർ ചേർന്ന് 5000 രൂപ ഷെയർപിരിച്ച് അടച്ച് ലിക്വിഡേഷനിൽനിന്നും മോചിപ്പിച്ചു.

തുടർന്നുവന്ന ഭരണസമിതികളാണ് ബാങ്കിന്റെ ഇന്നത്തെ വളർച്ചക്ക് ബീജാവാപം നൽകിയത്. ഈ കാലയളവിൽ ശ്രീ. സുന്ദരംപിള്ള, ശ്രീ. R. സുകുമാരൻനായർ, ശ്രീ. V. ഗോപാലകൃഷ്ണൻ, ശ്രീ. R. വിജയകുമാരൻ, ശ്രീ P.A. രാമചന്ദ്രൻനായർ, ശ്രീ P. സുന്ദരൻപിള്ള (രണ്ടുപ്രാവശ്യം), ശ്രീ P. രാമകൃഷ്ണകുറുപ്പ് എന്നിവർ പ്രസിഡന്റുമാരായുള്ള ഭരണസമതികൾ പ്രവർത്തിച്ചു.

1991-മുതൽ ശ്രീ. S. മോഹനന്റെ നേതൃത്വത്തിലുള്ള മൂന്നാമത്തെ ഭരണസമതിയാണ് ഇപ്പോൾ ഭരണകാര്യങ്ങൾ നടത്തുന്നത്. 19-6-1971-മുതൽ ശ്രീ. സുകുമാരപിള്ള ഈ സംഘത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്നു. 1977-ൽ ഈ സംഘം സർവ്വീസ് സഹകരണബാങ്കായി ഉയർത്തി. സഹകരണമേഖലയിൽ ഏറ്റവും വലിയ ധനകാര്യസ്ഥാപനമായ കള്ളിക്കാട് സർവ്വീസ് സഹകരണബാങ്കിന് (ക്ലിപ്തം നമ്പർ 668) സ്വന്തമായി സ്ഥലവും, കെട്ടിടവും, ആവശ്യമായ ഫർണിച്ചറുകളും സ്വന്തമായുണ്ട്. കൃഷിക്കാരെ സഹായിക്കുന്ന കാര്യത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചുപോരുന്നു.

50 സെന്റിന് താഴെ ഭൂമിയുള്ള 2500-ഓളം വരുന്ന കൃഷിക്കാരും, 50 സെന്റിനു മുകളിൽ വരുന്ന 3000-ത്തോളം കൃഷിക്കാരുമാണ് ഈ പഞ്ചായത്തിലുള്ളത്. ഇത്രയേറെ കർഷകകുടുംബങ്ങൾ ഉണ്ടെങ്കിലും 3675 പേർ മാത്രമാണ് ഈ ബാങ്കിൽ അംഗമായിട്ടുള്ളത്. കാർഷികേതര വായ്പകൾ എടുക്കുന്നതിനായി ഭൂരിഭാഗംപേരും ഈ ബാങ്കിൽ എത്തുന്നില്ല എന്നുള്ളതാണ് വസ്തുത. ഈ ബാങ്കിന്റെ പ്രവർത്തനമേഖല കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് പ്രദേശമാണ്. ഈ പഞ്ചായത്തിലെ അംഗസംഖ്യ 13447 ആണ് എന്നിരിക്കെ, ബാങ്കിന്റെ അംഗസംഖ്യയും തമ്മിൽ താരതമ്യംചെയ്യുമ്പോൾ ഭൂരിഭാഗംപേരും വായ്പയ്ക്ക് എത്തുന്നില്ല എന്നുള്ളതിന്റെ അന്തരം മനസ്സിലാകും. കടം വാങ്ങുവാൻ മുൻപന്തിയിൽ ആണെങ്കിലും കടംതിരിച്ചടക്കുന്നകാര്യത്തിൽ പിറകിലാണ്.

ചിട്ടി, ടെക്സ്റ്റൈൽസ്, വളം, കൺസ്യൂമർ എന്നിവയാണ് ഈ ബാങ്കിന്റെ ഇതര പ്രവർത്തനങ്ങൾ. ആകെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഈ ബാങ്ക് പുരോഗ

തിയിലാണ്. മുഴുവൻ കർഷകരേയും സഹായിക്കുന്ന ഒരു വലിയ സാമ്പത്തിക സഹായ സ്ഥാപനമാക്കി മാറ്റാൻ കാർഷികവും കാർഷികേതരവുമായ ഇനത്തിൽ വൻപിച്ച മുന്നേറ്റം നടത്തേണ്ടതുണ്ട്.

## കള്ളിക്കാട് റൂറൽ ഹൗസിംഗ് സഹകരണ സംഘം (ക്ലിപ്തം നമ്പർ 1064).

1991–ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. കള്ളിക്കാട്, അമ്പൂരി, ഒറ്റശേഖരമംഗലം എന്നീ പഞ്ചായത്തുകളാണ് പ്രവർത്തനമേഖല. P. സുന്ദരൻപിള്ള, ഇരഞ്ഞിയിൽ ശശികുമാർ എന്നിവർ ഈ സംഘം രൂപീകരിക്കുന്നതിന് മുൻകൈയെടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. അംഗീകൃത ഓഹരി മൂലധനം 650000 രൂപയാണെങ്കിലും 16600 രൂപയാണ് പിരിഞ്ഞുകിട്ടിയ മൂലധനം. ഇത്രയും വിശാലമായ പ്രവർത്തന പരിധിയുള്ള ഈ സംഘത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം കള്ളിക്കാട് മാത്രം ഒതുങ്ങിനിൽക്കുന്നു. ഭവനനിർമ്മാണരംഗത്ത് വളരെയേറെ സഹായങ്ങൾ ചെയ്യാൻ കഴിയുന്ന ഈ സ്ഥാപനത്തിന് ഈ കാലയളവിൽ യാതൊരു പ്രവർത്തനവും നടത്താനുള്ള സാഹചര്യം ഉണ്ടായില്ല. ഹൗസിംഗ് സഹകരണ ഫെഡറേഷന്റെ അഫിലിയേഷൻ ലഭിക്കാൻ വൈകുന്നതാണ് കാരണം. സംഘം ഭരണസമിതി ഇതിനുള്ള ശ്രമം നടത്തിവരികയാണ്. ശ്രീ. താഴവിളാകം ശശികുമാർ പ്രസിഡന്റും ശ്രീ. R. ഗോപാലകൃഷ്ണൻനായർ സെക്രട്ടറിയുമായുള്ള ഭരണസമിതിയാണ് നിലവിലുള്ളത്. ജില്ലാ സഹകരണ ബാങ്കിന്റെ അഫിലിയേഷൻ സംഘത്തിന് ലഭിച്ചിട്ടുണ്ട്.

## കള്ളിക്കാട് സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം നമ്പർ 668)

### പ്രശ്നങ്ങൾ

1. സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ ഗ്രാമപഞ്ചായത്തിൽ ഇല്ല.
2. ഈ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിനുവേണ്ടി പ്രത്യേക സഹകരണസംഘങ്ങൾ ഇല്ല.
3. അമിതമായ സെക്യൂരിറ്റി വ്യവസ്ഥകൾ
4. പിഴ പലിശാസമ്പ്രദായം
5. കാർഷിക വികസനബാങ്ക് ചെറുകിട വ്യവസായ വായ്പയും, കാർഷിക വായ്പയും കുടിശ്ശിക വന്നാൽ ഓവർഡ്യൂസും പിഴ പലിശയും ഈടാക്കുന്നു.
6. ഈ ഗ്രാമപഞ്ചായത്തിൽ തെങ്ങുകൃഷിക്കാരനെ സംരക്ഷിക്കുന്നതിനുവേണ്ടി കൊപ്രാസംഭരണകേന്ദ്രങ്ങൾ ഇല്ല.
7. ഈ ഗ്രാമപഞ്ചായത്തിൽ കോൺട്രാക്ട് സഹകരണസംഘം നിലവിലില്ല.
8. ജില്ലാ ബാങ്ക് പ്രാഥമിക സംഘങ്ങളിൽനിന്നും അർദ്ധവാർഷിക ഗഡുക്കളായി പലിശ ഈടാക്കുന്നു.
9. പ്രാഥമിക സഹകരണസംഘങ്ങൾ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങൾ ജില്ലാ ബാങ്ക് നടപ്പിലാക്കുന്നു.
10. വ്യക്തിഗത വായ്പ D.C.B കൊടുക്കുന്നതിന് മുമ്പ് പ്രാഥമിക സംഘങ്ങളുടെ അഭിപ്രായം ആരായുന്നില്ല.

### നിർദ്ദേശങ്ങൾ

1. സഹകരണ അടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
2. ഈ ഗ്രാമപഞ്ചായത്തിൽ ഒരു പട്ടികജാതി സർവ്വീസ് സഹകരണസംഘം സ്ഥാപിക്കുക.
3. സഹകരണരംഗത്തെ പിഴ പലിശാസമ്പ്രദായം നിർത്തലാക്കുക.
4. സഹകരണസംഘങ്ങൾവഴി കൊപ്ര സംഭരിക്കുക.
5. ഈ ഗ്രാമപഞ്ചായത്തിൽ ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾ രൂപീകരിക്കുക.
6. ജില്ലാ ബാങ്ക് 6 മാസത്തിലൊരിക്കൽ പലിശ ഈടാക്കുന്ന രീതി അവസാനിപ്പിക്കുക.
7. ജില്ലാ ബാങ്ക് വ്യക്തിഗത ലോണുകൾ അനുവദിക്കുമ്പോൾ പ്രാഥമിക സംഘങ്ങളോട് അഭിപ്രായം ആരായുക.
8. അർഹരായ എല്ലാപേർക്കും സഹകരണസംഘത്തിൽ അംഗത്വം നൽകണം.

## കള്ളിക്കാട് വനിതാ സഹകരണസംഘം (ക്ലിപ്തം നമ്പർ T. 938)

1986ൽ ഈ സംഘം പ്രവർത്തനമാരംഭിച്ചു. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രദേശമാണ് ഈ സംഘത്തിന്റെ പ്രവർത്തന പരിധി. 935 പേരാണ് അംഗങ്ങളായിട്ടുള്ളത്. ചെറുകിട കച്ചവട ലോൺ മാത്രമാണ് പ്രധാന വായ്പാ പദ്ധതി. കൂടാതെ, സ്മോൾബോക്സ് കളക്ഷനും നടത്തിവരുന്നു. വനിതകൾക്ക് തൊഴിൽസാദ്ധ്യതകൾ ഉണ്ടാക്കുന്ന ധാരാളം പദ്ധതികൾ ഉണ്ടെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ കാരണം കാര്യമായി പ്രവർത്തിക്കുന്നതിന് സാധിക്കുന്നില്ല. ഈ സാങ്കേതിക തടസ്സങ്ങൾ നീക്കിയാൽ തീർച്ചയായും നല്ല സംഘമായി വളർത്തുവാൻ കഴിയും.

### പ്രശ്നങ്ങൾ

1. സാങ്കേതിക പരിശീലനത്തിന്റെ അഭാവം

2. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ വായ്പ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്.
3. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്.

**പരിഹാരം**

1. പഞ്ചായത്ത് തലത്തിൽ വനിതാ സഹകരണസംഘം മുഖേന സ്വയംതൊഴിൽ കണ്ടെത്തുവാനുള്ള സാങ്കേതിക പരിശീലനം നൽകുക.
2. ഉദാരവ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുക.
3. ഉല്പന്നങ്ങൾ സർക്കാർ ഏജൻസികൾ ഏറ്റെടുത്ത് വിതരണം നടത്തുക.
4. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

**ഈ പഞ്ചായത്തിൽ 8 വാർഡുകളിലായി 3 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു.**

**a. കള്ളിക്കാട് ക്ഷീരോല്പാദക സഹകരണ സംഘം 788 (D)**

കള്ളിക്കാട് ക്ഷീരോല്പാദക സഹകരണസംഘം പെരുംകുളങ്ങരവാർഡിൽ പെരുംകുളങ്ങര എന്ന സ്ഥലത്ത് സ്വന്തം ആഫീസ് കെട്ടിടവും, കോൺഫറൻസ് ഹാളും ചേർന്ന് രണ്ടുനിലമന്ദിരത്തിൽ പ്രവർത്തിക്കുന്നു. ഈ സംഘത്തിന് അനുബന്ധമായി രണ്ടാം വാർഡിലെ കള്ളിക്കാട് ജംഗ്ഷനിൽ ഒരു കളക്ഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു. T. സുരേഷ്ബാബുവാണ് ഇപ്പോൾ ഈ സംഘത്തിന്റെ പ്രസിഡന്റ്.

**b. വാവോട് ക്ഷീരോല്പാദക സഹകരണ സംഘം**

6-ാം വാർഡിൽ വാവോട് എന്ന സ്ഥലത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. മൂന്നു തൊഴിലാളികളാണ് ഇവിടെ പണിയെടുക്കുന്നത്.

**c. മൈലക്കര ക്ഷീരോല്പാദക സഹകരണസംഘം T. 138 (D)**

ഈ സംഘം മൈലക്കര കേന്ദ്രമായി സ്വന്തമായുള്ള ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. 3 തൊഴിലാളികളാണ് ഇവിടെ പണിയെടുക്കുന്നത്.

**പ്രശ്നങ്ങൾ**

1. എല്ലാ വാർഡുകളിലും പാൽ സംഭരിക്കുന്നതിനുള്ള ക്ഷീര സംഘങ്ങളില്ല.
2. കാലിത്തീറ്റയുടെ വിലവർദ്ധനവ്.
3. ഈ പഞ്ചായത്തിൽ പുൽകൃഷിത്തോട്ടങ്ങൾ ഇല്ല.
4. പാലുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്ലാന്റുകൾ ഇല്ല.
5. കറവമാടുകളെ വായ്പയായി വാങ്ങുന്നതിനുള്ള ലോൺവ്യവസ്ഥയുടെ താങ്ങാനാവാത്ത സെക്യൂരിറ്റി.

**പരിഹാരങ്ങൾ**

1. കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ സാദ്ധ്യതയുള്ള എല്ലാ വാർഡുകളിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക
2. കൃഷിക്കാരന് ആവശ്യമായ അത്യുല്പാദന ശേഷിയുള്ള കറവമാടുകളെ ക്ഷീരോല്പാദക സഹകരണസംഘങ്ങൾവഴി ഉദാരമായ ലോൺവ്യവസ്ഥയിൽ വിതരണംചെയ്യുക
3. പുൽകൃഷിത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയുള്ള സഹായങ്ങൾ ചെയ്യുക.
4. പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുക (കള്ളിക്കാട് ക്ഷീരോല്പാദക സഹകരണസംഘം, പെരുംകുളങ്ങര),
5. കുറഞ്ഞവിലക്ക് കർഷകർക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനുവേണ്ടി മൈലക്കര ക്ഷീരോല്പാദക സഹകരണസംഘവുമായി ബന്ധപ്പെടുത്തി ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
6. നെട്ടുകാൽത്തേരി R.P.S-ലെ 'കോമൺ പ്ലോട്ട്' അനധികൃതമായി കൈയേറിയ സംഘത്തെ ഒഴിപ്പിച്ച് ഒരു മാതൃകാ ഡയറി ഫാമും, പുൽകൃഷി തോട്ടവും നിർമ്മിക്കാൻ ക്ഷീരസംഘങ്ങളെ ഏർപ്പെടുത്തണം.

**നെയ്യാർഡാം ഫിഷറീസ് സഹകരണസംഘം S.C/ST. F No. 4**

1987-ൽ ഈ സംഘം പ്രവർത്തനം ആരംഭിച്ചു. അന്തരിച്ച ശ്രീ. K. ദാസ് 25 അംഗങ്ങളെ ചേർത്താണ് ഈ സംഘം രജിസ്റ്റർ ചെയ്തത്.

ഇന്ന് 8 സെന്റ് സ്ഥലവും കെട്ടിടവും സ്വന്തമായിട്ടുണ്ട്. ഈ കെട്ടിടത്തിലാണ് സംഘം പ്രവർത്തിക്കുന്നത്. ജലാശയ മത്സ്യബന്ധനമാണ് ഈ സംഘത്തിന്റെ പ്രവർത്തനം. വന നിയമം ഉള്ളതുകൊണ്ട് നെയ്യാർ റിസർവ്വോയറിൽനിന്നും മത്സ്യംപിടിക്കാൻ കഴിയുന്നില്ല. വൈൽഡ് ലൈഫ് ആക്ട് ഭേദഗതിചെയ്ത് റിസർവോയർ ഈ സംഘത്തിനെ വിട്ടുതരണമെന്ന് നെയ്യാർഡാം ഫിഷറീസ് സഹകരണസംഘവും, കേരള ഫിഷറീസ് ഡിപ്പാർട്ട്മെന്റും വനംവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ വിട്ടുതന്നാൽ, മലമ്പുഴ-പീച്ചി-വാഴാനി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നതുപോലുള്ള മത്സ്യബന്ധനം ഈ സം

ഘത്തിലൂടെ നടത്തുവാൻ കഴിയും.

നിർദ്ദിഷ്ട ഇൻഡോ-ജർമ്മൻ പദ്ധതി ഈ സംഘത്തിലൂടെ നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലായാൽ 50-ൽപ്പരം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഇതുമുഖാന്തരം തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയും.

ഈ സംഘത്തിൽ 125-പേർ അംഗങ്ങളായിട്ടുണ്ട്. 1250 രൂപയാണ് ഓഹരിമൂലധനം. തലച്ചുമട് മത്സ്യക്കച്ചവടത്തിനായി 25 പട്ടികജാതി-പട്ടികവർഗ്ഗ വനിതകൾക്ക് 500 രൂപാവീതവും, ലോഡ് സൈക്കിൾ മത്സ്യകച്ചവടത്തിന് 500 രൂപാവീതം 10പേർക്കും ലോൺനൽകിയിട്ടുണ്ട്.

## ദീർഘകാല വായ്പാസ്ഥാപനങ്ങൾ

കള്ളിക്കാട് പഞ്ചായത്ത് കേന്ദ്രീകരിച്ച് കള്ളിക്കാട് ജംഗ്ഷനിൽ ഫെഡറൽ ബാങ്കും; മൈലക്കര, മുകുന്ദറ വാർഡുകളെ ഉൾക്കൊള്ളുന്ന പൂഴനാട് ഇന്ത്യൻ ഓവർസീസ് ബാങ്കുമാണ് ഈ ഗ്രാമപഞ്ചായത്തിലെ ദീർഘകാല വായ്പാ സ്ഥാപനങ്ങൾ.

കൃഷിക്കാരേയും, ചെറുകിട കച്ചവടക്കാരേയും, ചെറുകിട വ്യവസായികളേയും സഹായിക്കുന്ന കാര്യത്തിൽ ഈ ബാങ്കുകൾ തൃപ്തികരമായ സേവനം കാഴ്ചവയ്ക്കുന്നില്ല. വായ്പകൾ അനുവദിക്കുന്നതിനുള്ള കാലതാമസവും, ചില സാങ്കേതിക കാര്യങ്ങളിൽ ഊന്നിയുള്ള മനഃപൂർവ്വമായ തടസ്സങ്ങളും ഗുണഭോക്താക്കൾക്ക് സഹായകരമല്ലെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

മുകുന്ദറ, മൈലക്കര വാർഡുകൾ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ പൂഴനാട് ശാഖയുടെ പരിധിയിൽ ഉൾപ്പെടുന്നതാണ്. എങ്കിലും ഗുണഭോക്താക്കളുടെ വായ്പാസംബന്ധമായ കാര്യങ്ങളിൽ ബാങ്ക് ഉദ്യോഗസ്ഥർ നിസ്സംഗത കാണിക്കുന്നു. ആയതിനാൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒരു ദേശസാൽകൃത ബാങ്കിന്റെ പ്രസക്തി വർദ്ധിക്കുന്നു

## മൈലക്കര സെറി കൾച്ചർ സൊസൈറ്റി

നിലവിലുള്ള അവസ്ഥ മാറ്റിയെടുക്കുവാൻ കഴിഞ്ഞാൽ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുവാൻ കഴിയും.

**ക്ഷീരോല്പാദക സഹകരണസംഘങ്ങൾ**

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്ന പാൽ | പുറത്തേക്കു അയയ്ക്കുന്ന പാൽ | ജീവനക്കാർ |
|---|---|---|---|---|---|---|---|
| കള്ളിക്കാട് ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ 788 (D) | 1979 | II, III, IV വാർഡുകൾ | 690 | 350 ലിറ്റർ | 150 ലിറ്റർ | 200 ലിറ്റർ | 3 |
| മൈലക്കര ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ 788 (D) | 1983 | VI, VII, VIII വാർഡുകൾ | 388 | 210 ലിറ്റർ | 56 ലിറ്റർ | 154 ലിറ്റർ | 3 |
| വാവോട് ക്ഷീരോല്പാദക സഹകരണസംഘം | | | | | | | |

## വനിതാസംഘം

| | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരി മൂലധനം | സർക്കാർ ഓഹരി | വായ്പകൾ | നിക്ഷേപം | ലാഭം | നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|
| കള്ളിക്കാട് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ T. 938 | 1986 | കള്ളിക്കാട് പഞ്ചായത്ത് പ്രദേശം | 935 | 1,50000 | 25,000 | 4,67,235 | 55,000 | | നഷ്ടം | ഒന്ന് |

## കാർഷിക വായ്പാസംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭനഷ്ടം | | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | |
| കള്ളിക്കാട് സർവ്വീസ് ക്ലിപ്തം നമ്പർ 668. | മലയാള വർഷം 19-9-1099 (1923) | കള്ളിക്കാട് പഞ്ചായത്ത് | 3675 | 11,50000 | | 510413.80 | 6146256 | 971892 | 10000000 | 1 ലക്ഷം | | 6 |

# 18. വിഭവ സമാഹരണം



കള്ളിക്കാട് ഗ്രാമപഞ്ചായത്ത് വിസ്തൃതിയുടെ കാര്യത്തിൽ ജില്ലയിൽ വലിപ്പമുള്ള പഞ്ചായത്തുകളുടെ സ്ഥാനത്താണ്.എങ്കിലും ജനസംഖ്യയുടെ കാര്യത്തിൽ വളരെ താഴ്ന്ന നിലവാരമാണ് ഈ പഞ്ചായത്തിനുള്ളത്.

പഞ്ചായത്തിന്റെ നിലനില്പ് തനത് വരുമാനമാർഗ്ഗമായ നികുതി ഇനങ്ങളിൽ നിന്നാണ്. പഞ്ചായത്തിന്റെ ജനസംഖ്യയിൽ ഭൂരിപക്ഷം ആൾക്കാരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ആയതിനാൽ നികുതി ഇനങ്ങൾകൊണ്ട് ദൈനംദിനകാര്യങ്ങൾ, ജീവനക്കാരുടെ ശമ്പളം, മറ്റു വികസനപ്രവർത്തനങ്ങൾ എന്നിവ നടത്താൻ സാധിക്കുന്നില്ല.

ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന നെയ്യാർഡാം അറിയപ്പെടുന്ന ഒരു വിനോദസഞ്ചാരകേന്ദ്രം ആണെങ്കിൽപ്പോലും അവിടെനിന്നും വിനോദനികുതി ഇനത്തിൽ ഒരു പൈസപോലും ഈ പഞ്ചായത്തിന് ലഭിക്കുന്നില്ല. ഈ പഞ്ചായത്ത് പ്രദേശത്ത് സർക്കാർ സ്ഥാപനങ്ങളുടേയും വ്യാപാരവ്യവസായ സ്ഥാപനങ്ങളുടേയും എണ്ണം വളരെ പരിമിതമായതിനാൽ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തിൽ ലഭിക്കുന്ന തൊഴിൽനികുതി വളരെ കുറവാണ്. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കുടുംബാംഗങ്ങളായതിനാൽ കെട്ടിടനികുതി ഇനത്തിൽ ഗണ്യമായ വരുമാനമൊന്നുമില്ല. കൂടാതെ നികുതിയേതര വരുമാനങ്ങളും മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ഏറ്റവും താഴ്ന്നനിലയിലാണ്. സംസ്ഥാന നികുതിവിഹിതവും, അൺടൈഡ് ഫണ്ടും, മറ്റ് ഗ്രാന്റുകളും ലഭിക്കുന്നതുകൊണ്ട് പഞ്ചായത്ത് നിലനിന്നുപോകുന്നു.

പഞ്ചായത്തുവകയായി ഷോപ്പിംഗ് കോംപ്ലക്സോ, കല്യാണമണ്ഡപങ്ങളോ, വരുമാനംലഭിക്കുന്ന മറ്റ് സ്ഥാപനങ്ങളോ ഇല്ല.

ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പൊതുമാർക്കറ്റിന്റെ വസ്തു സ്വകാര്യ ഉടമസ്ഥതയിൽ ആയതിനാൽ പഞ്ചായത്തിന് നേരിട്ട് ഇവിടെനിന്നും വരുമാനം വസൂലാകുന്നില്ല. പഞ്ചായത്തിൽ ആകെയുള്ള ഒരു തിയേറ്റർ 'C' ക്ലാസായതിനാൽ തൃപ്തികരമായ വരുമാനം ഇതിൽനിന്നും ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

നെയ്യാർഡാം ഗാർഡൻ പഞ്ചായത്തിനു വിട്ടുതന്നാൽ അവിടെ വികസനപ്രവർത്തനങ്ങൾ നടത്തി ടൂറിസ്റ്റുകളിൽനിന്നും കൂടുതൽ ആദായം ലഭ്യമാക്കാം.

### നിർദ്ദേശങ്ങൾ

1. കെട്ടിടനികുതിയും തൊഴിൽനികുതിയും 100% ഉറപ്പാക്കണം.
2. നെയ്യാർഡാം വിനോദസഞ്ചാര കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഗേറ്റ്പാസ് തുകയുടെ 25% പഞ്ചായത്തിന് നൽകണം.
3. D.T.P.C.യുടേയും, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റേയും ബോട്ട് സർവ്വീസിൽ നൽകുന്ന ടിക്കറ്റിന്മേൽ 25% ടാക്സ് പഞ്ചായത്തിന് ലഭിക്കണം. കൂടാതെ നെയ്യാർ ലയൺ സഫാരിപാർക്ക്, ഡീയർപാർക്ക് എന്നിവയിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഈടാക്കുന്ന ടിക്കറ്റ് ചാർജ്ജിന്റെ 25% പഞ്ചായത്തിന് നൽകണം.
4. പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് വിഹിതം 25% ഡ്യൂട്ടി ഇനത്തിൽ അനുവദിക്കുന്നത് ലോഗ്രേഡ് പഞ്ചായത്ത് എന്ന നിലയിൽ കള്ളിക്കാട് പഞ്ചായത്തിന് മുൻഗണന നൽകണം.
5. അൺടൈഡ് ഫണ്ടുകളും, ഗ്രാന്റുകളും ജനസംഖ്യാനുപാതത്തിൽ വിഹിതംവയ്ക്കാതെ ഈപഞ്ചായത്തിന്റെ വിസ്തൃതിയും പിന്നോക്കാവസ്ഥയും പരിഗണിച്ച് സർക്കാർ നൽകണം.
6. പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ ജനസാന്ദ്രതകൂടിയ പഞ്ചായത്ത് എന്ന നിലയിൽ S.C.P., T.S.P ഫണ്ടുകളുടെ വിഹിതം പഞ്ചായത്തിന് കൂടുതൽ ലഭിക്കണം.
7. പഞ്ചായത്തിന് സ്വന്തമായി ഒരേക്കർ ഭൂമി അനുവദിച്ച് ഷോപ്പിംഗ് കോംപ്ലക്സ്, കല്യാണമണ്ഡപം എന്നിവ പണിയണം.
8. നികുതിപിരിവിനും മറ്റുമായി ജീവനക്കാരുടെ എണ്ണം കുറവായതിനാൽ കൂടുതൽ ജീവനക്കാരെ സർക്കാർ

നിയമിക്കണം.

9. പഞ്ചായത്തുവക പൊതുമുതൽ അനധികൃതമായി ചോർത്തുന്നത് തടയാൻ സെക്യൂരിറ്റി ജീവനക്കാരെ പഞ്ചായത്തിൽ നിയമിക്കണം.
10. പഞ്ചായത്ത് പ്രദേശത്തിനുള്ളിലുള്ള വനങ്ങളിൽനിന്നും സെലക്ഷൻ ഫില്ലിംഗ് നടത്തുവാനുള്ള അധികാരം പഞ്ചായത്തിന് നൽകണം.
11. ആറ്റു പുറംപോക്കുകളിലെ പച്ചമരങ്ങൾ ലേലം ചെയ്യുവാനുള്ള അധികാരം പഞ്ചായത്തിന് നൽകണം.
12. നെയ്യാർ റിസർവ്വോയറിൽ പഞ്ചായത്തിന്റെ വകയായി ബോട്ടിംഗ് നടത്താൻ അനുവദിക്കണം.
13. കള്ളിക്കാട് ജംഗ്ഷനിൽ ഒരേക്കർ സ്ഥലംവാങ്ങി പഞ്ചായത്തുവക പൊതുമാർക്കറ്റ് നിർമ്മിക്കണം.
14. ആറുകളിലേയും, പുഴകളിലേയും ഖനനം ലേലം ചെയ്യുവാനുള്ള അവകാശം പഞ്ചായത്തിന് നൽകണം.
15. ഇറിഗേഷൻ പുറമ്പോക്കുകളിലേയും, റവന്യൂ പുറമ്പോക്കുകളിലേയും, P.W.D. പുറമ്പോക്കുകളിലേയും വൃക്ഷങ്ങളുടെ ലേല അധികാരം പഞ്ചായത്തിന് നൽകണം.

**കള്ളിക്കാട് പഞ്ചായത്തിലെ ശരാശരി പ്രതിവർഷ വരുമാനം**

| ക്രമ നമ്പർ | ഇനം | തുക രൂപ/ പൈസ |
|---|---|---|
| 1 | തൊഴിൽനികുതി | 65525.00 |
| 2 | കെട്ടിടനികുതി | 72181.00 |
| 3 | വിനോദനികുതി | 9745.00 |
| 4 | നികുതിയേതര വരുമാനം | 29232.00 |
| 5 | സംസ്ഥാന നികുതി വിഹിതം | 134449.00 |
| 6 | അൺടൈഡ് ഫണ്ട് | 336100.00 |
| 7 | ഗ്രാന്റുകൾ | 83255.00 |

**കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ ശരാശരി പ്രതിവർഷ ചെലവ്**

| ക്രമ നമ്പർ | ഇനം | രൂപ/പൈസ |
|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് | 223033.00 |
| 2 | പൊതു മരാമത്ത് | 92645.00 |
| 3 | മറ്റ് വികസന ചെലവ് | 56102.00 |
| 4 | കടം തിരിച്ചടവ് | 2300.00 |

# 19. ധനകാര്യസ്ഥാപനങ്ങൾ

കള്ളിക്കാട് പഞ്ചായത്തിൽ കൊല്ലവർഷം 1093-ൽ ഒരു പരസ്പര സഹായസഹകരണസംഘം രൂപീകരിക്കുന്നതുവരെ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പറയത്തക്ക അംഗീകൃത ധനകാര്യസ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. എന്നാൽ ചില വ്യക്തികൾ വീടുകളിൽ സ്വർണ്ണ പണ്ടത്തിന്മേലുള്ള പണയ ഇടപാടുകളും കൈവായ്പ്പാ സമ്പ്രദായങ്ങളും നടത്തിവന്നിരുന്നു. പരസ്പരസഹായസഹകരണസംഘത്തിൽ കാലക്രമേണ അംഗത്വ വർദ്ധന ഉണ്ടാവുകയും സർവ്വീസ് സഹകരണസംഘമായി വളരുകയും ചെയ്തു.

S.B.T യുടെ കാട്ടാക്കട ബ്രാഞ്ച് സ്ഥാപിതമായശേഷം അതിന്റെ പ്രവർത്തനമേഖലയിൽ കള്ളിക്കാട് പഞ്ചായത്ത് പ്രദേശത്തിനെക്കൂടി ഉൾപ്പെടുത്തുകയും, അതുമൂലം വാണിജ്യങ്ങൾക്കും, ചെറുകിട വ്യവസായങ്ങൾക്കും ഭാഗികമായി നേട്ടം ഉണ്ടാവുകയും ചെയ്തു.

പൂവച്ചൽ S.B.T യുടെ കാർഷിക വിഭാഗം പ്രവർത്തനം ആരംഭിച്ചതോടെ ഈ പഞ്ചായത്തിലെ കർഷകർക്ക് ചില വായ്പകളും സബ്സിഡികളും ഈ ബാങ്കിലൂടെ ലഭ്യമാകാൻ തുടങ്ങി.

1981-ൽ ഫെഡറൽബാങ്കിന്റെ കള്ളിക്കാട് ശാഖ തുറന്നതോടെ പഞ്ചായത്തിനുള്ളിൽ ഒരു ഷെഡ്യൂൾഡ് ബാങ്ക് പ്രവർത്തനം ആരംഭിച്ചു. തുടർന്ന് ഗവൺമെന്റിന്റെ S.F.D.A, I.R.D.P, വ്യവസായവകുപ്പിന്റെ ചെറുകിട വായ്പകൾ മുതലായവ ഈ ബാങ്കിലൂടെ ഭാഗികമായി ലഭ്യമായിത്തുടങ്ങി.

1992-ൽ പൂഴനാട്ട് I.O.B യുടെ ഒരു ശാഖ ആരംഭിക്കുകയും, കള്ളിക്കാട് പഞ്ചായത്തിലെ VI, VIII എന്നീ വാർഡുകൾ ഈ ബാങ്കിന്റെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തുകയും ചെയ്തതുകൊണ്ട് ഒരു ദേശസാൽകൃത ബാങ്കിന്റെ ഭാഗികമായ പ്രവർത്തനം ഈ പഞ്ചായത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞു.

1982-ൽ കള്ളിക്കാട് സർവ്വീസ് സഹകരണസംഘം സഹകരണബാങ്കായി ഉയർത്തപ്പെട്ടതോടെ ബാങ്കിംഗ് പ്രവർത്തനമേഖലയിൽ മൂന്ന് സ്ഥാപനങ്ങൾ ഈ പഞ്ചായത്ത് പ്രദേശത്ത് ലഭ്യമായി. കൂടാതെ തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ കാട്ടാക്കട ശാഖയുടേയും, നെയ്യാറ്റിൻകര താലൂക്ക് സഹകരണബാങ്കിന്റേയും, നെയ്യാറ്റിൻകര കാർഷിക വികസന ബാങ്കിന്റേയും പ്രവർത്തനപരിധിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുകയും അവയിലൂടെയുള്ള വായ്പകളും ആനുകൂല്യങ്ങളും സഹകാരികൾക്ക് ലഭ്യമാക്കുകയും ചെയ്തു.

ഈ പഞ്ചായത്തിനുള്ളിൽ ദേശസാൽകൃത ബാങ്കുകളിലും, ഷെഡ്യൂൾഡ് ബാങ്കുകളിലുമായി നിരവധി N.R.E. അക്കൗണ്ടുകളുള്ളത് നമുക്ക് അഭിമാനിക്കാൻ വകനൽകുന്നു.

വീടുകളിൽ സ്വർണ്ണപ്പണയങ്ങളും, പണമിടപാടുകളും നടത്തുന്ന പഴയ വ്യവസ്ഥ ഇന്നും നിലനിന്നുപോരുന്നുണ്ട്. കൂടാതെ അംഗീകൃത പണമിടപാട് സ്ഥാപനങ്ങളും, ചിട്ടിഫണ്ടുകളും പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ പ്രവർത്തിക്കുന്നു.

### പ്രശ്നങ്ങൾ:

1. ഒരു ദേശസാൽകൃത ബാങ്കിന്റെ പ്രവർത്തനമേഖലയിൽ ഈ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശവും ഉൾപ്പെടുത്താത്തതിന്റെ ബുദ്ധിമുട്ടുകൾ സാധാരണക്കാരനെ കാര്യമായി ബാധിക്കുന്നു.
2. സ്വകാര്യ പണമിടപാടുകാരുടെ അമിതമായ പലിശ ഈടാക്കൽ ചെറുകിട കർഷക കുടുംബങ്ങളുടേയും, ചെറുകിട വ്യവസായികളുടേയും സാമ്പത്തിക ഭദ്രതയെ കാര്യമായി ബാധിക്കുന്നു.
3. ഈ പഞ്ചായത്തിലെ ചില സഹകരണസ്ഥാപനങ്ങളിൽ അംഗത്വം ലഭ്യമാകാതിരിക്കുന്നത് സഹകാ

രി തല്പരരിൽ നിരാശ ഉളവാക്കുന്നു.

4. സർവ്വീസ് സൊസൈറ്റികളുടെ പ്രവർത്തനക്ഷമത ഇല്ലായ്മ അവിടത്തെ സഹകാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് പ്രദേശത്ത് ഒരു ദേശസാൽകൃത ബാങ്ക് ഉണ്ടാകണം.
2. ജില്ലാ സഹകരണബാങ്കിന്റെ ഒരു ശാഖ ഈ പഞ്ചായത്തിൽ ഉണ്ടാകണം.
3. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപകർക്ക് അവരുടെ നിക്ഷേപങ്ങൾക്ക് ഭദ്രത ഉറപ്പാക്കണം.
4. ഷെഡ്യൂൾഡ് ബാങ്കുകളുടെ വായ്പകളും, സർക്കാർ നയങ്ങളും, നിർദ്ദേശങ്ങളും ഉദാരവൽക്കരിക്കണം.
5. കള്ളിക്കാട് റൂറൽ ഹൗസിംഗ് സഹകരണസംഘവും; വ്ലാവെട്ടിയിലേയും, നാരകത്തിൻകുഴിയിലേയും ഗിരിജൻ സർവ്വീസ് സഹകരണസംഘങ്ങളും; നെയ്യാർഡാം ഫിഷറീസ് സഹകരണസംഘവും; കള്ളിക്കാട് വനിതാ സഹകരണസംഘവും വികസിപ്പിക്കാനുള്ള കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

| ഇനം | പേര് | എണ്ണം |
|---|---|---|
| ദേശസാൽ കൃത ബാങ്ക് | I.O.B പുഴനാട് (രണ്ട് വാർഡുകൾ മാത്രം 6, 8) | 1 |
| ഷെഡ്യൂൾ ഡ് ബാങ്ക് | ഫെഡറൽ ബാങ്ക് | 1 |
| സർവ്വീസ് സഹകരണ ബാങ്ക് | കള്ളിക്കാട് S.C.B 6681 | |
| സർവ്വീസ് സൊസൈറ്റികൾ | | 6 |
| സ്വകാര്യ ഫിനാൻസ് | | 1 |

# ൨0. ടൂറിസം

കള്ളിക്കാട് പഞ്ചായത്തിലെ പശ്ചിമഘട്ട പ്രദേശങ്ങൾ ഭൂപ്രകൃതിയിലും, കാലാവസ്ഥയിലും ടൂറിസത്തിന് അനുയോജ്യമായ പ്രദേശങ്ങളാണ്. ചരിത്രപരമായും, വേദാന്തപരമായും പ്രാധാന്യമർഹിക്കുന്ന അഗസ്ത്യപർവ്വതത്തിന്റെ പടിഞ്ഞാറെ താഴ്‌വരയിലാണ് കള്ളിക്കാട് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ശാസ്ത്രജ്ഞന്മാരും, വനം-പരിസ്ഥിതി പഠിതാക്കളും ഇവിടെ എത്തി ഭൂപ്രകൃതിയും, അപൂർവ്വ സസ്യ-ജന്തുജാലങ്ങളുടെ ജൈവവൈവിദ്ധ്യങ്ങളും പഠനവിധേയമാക്കിവരുന്നു. ഭൂമുഖത്തുനിന്നും വംശനാശം വന്നുവെന്ന് കരുതിയിരുന്ന വിവിധതരം ഓർക്കിഡുകളും,ആന്തൂറിയങ്ങളും വളർന്നുവരുവാനുള്ള പ്രത്യേക കാലാവസ്ഥയാണ് നെയ്യാർ വനത്തിലുള്ളത്.

1951-ൽ നെയ്യാർ അണക്കെട്ടിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചതോടെ പശ്ചിമഘട്ട മലയോരങ്ങളെ ബന്ധിച്ച് 27 ചതു: കി.മി. ദൂരം ഒരു ജലാശയം രൂപംകൊണ്ടു. 1983-ൽ നെയ്യാർ വനപ്രദേശങ്ങളെ സാങ്ചറി ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തിയശേഷം വന്യജീവികളുടെ സംരക്ഷണത്തിന് ഗവൺമെന്റ് വിവിധതരം പദ്ധതികൾ ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. നെയ്യാർ ലയൺ സഫാരി പാർക്കും, ചീങ്കണ്ണിവളർത്തൽ കേന്ദ്രവും, മാൻ പാർക്കും ഈ പദ്ധതികളിൽ ഉൾപ്പെടുന്നവയാണ്.

നെയ്യാർഡാമിനോടനുബന്ധിച്ച് മനോഹരമായ ഒരു ഉദ്യാനം ഉണ്ടാക്കിയതോടെ നെയ്യാർ വിനോദസഞ്ചാരികളുടെ ഒരു ഉല്ലാസകേന്ദ്രമായി മാറി. കാലാന്തരത്തിൽ ആവശ്യമായ സംരക്ഷണം ലഭിക്കാതെ വന്നതോടുകൂടി പ്രകൃതിയും, മനുഷ്യരും ചേർന്നൊരുക്കിയ നെയ്യാർ പൂന്തോട്ടത്തിന് ക്ഷയം സംഭവിച്ചിരിക്കുന്നു. പ്രസിദ്ധ ശില്പി മധുരരാജാറാം രൂപകല്പനചെയ്ത പ്രതിമകളും, ജലധാരകളും വിരൂപവും, പ്രവർത്തനരഹിതവുമായി മാറിയിരിക്കുന്നു.

ഇവിടെ എത്തുന്ന വിനോദസഞ്ചാരികൾക്ക് കാനനസൗന്ദര്യം ആസ്വദിച്ച് നെയ്യാർ ജലാശയത്തിലൂടെ ഉല്ലാസയാത്ര നടത്തുന്നതിന് ഒരു ബോട്ട്സർവ്വീസ് ജലസേചനവകുപ്പ് ആരംഭിച്ചിരുന്നു. 1960 കളിലാണ് ഇവിടെ ബോട്ട് സർവ്വീസ് ആരംഭിച്ചത്. 1983-ൽ നെയ്യാർ ജലാശയം സാങ്ചറിയുടെ ഭാഗമായി പ്രഖ്യാപിക്കുന്നതുവരെ സംസ്ഥാനത്തെ അറിയപ്പെടുന്ന ജല ഉല്ലാസ സങ്കേതമായിരുന്നു നെയ്യാർ. ഇന്ന് നെയ്യാർഡാമിന് ആ പദവി നഷ്ടപ്പെട്ടിരിക്കുകയാണ്.

## D.T.P.C

ശ്രീ. തമ്പാനൂർ രവി MLA യുടെ ശ്രമഫലമായി 1993 ജൂൺ 5-ന് തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഒരു യൂണിറ്റ് നെയ്യാർഡാമിൽ സ്ഥാപിച്ചു. നെയ്യാർ ഉദ്യാനങ്ങളുടെ വികസനം, ബോട്ട്സർവ്വീസ്, ചിൽഡ്രൻസ് പാർക്ക്, റോപ്പ് വേ, ആധുനികരീതിയിലുള്ള റസ്റ്റോറന്റുകൾ തുടങ്ങിയ വിവിധ പദ്ധതികളോടെയാണ് ഈ യൂണിറ്റ് രൂപീകരിച്ചത്. എന്നാൽ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സ്ഥലം കൈമാറാൻ വിസമ്മതിച്ചതുകൊണ്ടാണ് ബോട്ട്സർവ്വീസ് ഒഴികെയുള്ള എല്ലാ പദ്ധതികളും D.T.P.C യ്ക്ക് ഉപേക്ഷിക്കേണ്ടിവന്നത്. ഇപ്പോൾ 8 ജീവനക്കാരാണ് ഇവിടെ പ്രവർത്തിക്കുന്നത്. 15പേർക്ക് യാത്രചെയ്യാവുന്ന 2 ബോട്ടുകളും 6 പേർക്ക് യാത്രചെയ്യാവുന്ന 1 ബോട്ടും 4 പേർക്ക് യാത്രചെയ്യാവുന്ന ഒരു സ്പീഡ്ബോട്ടുമാണ് ഇവിടെയുള്ളത്.

## K.T.D.C

ഏകദേശം 15 ജീവനക്കാർ ഇവിടെ ജോലിചെയ്യുന്നു. ലോഡ്ജിംഗ്, റസ്റ്റോറന്റ്, ബിയർ പാർലർ എന്നിവയാണ് ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നത്.

## നെയ്യാർ സാങ്ചറി

വനംവകുപ്പിന്റെ കീഴിൽ ഒരു ലയൺ സഫാരി പാർക്ക് ഇവിടെ പ്രവർത്തിക്കുന്നു. 1983-ൽ ശിലാസ്ഥാപനവും, 85-ൽ ഇതിന്റെ പ്രവർത്തനവും ആരംഭിച്ചു. ഇപ്പോൾ 4 സിംഹങ്ങളും, 2 സിംഹക്കുട്ടികളും ഇവിടെയുണ്ട്. സഫാരിപാർക്കിലേക്ക് വിനോദസഞ്ചാരികളെ എത്തിക്കുന്നതിന് ഇവിടെ ഉണ്ടായിരുന്ന 'രാജേശ്വരി', 'വരപ്രദ' എന്നീ ബോട്ടുകൾ എവിടെയാണെന്ന് അറിയില്ല. മിനിബസ്സിലാണ് ഇപ്പോൾ ടൂറിസ്റ്റുകളെ സഫാരിപാർക്കിലേക്ക് കൊണ്ടുപോകുന്നത്.

1976-ൽ ഒരു ചീങ്കണ്ണിവളർത്തുകേന്ദ്രം ഇവിടെ ആരംഭിച്ചു. 1983-ൽ 52 ചീങ്കണ്ണികളെ നെയ്യാർ റിസർവോയറിലേക്ക് തുറന്നുവിട്ടു. ഇപ്പോൾ ഏകദേശം 250 ചീങ്കണ്ണികൾ 30 ചെറുകുളങ്ങളിലായി ഇവിടെയുണ്ട്. വിനോദസ

ഞ്ചാരികൾക്ക് സൗജന്യമായി കാണാനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ 2 പെരുമ്പാമ്പുകളേയും ഇവിടെ വളർത്തുന്നു.

1982–ൽ മീൻമുട്ടി കേന്ദ്രമാക്കി ഒരു പന്നിമാൻ വളർത്തുകേന്ദ്രം ആരംഭിച്ചു. എന്നാൽ ഇതിപ്പോൾ നിലവിലില്ല. വ്ലാവെട്ടി കേന്ദ്രമാക്കി ആരംഭിച്ച ആനവളർത്തുകേന്ദ്രവും ഇപ്പോൾ നിലവിലില്ല.

1995–ൽ വ്ലാവെട്ടിക്കു സമീപം ഒരു മാൻവളർത്തു കേന്ദ്രം ആരംഭിച്ചു. ഇപ്പോൾ ആണും പെണ്ണുമായി 5 മാനുകൾ ഇവിടെയുണ്ട്. വനംവകുപ്പിന്റെ കീഴിൽത്തന്നെ ബോട്ട് സർവ്വീസും നടത്തുന്നുണ്ട്.

## നെയ്യാർ ഇറിഗേഷൻ പ്രോജക്ട്

നെയ്യാർ ഇറിഗേഷൻ പ്രോജക്ട് വക പൂന്തോട്ടത്തിൽ 31 പ്രതിമകളും, ഒരു ചിൽഡ്രൻസ് പാർക്കും, ഒരു ഗോപുരവും വിനോദസഞ്ചാരികൾക്കുവേണ്ടി ഇവിടെ നിർമ്മിച്ചിട്ടുണ്ട്. ഒരു റിസോട്ടും, അനക്സും, V.I.P കൾക്കായി ഒരു പ്രോജക്ട് ഹൗസും, സമ്മേളനങ്ങൾ നടത്തുന്നതിനുവേണ്ടി ഒരു പിക്നിക് ഹാളും ഇവിടെയുണ്ട്.

നെയ്യാർ ഡാമിനു സമീപത്തുള്ള ശിവാനന്ദാശ്രമത്തിലും ധാരാളം വിനോദസഞ്ചാരികൾ എത്താറുണ്ട്. യോഗ അഭ്യസിക്കുന്നതിനുവേണ്ടി വർഷത്തിൽ 500–ൽപ്പരം വിദേശികൾ ഇവിടെ എത്തുന്നു.

### പ്രശ്നങ്ങൾ:

1. നെയ്യാർഡാമിലെ പൂന്തോട്ടങ്ങളിൽ ചെടികളും, ജലധാരായന്ത്രങ്ങളും വേണ്ടത്ര സംരക്ഷണം ലഭിക്കാതെ നശിക്കുന്നു.
2. വളരെ മനോഹരമായിരുന്ന ചിൽഡ്രൻസ് പാർക്ക് നാമാവശേഷമായിരിക്കുന്നു. ഇതിനകത്തുണ്ടായിരുന്ന കളിവീട്, അരയന്ന ഊഞ്ഞാൽ തുടങ്ങിയവ ഉപയോഗശൂന്യമായി.
3. പൂന്തോട്ടങ്ങളിൽ വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ മിക്കവയും നശിച്ചുപോയിരിക്കുന്നു.
4. പൂന്തോട്ടം സംരക്ഷിക്കുന്നതിന് ആവശ്യത്തിനുള്ള ജീവനക്കാർ ഇല്ല.
5. പൂന്തോട്ടങ്ങളിൽ ആവശ്യാനുസരണമുള്ള വയറിംഗുകൾ നടത്താത്തതുകാരണം രാത്രികാലങ്ങളിൽ വെളിച്ചമില്ല.
6. സംരക്ഷണം ലഭിക്കാതെ പ്രതിമകൾക്ക് കേടുപാടുകൾ സംഭവിച്ചിരിക്കുന്നു.
7. നെയ്യാർഡാം സൈറ്റിലുള്ള ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നില്ല.
8. നെയ്യാർഡാം ടൂറിസ്റ്റ് കേന്ദ്രം ടൂറിസംമാപ്പിൽ ഉണ്ടെങ്കിലും കന്യാകുമാരി, കോവളം തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ഗതാഗത സൗകര്യങ്ങൾ ഇല്ല.
9. ഏഷ്യയിലെ രണ്ടാമത്തെ ലയൺ സഫാരിപാർക്ക് സ്ഥിതിചെയ്യുന്ന നെയ്യാർഡാമിന് ടൂറിസംവാരാഘോഷങ്ങളിലും അനുബന്ധ പരിപാടികളിലും സർക്കാർ വേണ്ടത്ര പരിഗണന നൽകുന്നില്ല.
10. നെയ്യാർഡാം പൂന്തോട്ട പരിപാലനത്തിനായി വർഷാവർഷം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് തുക വകമാറ്റിവയ്ക്കുന്നില്ല.
11. N.M.R. ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്.

### നിർദ്ദേശങ്ങൾ

1. വെള്ളപ്പൊക്കം മുതലായ നാശനഷ്ടങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശക്തികൂടിയ ഒരു ജനറേറ്റർ വളരെ അത്യാവശ്യമാണ്.
2. ജീവനക്കാരുടെ കോട്ടേഴ്സുകൾ പുതുക്കിപണിയണം.
3. നെയ്യാർഡാം പൂന്തോട്ടം ആധുനികരീതിയിൽ പുനഃസംവിധാനം ചെയ്യണം.
4. പൂന്തോട്ടസംരക്ഷണത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കണം.
5. പൊതുജനസഞ്ചാരത്തിന് ഗാർഡന് പുറത്തുകൂടെ റോഡും, പാലവും നിർമ്മിക്കണം.
6. ചിൽഡ്രൻസ് പാർക്ക് നവീകരിക്കണം.
7. നെയ്യാർഡാമിനെ കന്യാകുമാരി, കോവളം, പൊന്മുടി, വർക്കല തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ബസ്സ് സർവ്വീസ് ആരംഭിക്കണം.
8. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആവശ്യമായ പ്രചരണം സർക്കാർതലത്തിൽ നെയ്യാർഡാമിന് അർഹമായരീതിയിൽ നൽകണം.
9. ടൂറിസം വാരാഘോഷ പരിപാടിയിൽ നെയ്യാർഡാമിന് അർഹമായ പ്രാതിനിധ്യം നൽകണം.
10. വിനോദസഞ്ചാരികൾക്ക് താമസിക്കുന്നതിന് ആധുനികരീതിയിലുള്ള സംവിധാനം ഏർപ്പെടുത്തണം.
11. നെയ്യാർ നദിയിലെ കൊമ്പൈക്കാണി, മീൻമുട്ടി എന്നീ മനോഹര വെള്ളച്ചാട്ടങ്ങൾ നെയ്യാർഡാം വിനോദസഞ്ചാരകേന്ദ്രവുമായി ബന്ധിപ്പിക്കണം.
12. നെയ്യാർ അണക്കെട്ടിന്റെ ഉദ്ഘാടനവേളയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിക്കുന്നതനുസരിച്ച് കള്ളിക്കാട് ഗ്രാമത്തിലെ ഏറ്റവും ഉയർന്ന കാളി

പാറയിൽ പൗലിയൻ സ്ഥാപിക്കണം.

13. നെയ്യാർ റിസർവോയറിൽ പെഡൽ-സ്റ്റിയറിംഗ് ബോട്ടുകൾ, വാട്ടർസ്കൂട്ടർ തുടങ്ങിയവ അനുവദിക്കണം.

14. നെയ്യാർഡാമിന്റെ പ്രവേശനകവാടം ആകർഷകമാക്കാൻ നവീനരീതിയിലുള്ള ഒരു ഷോപ്പിംഗ് സെന്റർ തുടങ്ങണം.

15. നെയ്യാർഡാമിലെ നിലവിലുള്ള നീന്തൽകുളം 50 മീറ്റർ നീളത്തിൽ വിപുലീകരിച്ച് ഡൈവിംഗ് ബോർഡുകൾ സ്ഥാപിച്ച് സംസ്ഥാനതലത്തിലുള്ള നീന്തൽ ഡൈവിംഗ് പരിശീലനങ്ങളും, മത്സരങ്ങളും ഇവിടെവച്ചു നടത്തണം.

16. നെയ്യാർഡാം പൂന്തോട്ടത്തിന്റെ ചുമതല പൂർണ്ണമായും കള്ളിക്കാട് ഗ്രാമപഞ്ചായത്തിന് കൈമാറണം.

17. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്പോൺസർമാരെ കണ്ടെത്തി ഗാർഡനിൽ പെർമനന്റ് ഇല്യൂമിനേഷൻ സ്ഥാപിക്കണം.

## സാദ്ധ്യതകൾ

നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ ഇവിടത്തെ വിനോദസഞ്ചാരകേന്ദ്രം വികസിപ്പിക്കുന്നതിന് ചില പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും.

1. നെയ്യാർ പരിസരത്തുള്ള തരിശുസ്ഥലങ്ങൾ ഉപയോഗപ്പെടുത്തി ഓർക്കിഡ്, ആന്തൂറിയം മുതലായ പുഷ്പകൃഷികൾ നടത്തുവാൻ കഴിയും. ഇങ്ങനെ ചെയ്താൽ 50-ൽപ്പരം യുവതീയുവാക്കൾക്ക് തൊഴിലും, ധനാഗമവും; ടൂറിസ്റ്റുകൾക്ക് കൗതുകവുമാകും.

2. നെയ്യാർ K.T.D.C കുന്നിനെ കാളിപാറയുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു റോപ്പ് വേ സ്ഥാപിച്ചാൽ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ കഴിയും.

3. ഇപ്പോൾ നിലവിലുള്ള ഫിഷ് സീഡ് ഫാമിനോട് അനുബന്ധിച്ച് ഒരു അക്വേറിയം സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം ഉണ്ട്. നെയ്യാർ ഇടതുകര കനാലിനോട് ചേർന്നുകിടക്കുന്ന കാണിപ്പറ്റ് ഭൂമി ഇതിനായി ഉപയോഗിക്കാവുന്നതാണ്.

4. ഇവിടുത്തെ ഭൂപ്രകൃതിക്ക് അനുസൃതമായി നല്ലൊരു പാമ്പ്വളർത്തുകേന്ദ്രം തുടങ്ങുന്നതിന് K.T.D.C ക്ക് സമീപമുള്ള സ്ഥലം അനുയോജ്യമാണ്.

5. വിവിധയിനം ദേശാടന പക്ഷികൾ എത്തിച്ചേരുന്ന നെയ്യാർ ഡാമിൽ ഒരു പക്ഷിവളർത്തുകേന്ദ്രം ആരംഭിക്കുവാനുള്ള അനുകൂലസാഹചര്യം ഉണ്ട്.

This report is published by A.K. Sasi, President, Kallikkadu Grama Panchayat.
Edited by: S. Shaji, Kallikkadu.

അധികാരം ജനങ്ങളിലേക്ക്

Typeset at Thushara Computers, Tvm, Phone 474143 Printed at Rose Press, Kallikkadu.